
# ക്നാനായ ദീപം

SINCE 1989


KNANAYADEEPAM Vol: 28 / Issue: 11 September 2018 ₹ :10/-



# KNANAYA ASSOCIATION
# COMMITTE MEMBERS 2018 - 2021



**റവ. ഡോ. എ. റ്റി. എബ്രഹാം**
അസ്സോസിയേഷൻ
പ്രസിഡന്റ്



**റവ. ഫാ. ഷാനായി കെ. ഫിലിപ്പ്**
വൈദിക ട്രസ്റ്റി



**കമാൻഡർ സ്കറിയാ തോമസ്**
(Ex. M. P.)
ട്രസ്റ്റി



**റ്റി. ഒ. എബ്രഹാം തോട്ടത്തിൽ**
**(തങ്കച്ചൻ)**
സെക്രട്ടറി



**പ്രൊഫ. പി. കെ. സ്കറിയ**
**കുന്നത്തിൽ**
മാനേജിംഗ് കമ്മറ്റിയംഗം




**ജയിക്കബ് തോമസ്**
**മുത്തിക്കാട്ട്**
മാനേജിംഗ് കമ്മറ്റിയംഗം




**ജോസ്**
**പള്ളിക്കുന്നേൽ**
മാനേജിംഗ് കമ്മറ്റിയംഗം



**ആലിച്ചൻ**
**ആറൊന്നിൽ**
മാനേജിംഗ് കമ്മറ്റിയംഗം



**ഉതുപ്പാൻ ജോസഫ്**
**(രാജു വള്ളപ്പുരയ്ക്കൽ)**
മാനേജിംഗ് കമ്മറ്റിയംഗം



**എബ്രഹാം പുന്നൂസ്**
**ചേന്ദിയിൽ (തമ്പി)**
മാനേജിംഗ് കമ്മറ്റിയംഗം



**സാബു**
**കണ്ണോട്ടിപ്പുഴയിൽ**
മാനേജിംഗ് കമ്മറ്റിയംഗം



**ഫിലിപ്പ് കെ. ജോസഫ്**
**(വില്ലി) വാടാമറ്റം**
മാനേജിംഗ് കമ്മറ്റിയംഗം



**റ്റി. സി. തോമസ്**
**തോപ്പിൽ**
മാനേജിംഗ് കമ്മറ്റിയംഗം

SINCE 1989

# ക്നാനായ ദീപം

2018 സെപ്റ്റംബർ പുസ്തകം 29 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. John Mathew Moolamkulam**

**Members**
Abraham Kallissery
Abraham K. Mathew Kdaithara
K. T. Abraham Kariyil
Jose A.T. Amakkattu
Jinto K. Abraham Minerva

**Press Manager**
**Rev. Fr. Jiby Joseph**

**Press Managing Committee**
Arun T. C., Thakidiyil
Juby K. Jacob Kollamparambil
Thomaskutty A. Kurian Aphisil
Manish Joy Ozhukuthara
Jacob Kuruvilla Anakkattu
Mathew Kuruvilla Puthiyaparambil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thodathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

**Visit www.knanayadeepam.com**

## ഉള്ളടക്കം

എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

ബൈബിൾ : ഒരു ആമുഖ പഠനം 06
ഫാ. ജിനു കുരുവിള

മലങ്കരസഭ 07
പ്രൊഫ. പി. കെ. സ്കറിയ

നഷ്ടങ്ങളും അവയുടെ തിരിച്ചുവരവും 10
മീനു വി. രാജു്

പുണ്യശ്ലോകനായ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ അഭിവന്ദ്യ മോർ ക്ലീമ്മീസ് 15
റ്റി. ഒ. ചാക്കോ

സ്വാതന്ത്ര്യ സമരത്തിലെ സ്ത്രീ സാന്നിദ്ധ്യം 18
ടോണി മാത്യു

പ്രളയം (കവിത) 20
എ. മർക്കോസ്

കാല്പാടുകൾ 21
എബി

വചനാമൃതം 22
ഫാ. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ

വരൂ ഒരു പുതിയ സൃഷ്ടിയാകാം 24
റ്റി. കെ. തോമസ്

കർത്താവിന്റെ മലർവാടി 26

കുടുംബചിന്തകൾ 31
ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ

ദൈവ വിശ്വാസത്തിൽ വളരുക 33
ജൂഡി ബെൻസി

അമ്മ എന്റെ അമ്മ (ചെറുകഥ) 35
എബ്രഹാം കല്ലിശ്ശേരി

വിശ്വാസം 37
ലീലാമ്മ ചെറിയാൻ

ബാലദീപം 38

മാട്രിമോണിയൽ 39

ക്നാനായദീപം വരിസംഖ്യ കുടിശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

ക്നാനായദീപം മൊബൈൽ ആപ്ലിക്കേഷൻ **Android / IOS** ഉടൻ **Launch** ചെയ്യുന്നു

# editorial

എഡിറ്റോറിയൽ

## പ്രകൃതി: സ്നേഹത്തിന്റെ ഭൗതികഭാവം അതു വികൃതമാക്കരുത്

ഭൂകമ്പവും പ്രകൃതിക്ഷോഭവും പേമാരിയും വെള്ളപ്പൊക്കവും ജലക്ഷാമവും വരൾച്ചയും ഇന്ത്യയിൽ പതിവായി തീർന്നിരിക്കുന്നു. നിരവധി ആളുകൾ മരിക്കുന്നു. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ സംഭവിക്കുന്നു. ലാത്തൂരിൽ ഭൂകമ്പമുണ്ടായി ആയിരങ്ങൾ മരിച്ചപ്പോൾ ദൈവം എവിടെയായിരുന്നുവെന്ന് യുക്തിവാദികൾ ചോദിച്ചു. കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ ദൈവം എന്തുകൊണ്ടു തടഞ്ഞില്ല? അതും അവരുടെ തന്നെ ചോദ്യം. ഇങ്ങനെ ഭൂകമ്പമുണ്ടാകുമ്പോഴും വെള്ളം പൊങ്ങുമ്പോഴും യുക്തിവാദികൾ ദൈവത്തെ അന്വേഷിക്കുന്നതു തന്നെ ഒരാശ്വാസമാണ്. (ഇപ്പോൾ യുക്തിവാദിപ്രസ്ഥാനത്തിലും 'ഭൂകമ്പവും പ്രകൃതിക്ഷോഭവും' രൂക്ഷമായി വരികയാണ്. ഇതുകണ്ട് ദൈവം എന്തുകൊണ്ട് കൈയ്യും കെട്ടി ഇരിക്കുന്നു? എന്നും യുക്തിവാദികൾ ചോദിച്ചെന്നുവരാം). 'പുര കത്തുമ്പോൾ തീ കെടുത്തുവാൻ പരിശ്രമിക്കുന്നവരോട് ചേർന്നു സഹകരിക്കേണ്ടതിനുപകരം തന്ത്രപൂർവ്വം വിട്ടുനിന്ന് പുരയിടത്തിലെ വാഴവെട്ടി ചന്തയിലെത്തിക്കുവാൻ തക്കം നോക്കുന്നവർ' എവിടേയുമുണ്ട്. പ്രകൃതിക്ഷോഭങ്ങൾ മൂലം ആളുകൾ ദുരിതമനുഭവിക്കുമ്പോൾ ഒരു കൈ സഹായിക്കുവാൻ മനസ്സുവെക്കാതെ, ആ ദുരന്തഭൂമിയെ 'ഈശ്വരനിഷേധത്തിനുള്ള ഒരു വേദിയാക്കി ദുരുപയോഗിക്കുന്നതിലെ യുക്തി മനസ്സിലാകുന്നില്ല. ദുരന്തഭൂമിയിൽ ഈശ്വരനിഷേധപ്രസംഗമല്ല ആവശ്യം, ദുരിതമനുഭവിക്കുന്നവർക്ക് ഉടനെ സഹായം എത്തിച്ച് അവരെ ആശ്വസിപ്പിക്കുക എന്നതാണ്. ഇത്തരം അവസരങ്ങളിൽ ഈശ്വരവിശ്വാസികൾ മതവും ജാതിയും വിശ്വാസവും നോക്കാതെ, ത്യാഗപൂർവ്വം ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകാണുന്നത് അഭിമാനാർഹം തന്നെ.

ഭൂകമ്പം ഉണ്ടായപ്പോൾ ദൈവം എവിടെയായിരുന്നു? എന്തുകൊണ്ട് ദൈവം വെള്ളപ്പൊക്കം തടഞ്ഞില്ല? എന്നീ ചോദ്യങ്ങൾ യാഥാർത്ഥ്യബോധത്തിൽ നിന്നോ യുക്തിവിചാരത്തിൽ നിന്നോ ഉള്ളതല്ല. ഈ ചോദ്യങ്ങൾ കടപ്പാടുകൾ നിറവേറ്റുന്നതിൽനിന്നും ഒഴിഞ്ഞുമാറുന്നതിനുമാത്രമേ സഹായിക്കൂ. പ്രശ്നം എന്താണെന്നും അതെന്തുകൊണ്ടുണ്ടായിയെന്നും ആത്മാർത്ഥമായി അറിയുവാൻ താൽപര്യമുള്ളവർ ചോദിക്കുക; എന്തുകൊണ്ട് ഭൂകമ്പമുണ്ടാകുന്നു? എന്തുകൊണ്ട് പ്രകൃതിക്ഷോഭമുണ്ടാകുന്നു? ഈ ചോദ്യങ്ങൾക്കുമാത്രമേ പ്രശ്നത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താനാവൂ.

പ്രപഞ്ചത്തേയും അതിലെ സകല ചരാചരങ്ങളേയും മനുഷ്യനേയും സൃഷ്ടിച്ചതിന്റെ പുറകിൽ വ്യാപരിച്ച ദൈവീകബുദ്ധിയും ആസൂത്രണശക്തിയും അവർണ്ണനീയമാണ്. സ്രഷ്ടാവായ ദൈവത്തിന്റെ പ്രവൃത്തികൾ നിസ്തുല്യവും അതുല്യവുമാണ്. ദൈവീകസൃഷ്ടിപ്പിൽ 'യാദൃച്ഛികത' തെല്ലും ഇല്ല. "അതങ്ങനെ എല്ലാം സംഭവിച്ചു" വെന്ന് ലാഘവബുദ്ധിയോടെ, നിസ്സാരമായി പറഞ്ഞൊഴിയാനാവില്ല. വ്യക്തമായ ലക്ഷ്യവും ആസൂത്രണവും ഓരോ സൃഷ്ടിയുടേയും പുറകിലുണ്ട്. സൃഷ്ടിയുടെ ഓരോ ചലനവും മുന്നോട്ടുള്ള കുതിപ്പും ശ്രദ്ധിച്ചാൽ സൃഷ്ടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആസൂത്രണവിശേഷം ആർക്കും ബോദ്ധ്യമാകും. സ്രഷ്ടാവിന്റെ 'മാർഗ്ഗരേഖ'യും 'നിയമ'വും അനുസരിച്ച് ഓരോ 'സൃഷ്ടി'യും മുന്നോട്ടു കുതിക്കുകയാണ്. പ്രകൃതിക്ക് ഒരു നിയമമുണ്ട്. അതനുസരിച്ച് മനുഷ്യൻ പ്രകൃതിയോട് സഹകരിക്കേണ്ടതാണ്. പ്രകൃതി സ്നേഹത്തിന്റെ ഭൗതികഭാവമാണ്. പ്രകൃതിയെ സ്നേഹിച്ചാൽ പ്രകൃതി മനുഷ്യനെ സംരക്ഷിക്കും. മനുഷ്യൻ പ്രകൃതിനിയമം തെറ്റിക്കുമ്പോൾ അതിന്റേതായ പ്രത്യാഘാതം, തിരിച്ചടി ഉണ്ടാകും. പ്രകൃതി പകരം വീട്ടും. അത് ദുരന്തങ്ങളായി രൂപം കൊള്ളും, അതഭിമുഖീകരിക്കുവാൻ, അനുഭവിക്കുവാൻ അതിനു വഴിവെച്ച മനുഷ്യൻ നിർബന്ധിതനാകുന്നു. പ്രകൃതിക്ഷോഭത്തിനെതിരെ പ്രതിഷേധിക്കുവാൻ ഈ മനുഷ്യന് അർഹതയില്ല.

'പുരോഗതിയുടേയും, വികസനത്തിന്റേയും' പേരുപറഞ്ഞ് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുകയും ദ്രോഹിക്കുകയും നശിപ്പിക്കുകയു ചെയ്യുന്നു. പരിസ്ഥിതി പ്രശ്നങ്ങൾക്കും പ്രകൃതിക്ഷോഭങ്ങൾക്കും കലാവസ്ഥയിൽ സംഭവിച്ച മാറ്റങ്ങൾക്കും വഴിവെക്കുന്നത് ഇതാണ്. ഇവിടെ പച്ചപ്പുകൾ ഇല്ലാതാകുന്നു. തണലുകൾ ഇല്ലാതാകുന്നു. ഭൂമി മരുഭൂമിയാകുന്നു. മഴമേഘങ്ങൾ വഴിമാറിപ്പോകുന്നു വേനൽ ദീർഘിക്കുന്നു. മണ്ണിന്റെ ഉല്പാദനശേഷിയും ഗുണമേന്മയും ഇല്ലാതാകുന്നു. ജൈവസ്വഭാവം നശിക്കുന്നു. ഉപരിതല മണ്ണിന്റെ കരുത്തു നശിക്കുന്നു. ജലമലിനീകരണവും വായു മലിനീകരണവും വർദ്ധിക്കുന്നു. മനുഷ്യൻ ഭൂമിയിൽ വരുത്തിയ മുറിപ്പാടുകൾ. പ്രകൃതിയോട് ഇണങ്ങിയില്ലെങ്കിൽ പ്രകൃതി പിണങ്ങും. പ്രകൃതിയെ മനുഷ്യൻ സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടി വികൃതമാക്കിക്കൊണ്ടിരിക്കുന്നു. പ്രകൃതിക്ഷോഭങ്ങൾക്ക് ഉത്തരവാദി മനുഷ്യൻ തന്നെയാണ്. ഇവിടെ ദൈവത്തെ നിഷേധിച്ചിട്ടോ പഴിപറഞ്ഞിട്ടോ പ്രയോജനമില്ല. പ്രകൃതിയോട് മനുഷ്യൻ കാണിക്കുന്ന ക്രൂരതയും അതിനുള്ള പ്രകൃതിയുടെ പകരം വീട്ടലും ഇന്ന് ആഗോളവ്യാപകമായ പ്രശ്നമായി മാറിയിരിക്കുകയാണ്. To every action there is an equal and opposite reaction എന്നത് പ്രകൃതിനിയമമാണ്. പ്രകൃതിക്ക് പ്രതികരിക്കുവാൻ കഴിയും. പ്രകൃതിയെ ദ്രോഹിച്ചാൽ അത് പകരം വീട്ടും. ചിലപ്പോഴെല്ലാം പ്രകൃതി കനിവു കാണിക്കുന്നുവെന്നതു സത്യമാണ്. പ്രകൃതിക്ക് ക്ഷമിക്കുവാൻ അറിഞ്ഞുകൂടാ. പ്രകൃതി നിയമങ്ങളോടും പ്രകൃതിയിൽ പ്രകടമാകുന്ന പ്രതിഭാസങ്ങളോടും പൊരുത്തപ്പെടുവാൻ മനുഷ്യന് കഴിയണം. മനുഷ്യൻ ഈ പ്രകൃതിയെ പരീക്ഷണവിധേയമാക്കുന്നു. പ്രകൃതി രഹസ്യങ്ങൾ അറിയുവാൻ ഒരു പരിധിവരെ അതാവശ്യമാകാം. പക്ഷേ ആ പേരിൽ പ്രകൃതിയെ ചൂഷണം ചെയ്യരുത്. പ്രകൃതി അതു പൊറുക്കുകയില്ല. മണ്ണും പ്രകൃതിയും മനുഷ്യന് ആവശ്യമാണ് ഇവ കൂടാതെ മനുഷ്യനു നിലനില്പില്ല. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് മണ്ണിനോടും പ്രകൃതി

(ശേഷം പേജ് 9)


# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം

പുരുഷന്മാരുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ വി. ഏവൻഗേലിയോൻ വായനയ്ക്കുശേഷമുള്ള ഒരു ലുത്തിനിയ പ്രാർത്ഥന ഇപ്രകാരമാണ്.

“മരിക്കുന്ന ഏവന്റെയും മരണഗതി കാലിൽ തുടങ്ങി തലവരെ എത്തുന്നതിനിടയ്ക്ക് അവന്റെ മനസ്സു അനുതാപത്തിലേക്ക് ധൃതിപ്പെട്ടുകൊണ്ടിരിക്കണം എന്ന് ജ്ഞാനസമ്പൂർണ്ണമായ മനുഷ്യവതാരകാലത്ത് കല്പിച്ചു ക്രമീകരിച്ചവനായ മശിഹാ തമ്പുരാനേ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.”

നമ്മുടെ കർത്താവിന്റെ മൂന്നര വർഷത്തെ പരസ്യശുശ്രൂഷയുടെ കാലയളവിൽ ശ്ലീഹന്മാരിലൂടെ സഭയെ പഠിപ്പിച്ചത് മരണം കാലിൽ ആരംഭിച്ച് തലച്ചോറിനെ ബാധിക്കുന്ന ഹ്രസ്വമായ സമയത്തിനുള്ളിൽ നാം അനുതാപത്തിലേക്ക് ധൃതിപ്പെട്ടുകൊണ്ടിരിക്കണം എന്നത്രേ. അഥവാ ഒരു അനുതാപി ആയിട്ടേ ഏതൊരു വിശ്വാസിയും മരിക്കാവൂ! കർത്താവിന്റെ ഈ നിർദ്ദേശം വിശുദ്ധ ഗ്രന്ഥത്തിലെ നാലു സുവിശേഷങ്ങളിലും പരതിയാലും കാണാൻ സാധിക്കില്ല. സുവിശേഷങ്ങളിലില്ലാത്ത കർത്താവിന്റെ ഉപദേശങ്ങൾ മറ്റു ചില വേദഭാഗങ്ങളിലും, ആരാധാനക്രമങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും കാണാൻ സാധിക്കും. ഉദാഹരണത്തിന് സുവിശേഷകനായ ലൂക്കോസ് തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത നമ്മുടെ കർത്താവിന്റെ ഉപദേശം തന്റ ചരിത്ര ഗ്രന്ഥമായ അപ്പസ്തോല പ്രവൃത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്, വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്ന് കർത്താവായ യേശു പറഞ്ഞ വാക്കു ഓർത്തുകൊൾക (അ.പ്ര. 20) പാരമ്പര്യം ആധികാരികമല്ല. വി. ഗ്രന്ഥം മാത്രമേ വിശ്വാസത്തിന് ആധാരമാകാവൂ എന്നു ശഠിക്കുന്നതും തെറ്റ്. കാരണം ലോകോൽ പത്തി മുതൽ മോശവരെയുള്ള 1500 വർഷക്കാലത്തെ ദൈവജനത്തിന്റെ ചരിത്രം മോശയുടെ ഒന്നാം പുസ്തകമായ ഉല്പത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് യാഹ്വിസ്റ്റ് (j) പാരമ്പര്യം, ഏലോഹിസ്റ്റ് (e) പാരമ്പര്യം, ആവർത്തനം (d) പാരമ്പര്യം, പുരോഹിത (p) പാരമ്പര്യം എന്നീ നാലു പാരമ്പര്യങ്ങളിലൂടെയാണെന്നു വേദശാസ്ത്രം അല്പമെങ്കിലും അറിയാവുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാകും.

അനുതാപമാണ് നമ്മുടെ ചിന്താവിഷയം. മുകൾ വിവരിച്ച ലുത്തിനിയാ പ്രാർത്ഥനയിലെ വിഷയവും അനുതാപമത്രേ. കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭം മുതൽ തന്റെ പ്രസംഗ വിഷയം അനുതാപ (Repentance) മാണ്. ശ്ലീഹന്മാരെ കർത്താവു ഭരമേല്പിച്ച പ്രസംഗ വിഷയവും അനുതാപം തന്നെ. പഴയ നിയമത്തിൽ പ്രവാചകന്മാരും പുതിയ നിയമത്തിൽ നമ്മുടെ കർത്താവും ശ്ലീഹന്മാരും സ്വർഗ്ഗ പ്രാപ്തിക്കായി അനുതാപം ആവശ്യമെന്നു പഠിപ്പിക്കുന്നു. കഷ്ടാനുഭവ രാത്രിയിൽ ശത്രുക്കളുടെ നടുവിൽ കെട്ടപ്പെട്ടവനായിനിന്ന കർത്താവിനെ തള്ളിപ്പറഞ്ഞ പത്രോസിനെ, കർത്താവിന്റെ ഒരു നോട്ടം അനുതാപത്തിലേക്കു തിരിച്ചു. അവൻ പുറത്തു പോയി അതി ദുഃഖത്തോടെ കരഞ്ഞു. നീതികരിക്കപ്പെട്ടവനായി ഗോഗുൽത്തായുടെ ഉയരങ്ങളിൽ കർത്താവിനോടുകൂടെ കുരിശിക്കപ്പെട്ട വലതു ഭാഗത്തെ കള്ളൻ, അനുതപിച്ച് കർത്താവിന്റെ രണ്ടാം വരവിനെ ഏറ്റുപറഞ്ഞ് അന്നുതന്നെ അവൻ പറുദീസാ സ്വന്തമാക്കി. അപ്പന്റെ കല്പന ആദ്യം നിരസിക്കുകയും എന്നാൽ തെറ്റു മനസ്സിലാക്കി അനുതപിച്ച് അപ്പന്റെ ആഗ്രഹം നിറവേറ്റുകയും ചെയ്ത മൂത്ത പുത്രനെ പരാമർശിച്ചു കർത്താവ് പ്രസ്താവിക്കുന്നത് അനുതപിക്കുന്ന വ്യക്തിയാണെന്നാണ്. എല്ലാവരേക്കാളും മുമ്പേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് (മത്ത.21:28-32).



കോപ്റ്റിക്ക് ഓർത്തഡോക്സ് സഭയുടെ പരമദ്ധ്യക്ഷനായിരുന്ന പോപ്ഷിനൗഡാ III എഴുതിയ The life of Repentance and purity എന്ന പുസ്തകത്തിൽ അനുതാപത്തെക്കുറിച്ചു വിശദമായി പ്രതിപാദിച്ചിരിക്കുന്നു. പാപം ദൈവത്തിൽനിന്നുള്ള അകൽച്ചയാണെങ്കിൽ അനുതാപം ദൈവത്തിങ്കലേക്കുള്ള തിരിച്ചു വരവാണ്. മനുഷ്യന്റെ യഥാർത്ഥ അന്തസ്സിലേക്കുള്ള ഉണരലാണ്, മനസ്സിന്റെ പുതുക്കമാണ് സ്വർഗ്ഗവാതിൽ തുറക്കാനുള്ള താക്കോലാണ്, ബുദ്ധിയുള്ള കന്യകമാരുടെ കയ്യിലുള്ള കെടാവിളക്കാണ്, ഉൾമാലിന്യങ്ങളെ ദഹിപ്പിക്കുന്ന അഗ്നിയാണ്. മാമോദീസാ നാളിലുള്ള വെണ്മയിലേക്കുള്ള മടങ്ങിവരവാണ്.

നീ എന്തിനു പാപം ചെയ്തു എന്ന് ദൈവംപോലും നമ്മോടു ചോദിക്കില്ല. എന്നാൽ നീ എന്തുകൊണ്ടു പശ്ചാത്തപിച്ചില്ല എന്നാവും നമ്മോടുള്ള ചോദ്യം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**




# ബൈബിൾ: ഒരു ആമുഖ പഠനം

ഫാ. ജിനു കുരുവിള, കിഴക്കേമുട്ടത്തിൽ

**സദൃശ്യ വാക്യങ്ങൾ**

അനുദിനജീവിതത്തിലെ പ്രശ്നങ്ങൾ വിവേക പൂർവ്വം കൈകാര്യം ചെയ്യുന്നതിനും ജീവിതത്തിന്റെവിവിധ തലങ്ങളിൽ വിജ്ഞാനത്താൽ നയിക്കപ്പെടുന്നതിനും സഹായകരമായ നിരവധി സൂക്തങ്ങളുടെ സമാഹാരമാണ് സദൃശ്യവാക്യങ്ങൾ (Proverbs) കാത്തോലിക്കാ ബൈബിളിൽ സുഭാഷിതങ്ങൾ എന്ന് ഈ പുസ്തകം അറിയപ്പെടുന്നു. ദാവീദിന്റെ മകനും യിസ്രായേൽ രാജാവുമായ ശലോമോന്റെ സദൃശ്യവാക്യങ്ങൾ എന്ന വാക്കുകൾകൊണ്ടാണ് ഈ ഗ്രന്ഥം ആരംഭിക്കുന്നത്. യുവാക്കളേയും അനുഭവജ്ഞാനംകുറഞ്ഞവരേയും പ്രത്യേകം മുന്നിൽ കണ്ടുകൊണ്ടാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത് എന്ന് ഗ്രന്ഥകാരൻ ആരംഭത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. ജ്ഞാനിയായ ഒരു മനുഷ്യൻ ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ എപ്രകാരം വർത്തിക്കണമെന്നുള്ള യിസ്രായേലിലെ ഗുരുക്കന്മാരുടെ ചിന്താഗതികൾ ഗ്രന്ഥകാരനിലൂടെ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

**സന്ദേശം**

ജീവിതത്തിന്റെ യഥാർത്ഥ അർത്ഥവും ലക്ഷ്യവും മനസ്സിലാക്കാത്തവർ, അതിവിദഗ്ദരും സംസ്ക്കാര സമ്പന്നരും ആണെങ്കിൽപോലും മൂഢന്മാർ തന്നെയാണ്. ദൈവഭയമാണ് യഥാർത്ഥ ജ്ഞാനത്തിന്റെ അടിസ്ഥാനം (1:7). അതുകൊണ്ട് ദൈവഭയമുള്ള മതവിശ്വാസികളാണ് യതാർത്ഥ ബുദ്ധിമാന്മാർ. ദൈവഭയമില്ലാത്തവർ യഥാർത്ഥത്തിൽ മൂഢന്മാരാണ്. ശരിയായ പെരുമാറ്റമാണ് ഈ ഗ്രന്ഥം ലക്ഷ്യമിടുന്നത്. അതിന് ആത്മനിയന്ത്രണം, ഭക്ഷണപാനീയങ്ങളിലെ മിതത്വം നാവിന്റെ നിയന്ത്രണം എന്നിവ പാലിക്കാൻ നിർദ്ദേശിക്കുന്നു. ദൈവഭയവും മതവിശ്വാസവും ധാർമ്മിക ജീവിതത്തിന് അനുപേക്ഷണീയമായ അടിസ്ഥാനമാണെന്ന് എടുത്തു പറഞ്ഞിട്ടുണ്ട്.

ഹ്രസ്വവും ഹൃദയത്തിൽ തുളച്ചുകയറുന്നതുമായ ജ്ഞാന സൂക്തങ്ങൾ അനുവാചകരുടെ ഹൃദയത്തിൽ തങ്ങി നിൽക്കുന്നു. ആശയങ്ങൾക്കനുസരിച്ച് പ്രത്യേകമായി തിരിക്കാതെ ഒന്നിച്ചാണ് ജ്ഞാന സുക്തങ്ങൾ കാണുന്നതെങ്കിലും താഴെ കാണും വിധം ഗ്രന്ഥത്തെ വിഭജിച്ചു കാണാറുണ്ട്.

| | |
|---|---|
| 1:1–9:18 | ജ്ഞാനകീർത്തനം |
| 10:1–29:27 | ശലോമോന്റെ സദൃശ്യവാക്യങ്ങൾ |
| 30:1–38 | ആഗൂറിന്റെ വാക്കുകൾ |
| 31:1–31 | വിവിധ സൂക്തങ്ങൾ |

**2. സഭാപ്രസംഗകൻ**

ഈ ഗ്രന്ഥത്തിന്റെ ഹീബ്രുശീർഷകം കൊഹെലെത്ത് എന്നാണ്. ഇതിന്റെ അർത്ഥം. ഇതിന്റെ ഗ്രീക്കിലെ ശീർഷകം Ecclesiastes എന്നാണ്.എക്ലോസ്യാസ്റ്റസ് എന്ന ഈ തലക്കെട്ട് തന്നെയാണ് മറ്റു ഭാഷകളിലും ഈ പുസ്തകത്തിനു നൽകിയിരിക്കുന്നത് ശലോമോനെയാണ് ഇതിലെ പ്രസംഗകനായി അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ അദ്ദേഹത്തിന്റെ പേര് വ്യക്തമായി ഒരിടത്തും എടുത്തു പറഞ്ഞിട്ടില്ല

ഈ ഗ്രന്ഥത്തിൽ താഴെപറയുന്ന ആശയങ്ങൾ ആവർത്തിച്ചു വരുന്നതായികാണാം.

ദൈവത്തെ യിസ്രായേലിന്റെ ദൈവമായ യഹോവ എന്ന പേരിൽ പറയാതെ സർവ്വത്തിന്റെ സൃഷ്ടിതാവും നിയന്ത്രിതാവും ദായകനുമായി അവതരിപ്പിക്കുന്നു. ദൈവം ഭൗതീകാതീതനാണ്; മനുഷ്യരിൽ നിന്ന് ദൈവം സമ്പൂർണ്ണ സ്വതന്ത്രനാണ്. ദൈവത്തിന്റെ രഹസ്യാത്മക സത്തയെയും മനുഷ്യബുദ്ധിയുടെ പരിമിതികളെയുംക്കുറിച്ച് ഗ്രന്ഥകാരൻ എപ്പോഴും ഓർമ്മിപ്പിക്കുന്നു.

2. മനുഷ്യന്റെ പ്രവർത്തനങ്ങളും പരിശ്രമങ്ങളും നേട്ടങ്ങളുമെല്ലാം വൃഥാവിലാണ്. അവയിലൊന്നും ഒരു ലാഭവുമില്ല. ഇവിടെ ആവർത്തിച്ചുപയോഗിച്ചിരിക്കുന്ന എബ്രായ പദം 'ഹെവൽ' എന്നാണ് ഇതിന്റെ അർത്ഥം അസാരമായത്, ശ്വാസം പോലെയോ നീരാവിപോലെയോ ഉള്ളത് എന്നാണ്. വളരെ വളരെ ദുർബലമായത്, ഉൾപ്പൊരുത്തമില്ലാത്തത്, അകം പൊള്ളയായത്, ശൂന്യമായത് എന്നെല്ലാം ഇതിനെ വിശദീകരിക്കാം. മലയാളം ബൈബിളിൽ ഇതിനെ 'മായ' എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്.

3.അജ്ഞേയനും രഹസ്യാത്മനുമായ ദൈവം പ്രപഞ്ചത്തിൽ നിഗൂഢമായി വ്യാപരിക്കുന്നുവെന്നും ജീവിത സങ്കീർത്തനക്കാർക്ക് ദൈവത്തെ ഭയപ്പെട്ട് അവിടുത്തെ ദാനങ്ങളെ പ്രയോജനപ്പെടുത്തുക എന്നതുമാത്രമാണ് ഏക പരിഹാരമെന്നും വ്യക്തമാക്കുന്നു. ദൈവത്തെ ഭയപ്പെടുക എന്ന എബ്രായ പദത്തിനു ദൈവം ഭീകരനാണ് എന്ന അർത്ഥമല്ല. ദൈവത്തിന്റെ രഹസ്യാത്മകമായ മഹത്പദവിയോടുള്ള സമ്പൂർണ്ണ ബഹുമാനമാണ് ഇത് സൂചിപ്പിക്കുന്നത്. സീനായ് പർവ്വതത്തിൽ ദൈവം ഇറങ്ങി വരുന്ന സമയം ഭയവും സംഭ്രമജനകവുമാണ് എന്ന് പുറപ്പാട് 19 ൽ പറഞ്ഞിരിക്കുന്നതും ഈ സെമറ്റിക് പാരമ്പര്യത്തിൽ നിന്നാണ്. ഇതുതന്നെയാണ് എബ്രായ ലേഖനത്തിലും കാണുന്നത് (എബ്രാ.12:18–29). നമ്മുടെ വി. കുർബ്ബാനയിലും 'ഭയങ്കരം' 'ഭ്രമിക്കത്തക്കത്' 'സംഭ്രമജനകം' എന്നൊക്കെ ഉപയോഗിച്ചിരിക്കുന്നതിന്റെ അടിസ്ഥാനവും ദൈവത്തെക്കുറിച്ചുള്ള ഈ സെമറ്റിക് കാഴ്ചപ്പാടാണ് സുറിയാനി സഭകളുടേത് എന്നതിനാലാണ്.

4. മൂല്യശ്രേണിയില്ലാതെ ജീവിതം അസാധ്യമാണ്. അതിനാൽ 'ഇതു ചെയ്യുന്നതിനേക്കാൾ നല്ലത് (7:1–12) എന്ന രീതിയിലുള്ള അനേകം സൂക്തങ്ങൾ ഈ ഗ്രന്ഥത്തിൽ കാണുവാൻ കഴിയും. കർമ്മ നിരതമായ ജീവിതം ഉപേക്ഷിക്കാതെ പ്രയത്നം തുടരണമെന്നുള്ള (9:10,11:4–6) അനേകം ആശയങ്ങൾ ഈ ഗ്രന്ഥത്തിൽ കാണാം.

സഭാപ്രസംഗകന്റെ സന്ദേശം അടിസ്ഥാനപരമായി ഇയ്യോബിന്റേതു തന്നെയാണ്. കർമ്മ പ്രതിഫലമൊന്നും ഈ ലോകത്തിലില്ല. ശിക്ഷയും രക്ഷയുമൊക്കെ മരണത്തിനപ്പുറത്താണ് പ്രതീക്ഷിക്കേണ്ടത്. അറിവ്, ധനം, സ്നേഹം എന്നിവയെല്ലാം മായയാണ്. ദൈവത്തിന്റെ വഴികൾ വിസ്മയകരമത്രേ. ദൈവം അയയ്ക്കുന്ന സുഖദുഃഖങ്ങളെ സ്വീകരിച്ചുകൊണ്ട് ദൈവത്തോടു വിധേയത്വം പുലർത്തുക എന്നതാണ് മനുഷ്യന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത് (7:13–14) എല്ലായ്പ്പോഴും മനുഷ്യൻ ദൈവത്തെ അനുസരിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യണം. രഹസ്യമായ എല്ലാ പ്രവൃത്തികളെയും അവ നല്ലതായാലും ചീത്ത ആയാലും വിധിക്കാനായി ദൈവം വെളിച്ചത്തുകൊണ്ടു വരും (12:14)

(തുടരും)

# മലങ്കരസഭ
## ഭിന്നിപ്പിന്റെ ബാക്കിപത്രം

പ്രൊഫ. പി.കെ. സ്കറിയാ, കുന്നത്തിൽ

**1909 ൽ** പരി. അന്ത്യോഖ്യാ പാത്രിയർക്കീസും (അബ്ദേദ് ആലോഹോ) മലങ്കര മെത്രാപ്പോലീത്താ മാർ ദിവന്നാസ്യോസ് 6–ാമനും (വട്ടശ്ശേരി) അധികാര വ്യാപ്തിയെക്കുറിച്ച് ആരംഭിച്ച തർക്കഫലമായി നേരത്തെ സൂചിപ്പിച്ചതുപോലെ 1911 മെയ് 31–ാം തീയതി പാത്രിയർക്കീസ് ബാവാ മലങ്കരമെത്രാപ്പോലീത്തായെ മുടക്കി. എന്നാൽ ആ വർഷം ഒക്ടോബർ 22–ാം തീയതി മുടക്കു കല്പന ലംഘിച്ചുകൊണ്ട് വട്ടശ്ശേരി പഴയ സെമിനാരി ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. അതോടുകൂടി പള്ളികളിൽ ഇടവക ജനങ്ങൾ തമ്മിൽ ചേരിതിരിഞ്ഞ് വഴക്കുണ്ടാവുകയും സമാധാന ലംഘനം ഉണ്ടാവാതിരിക്കാൻ സർക്കാർ ചില പള്ളികൾ പൂട്ടി ഇടുകയും ചെയ്തു. ഏതായാലും 1912 ഓടുകൂടി സഭയിലെ ഭിന്നിപ്പ് ഏതാണ്ട് പൂർണ്ണമായി.

മലങ്കര സുറിയാനി സഭയിലെ നിർഭാഗ്യകരമായ ഈ പിളർപ്പിനുശേഷം നടന്ന പ്രധാന സംഭവങ്ങൾ (a) അനുരഞ്ജന ശ്രമങ്ങൾ (b) തർക്കങ്ങളും വ്യവഹാരങ്ങളും (c) ഇരുവിഭാഗങ്ങളിലെയും മലങ്കര മെത്രാപ്പോലീത്താമാർ/കാതോലിക്കാമാർ എന്ന് വേർതിരിച്ച് ചുരുക്കി അവതരിപ്പിച്ചാൽ കാര്യങ്ങൾ കൂടുതൽ വ്യക്തമാകുമെന്നു കരുതുന്നു.

**(A) അനുരഞ്ജന ശ്രമങ്ങൾ:** അധികാരത്തിന്റെ പേരിൽ പിണങ്ങിപിരിഞ്ഞ രണ്ടു വിഭാഗങ്ങളെയും രമ്യതപ്പെടുത്തുന്നതിന് സമാധാനപ്രിയരായ സഭാംഗങ്ങൾ പലരും ശ്രമിച്ചുനോക്കി. മുടക്കുതീർക്കണമെങ്കിൽ മെത്രാപ്പോലീത്താ (വട്ടശ്ശേരി) ക്ഷമചോദിക്കണമെന്ന് പാത്രിയർക്കീസ് ശഠിക്കയും മെത്രാപ്പോലീത്താ ധിക്കരിക്കയും ചെയ്തതുകൊണ്ട് ഒന്നും നടന്നില്ല. അബ്ദുൾ ആലോഹോ പാത്രിയർക്കീസ് 1911 ഒക്ടോബർ 14–ാം തീയതി എന്നേയ്ക്കുമായി മലങ്കര വിട്ടുപോയി.

**1. എറണാകുളം സന്ധി ആലോചന:** വട്ടിപ്പണകേസ് വിചാരണയിൽ ഇരിക്കെ ക്നാനായ ഭദ്രാസനത്തിന്റെ മാർ സേവേറിയോസ് മെത്രാപ്പോലീത്ത 1920 ൽ ഇരുഭാഗത്തെയും പ്രധാനികളെ തർക്കസ്ഥലത്തുനിന്ന് ദൂരെ എറണാകുളത്തു വിളിച്ചുകൂട്ടി. മണിക്കുറുകളുടെ ആലോചനയ്ക്കുശേഷം മലങ്കരയിലെ മെത്രാച്ചന്മാരെ മലങ്കരസഭയോട് ആലോചിക്കാതെ വാഴിക്കയോ മുടക്കുകയോ ഇല്ലെന്ന് പാത്രിയർക്കീസിന്റെ കല്പന ഉണ്ടാകണമെന്നും പാത്രിയർക്കീസിനോടും സമാധാനത്തിനുവേണ്ടി മാർ ദിവന്നാസ്യസ് (വട്ടശ്ശേരി) ക്ഷമായാചനം ചെയ്യണമെന്നു ദിവന്നാസ്യോസിനോടും അപേക്ഷിക്കണമെന്നു തീരുമാനിച്ചു. പക്ഷെ ക്ഷമായാചനത്തിനു മാർ ദിവന്നാസ്യോസ് തയ്യാറാകാഞ്ഞതിനാൽ സന്ധിയാലോചന ഫലപ്പെട്ടില്ല.

**2. ദിവന്നാസ്യോസിന്റെ പാത്രിയർക്കാ സന്ദർശനം**

പരി. അബ്ദേദ് ആലോഹോ പാത്രിയർക്കീസിനു ശേഷം (1915) പരി. ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവാ അന്ത്യോഖ്യാ സിംഹാസനാരൂഢനായി. 1923 ഇടവ മാസത്തിൽ ദിവന്നാസ്യോസ് (വട്ടശ്ശേരി) പാത്രിയർക്കീസ് ബാവായെ പാത്രിയർക്കാ ആസ്ഥാനമായ തുർക്കിയിലെ മർദീനിൽ എത്തി സന്ദർശിച്ചു (വട്ടപ്പണക്കേസിന്റെ ആദ്യവിധിയിൽ (1923) വട്ടശ്ശേരിക്കുണ്ടായ പരാജയം ആണ് മാർദ്ദിനിൽ പോകാൻ പ്രേരിപ്പിച്ചതെന്നും പറയപ്പെടുന്നു) അബ്ദുൾമ്ശ്ഹാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട മാർ പീലക്സിനോസ് (വാകത്താനം–രണ്ടാം കാതോലിക്ക) മാർ ഗ്രീഗോറിയോസ് (കല്ലാശ്ശേരിൽ – 3–ാം കാതോലിക്കാ) മാർ ഈവാനിയോസ് (കാരോട്ടുവീട്ടിൽ) എന്നിവർ എഴുതി ഒപ്പിട്ട ഒരു നിവേദനവും വട്ടശ്ശേരി കൊണ്ടുപോയിരുന്നു. നിവേദനത്തിലെ പ്രധാനഭാഗം ഉദ്ധരിക്കാം. “അല്ലയോ പരി. മോറാനെ, ഞങ്ങളിപ്പോഴും പരി. സിംഹാസനത്തിനോ അവിടുത്തെ പ്രധാനാചാര്യത്വത്തിനോ എതിരായി എഴുന്നേറ്റിട്ടില്ലല്ലോ..... ഞങ്ങളുടെ പ്രധാന തലവനായി അവിടുത്തെ മാത്രം ഞങ്ങൾ അറികയും സ്വീകരിക്കയും ചെയ്യുന്നു. അവിടുത്തെ പരി. കല്പനകൾക്ക് ഞങ്ങൾ അനുസരണം സമർപ്പിക്കയും തിരുമനസ്സിലെ കൃപമൂലം അങ്ങയുടെ മക്കളായി ഞങ്ങളെ സ്വീകരിക്കണമെന്നും അവിടുത്തെ മുൻഗാമിയാൽ ഇവിടെ അക്കാലത്തു നടത്തിയ മുടക്കുകൾ തീർത്തശേഷം വാഴ്വിന്റെയും അംഗീകരണത്തിന്റെയും കല്പനകൾ അയപ്പാറാകണമെന്നും മലങ്കരസഭയിൽ സമാധാനം സുനിശ്ചിതമാക്കുവാൻ വേണ്ടതെല്ലാം ചെയ്യുമാറാകണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു”.

മാർ ദിവന്നാസ്യോസിന്റെ (വട്ടശ്ശേരി) സകല വാദങ്ങളും പിൻവലിക്കയും മാർ അബ്ദുൾമ്ശ്ഹാ വാഴിച്ച മെത്രാന്മാരെ കൊണ്ട് അനുസരണ സൂചകമായ ഉടമ്പടികൾ കൊടുപ്പിക്കയും ചെയ്യുന്നപക്ഷം മാർ ദിവന്നാസ്യോസിന്റെ മുടക്ക് അസ്ഥിരപ്പെടുത്തുകയും മേൽപറഞ്ഞ മെത്രാന്മാരെ ആവശ്യമായ പ്രാർത്ഥനകൾക്കുശേഷം തിരികെ സ്വീകരിക്കാമെന്നും പാത്രിയർക്കീസ് സമ്മതിച്ചു.

ഈ വ്യവസ്ഥകൾ തനിക്കു സമ്മതമാണെന്ന് വട്ടശ്ശേരി പാത്രിയർക്കിസിനെ വിശ്വസിപ്പിക്കയും മാർ യൂലിയോസ് ഏലിയാസ് (പിന്നീട് അന്ത്യോഖ്യാ പ്രതിനിധി) മെത്രാപ്പോലീത്തായ്ക്ക് ഒപ്പം മലങ്കരയിൽ തിരികെ എത്തുകയും ചെയ്തു.

എന്നാൽ ഇവിടെ എത്തി അധികം താമസിയാതെ മേൽപറഞ്ഞ വ്യവസ്ഥകളെല്ലാം വട്ടശ്ശേരി തിരസ്ക്കരിച്ചു. അദ്ദേഹം മാർദീനിൽ പോയത് തന്റെ മുടക്കു തീർന്നുകിട്ടുക, വട്ടിപ്പണകേസ് അനുകൂലമാക്കുക മുതലായ ലക്ഷ്യങ്ങളോടു കൂടി ആയിരുന്നു. എന്നാൽ അവിടെവച്ചു സമ്മതിച്ചു വച്ച വ്യവസ്ഥകൾ ഇവിടെ വന്നപ്പോൾ അനുകൂലമല്ലാതാ

കുകയും പരിതസ്ഥിതികൾ (കേസ് ഉൾപ്പെടെ) അനുകൂല മാവുകയും ചെയ്തപ്പോൾ മേൽ പറഞ്ഞ വ്യവസ്ഥകളിൽ നിന്ന് വട്ടശ്ശേരി പിൻമാറി)

### 3. ആലുവാ സെമിനാരി അനുരഞ്ജനശ്രമം

പാത്രിയർക്കീസ് ബാവാ മലങ്കരയിൽ വന്ന് സഭയിൽ സമാധാനം ഉണ്ടാക്കണമെന്ന് ഇൻഡ്യയിലെ വൈസ്രോയി ആയിരുന്ന ഇർവിൻപ്രഭു മുതലായി പല പ്രമുഖർ പാത്രിയർക്കീസിന് എഴുതി. അതിനാൽ മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1931 ൽ മലങ്കരയിൽ എത്തി. ഹൃദ്യമായ സ്വീകരണം ഏറ്റുവാങ്ങിയ അദ്ദേഹം വന്ന് രണ്ടുദിവസം കഴിഞ്ഞപ്പോൾ മാർ ദിവന്നാസ്യോസ് (വട്ടശ്ശേരി) അദ്ദേഹത്തെ ആലുവ സെമിനാരിയിൽ എത്തി സന്ദർശിച്ചു, വളരെ സമയത്തെ രഹസ്യ സംഭാഷണത്തിനുശേഷം മാർ ദിവന്നാസ്യോസിന്റെ മുടക്ക് അസ്ഥിരപ്പെടുത്തിയിക്കുന്നതായി പാത്രിയർക്കീസ് ബാവാ പ്രഖ്യാപിക്കയും ആ വിവരത്തിന് ഒരു കല്പന മലങ്കരയിലെ പള്ളികൾക്ക് അയക്കുകയും ചെയ്തു. എന്നാൽ കാതോലിക്കായുടെ കാര്യം തീരാനുണ്ടായിരുന്നു. അതേപറ്റി പല മാസങ്ങളായി ആലോചന നടന്നുവരവെ 1932 ഫെബ്രുവരി 13-ാം തീയതി പരി. പാത്രിയർക്കീസ് ബാവ ഓമല്ലൂർ മഞ്ഞനിക്കര പള്ളിയിൽവച്ച് പെട്ടെന്ന് കാലം ചെയ്തു. അങ്ങനെ ആ സമാധാന ശ്രമവും പൂർണ്ണമായില്ല.

### 4. പാലാമ്പടം സന്ധിയാലോചന

മലങ്കര മെത്രാൻ സ്ഥാനത്തിരുന്ന മാർ ദിവന്നാസ്യോസ് 6-മന്റെ (വട്ടശ്ശേരി) നിര്യാണ (1934 ഫെബ്രുവരി 23) ശേഷം അദ്ദേഹത്തിന്റെ പിൻഗാമിയെ തെരെഞ്ഞെടുക്കാൻ ഇരുകക്ഷികളും മത്സരമായി. എന്നാൽ യോജിപ്പിനുള്ള ശ്രമം നടത്തണമെന്നുള്ള സമാധാന കാംക്ഷികളുടെ ആലോചനപ്രകാരം കോട്ടയത്തു പാലാമ്പടം പി.റ്റി.തോമസിന്റെ ഭവനത്തിൽ ഇരുഭാഗത്തെയും നേതാക്കന്മാർ യോഗം ചേർന്നു. മാർ ഏലിയാസ് ബാവായുടെ പിൻഗാമിയായ മാർ അപ്രേം പാത്രിയർക്കീസിന്റെ അടുക്കലേക്ക് സമാധാനം കൈവരുത്തുന്നതിനുള്ള പൂർണ്ണഅധികാരത്തോടുകൂടി കാതോലിക്ക(കല്ലാശ്ശേരി) യെ അയക്കണമെന്നു തീരുമാനിക്കയും യാത്രചെലവ് സമാഹരിക്കയും ചെയ്തു. 1927 മുതൽ അന്ത്യോഖ്യാ പ്രതിനിധി ആയിരുന്ന മാർ യൂലിയോസ് മെത്രാപ്പോലീത്തായോടൊപ്പം പാത്രിയർക്കീസിന്റെ പുതിയ ആസ്ഥാനം ആയ സിറിയയിലെ ഹോംസിലേക്ക് യാത്രയായി. എന്നാൽ പാത്രിയർക്കീസ് തന്റെ അരമനയിൽ മേൽപട്ടക്കാരുടെ ഒരു പ്രത്യേക സുന്നഹദോസ് വിളിച്ചുകൂട്ടുകയും കാതോലിക്കായുടെ ഭാഗം കേൾക്കുകയും ചെയ്തു. രണ്ടുമാസത്തോളമുള്ള ആലോചനയ്ക്ക്ശേഷം കാതോലിക്കായ്ക്കു ലഭിച്ചിട്ടുള്ളതും അദ്ദേഹം കൊടുത്തിട്ടുള്ളതുമായ എല്ലാ പട്ടത്വങ്ങളും കാനോൻപ്രകാരം അസാധു ആണെന്നും അവരെ എപ്പിസ്ക്കോപ്പാ സ്ഥാനത്തു പ്രവേശിപ്പിക്കണമെങ്കിൽ പുതിയതായി പട്ടം കൊടുക്കേണ്ടിവരുമെന്നും 1934 സെപ്തംബർ 21-ാം തീയതി തീരുമാനിച്ചു. എന്നാൽ മലങ്കരയ്ക്ക് അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ ഉൾഭരണ സ്വാതന്ത്ര്യം കൊടുക്കാമെന്നു പറയുകയും അതിനായി ഒരു ഭരണഘടന തയ്യാറാകുകയും ചെയ്തു. പക്ഷെ കാതോലിക്കാ തന്റെ കക്ഷിയിലുള്ളവരുമായി ആലോചിക്കയും ടി. സുന്നഹദോസ് നിശ്ചയങ്ങളെ തള്ളിക്കളയുകയും ചെയ്തു.

### 5. വാൾഷ് ബിഷപ്പിന്റെ ഒന്നാം സന്ധിയാലോചന

ആസ്സാമിലെ ആംഗ്ലിക്കൻ ബിഷപ്പായിരുന്ന പക്കൻ ഹാം വാൾഷ് തിരുവിതാംകൂറിൽ വന്ന് കാതോലിക്കാ ഉൾപ്പെടെ ഇരുകക്ഷികളിലെയും നേതാക്കന്മാരെ കണ്ട് ഹോംസ് സുന്നഹദോസ് വ്യവസ്ഥകളെപ്പറ്റിയും മറ്റും സംസാരിച്ചു. പിന്നീട് അദ്ദേഹം സിറിയയിൽ ചെന്ന് പാത്രിയർക്കീസിനെയും സന്ദർശിച്ചു. 1938 ഏപ്രിൽ 8-ാം തീയതി മലങ്കരയ്ക്ക് റിപ്പോർട്ട് അയച്ചു. എന്നാൽ കാതോലിക്കാ വിഭാഗം ആ റിപ്പോർട്ട് അംഗീകരിച്ചില്ല.

### 6. ടി. ബിഷപ്പിന്റെ രണ്ടാം സന്ധിയാലോചന

ആദ്യശ്രമപരാജയത്തിൽ മനസ്സ് മടുക്കാതെ ബിഷപ്പ് വാൾഷ് 1938 മദ്ധ്യത്തിൽ വേറൊരു ശ്രമം കൂടി നടത്തി. ഇക്കാര്യത്തിൽ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചത് പാലമ്പടം പി. റ്റി. തോമസിന്റെ പുത്രൻ ഡോ. പി. റ്റി തോമസ് ആയിരുന്നു. ഇരു കക്ഷികളിലെയും പ്രതിനിധികളെ ആലോചനയ്ക്കു ക്ഷണിച്ചു. നേരത്തെ ഉണ്ടാക്കിയ വ്യവസ്ഥകളിൽ ചിലർക്കുണ്ടായിരുന്ന സംശയങ്ങൾ ദൂരീകരിച്ചു. പല മാസങ്ങൾ ആലോചിച്ച് തർക്കവിഷയങ്ങളെപറ്റി തീരുമാനങ്ങൾ എടുത്തു. പാത്രിയർക്കീസ് പക്ഷത്തെ പ്രതിനിധികൾ അപ്പോൾ തന്നെ ഒപ്പിട്ടു. എതിർ കക്ഷികൾ ഒപ്പിടുന്നതിനായി അവരെ ഏല്പിച്ചു. കാതോലിക്കായുടെ അദ്ധ്യക്ഷതയിലുള്ള ഭരണസമിതിയുടെ സമ്മതം വാങ്ങിക്കൊള്ളാമെന്ന് അവർ ഏൽക്കുകയും ചെയ്തു. എന്നാൽ 1940 ആദ്യം കാതോലിക്കാ ഭരണസമിതി സമ്മതിക്കാത്തതിനാൽ ആ ശ്രമവും പരാജയപ്പെട്ടു.

ഇതുപോലെ അനേകം സന്ധിയാലോചനകൾ നടന്നെങ്കിലും അവയെല്ലാം 'ഭരണവ്യവസ്ഥ', 'കൈവയ്പ്' എന്നീ രണ്ടു തർക്കങ്ങൾ മൂലം വ്യർത്ഥമായി. മലങ്കര സഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തിന് എതിർപ്പില്ലെങ്കിലും അത് അന്ത്യോഖ്യാ സിംഹാസനത്തിന് വിധേയമായിരിക്കണമെന്നു ബാവാ കക്ഷിയും അന്ത്യോഖ്യായ്ക്ക് നാമധേയ മേലധികാരമേ പാടുള്ളൂവെന്ന് മെത്രാൻ കക്ഷിയും ശഠിച്ചു.

**1958 ലെ യോജിപ്പ്:** 1913 ൽ ആരംഭിച്ച വട്ടിപ്പണക്കേസ്1928 ലും 1938 ൽ ആരംഭിച്ച സമുദായ കേസ് 1958 ലും ഏതാണ്ട് ബാവ കക്ഷിക്ക് പ്രതികൂലമായും ഓർത്തഡോക്സ് പക്ഷത്തിന് അനുകൂലമായും വിധി ആയി. ദേവാലയങ്ങളും സ്വത്തുക്കളും മറ്റു സ്ഥാപനങ്ങളും യാക്കോബായക്കാർക്ക് നഷ്ടപ്പെടുന്ന സ്ഥിതി വന്നു. ജനം പതറിയില്ലെങ്കിലും കൂടുതൽ പ്രയോജനകരം സമാധാനം ആണെന്നുള്ള ചിന്ത യാക്കോബായ നേതൃത്വത്തിന് ഉണ്ടായി. പാത്രിയർക്കീസ് ബാവായെകൊണ്ട് അതിനായി പ്രവർത്തിക്കുവാൻ അവർ ശ്രമം ആരംഭിച്ചു. 1958 ഡിസംബർ 9-ാം തീയതി പരി. യാക്കോബ് ത്രിതീയൻ പാത്രിയർക്കീസ് ബാവ ഹോംസിൽ നിന്നും അയച്ച കല്പനയിലെ പ്രസക്തഭാഗം ഉദ്ധരിക്കാം

"മലങ്കരസഭയിൽ സമാധാനം വരുത്തുവാനായി മാർ ബസേലിയോസ് ഗീവർഗീസിനെ (മൂന്നാമത്തെ കാതോലിക്കാ- കല്ലാച്ചേരിൽ) കാതോലിക്കാ ആയി സ്വീകരിക്കുന്നതിന് നാം പ്രസാദിച്ചിരിക്കുന്നു".

1958 ഡിസംബർ 16-ാം തീയതി സന്ധ്യകഴിഞ്ഞ് പാത്രിയർക്കീസ് പക്ഷത്തെ മാർ ക്ലീമ്മീസ്, മാർ ഗ്രീഗോറിയോസ്, മാർ പീലക്സിനോസ് അ അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ് എന്നിവർ കോട്ടയം പഴയ സെമിനാരി

യിൽ എത്തി. കാതോലിക്കാ ബസേലിയോസ് ഗീവർഗീസ് രണ്ടാമനും അദ്ദേഹത്തിന്റെ മെത്രാന്മാരും അവിടെ ഉണ്ടായിരുന്നു. അവർ കല്പനകൾ പരസ്പരം കൈമാറി. പാത്രിയർക്കീസ് ബാവായുടെ കല്പന മാർ യൂലിയോസ് കാതോലിക്കായ്ക്ക് നൽകുകയും കാതോലിക്കോസ് തയ്യാറാക്കിവച്ചിരുന്ന കല്പന തിരിച്ചും നൽകി.

പരസ്പരം സ്വീകരിച്ച് ബാഹ്യമായി യോജിപ്പു നടന്നെങ്കിലും വൈകാരികമായി ഐക്യം ഇല്ലാതിരുന്നതിനാൽ ഐക്യം പൂർണ്ണമായിരുന്നില്ല. ഇരുകൂട്ടരും പരസ്പരം കുറ്റപ്പെടുത്തി പ്രസ്താവനകൾ ഇറക്കി. ബാവാ കക്ഷി താഴെപറയുന്ന പ്രധാന പാരതികൾ ഉന്നയിച്ചു (a) കാതോലിക്കോസ് നൽകിയ കല്പന അദ്ദേഹം ആദ്യം ഒപ്പിട്ടിരുന്നില്ല. ദേവലോകത്തോട്ട് പോകാൻ കാറിൽ കയറിയപ്പോൾ, പറഞ്ഞപ്പോളാണ് ഒപ്പിട്ടത് (b) പാത്രിയർക്കീസ് വ്യവസ്ഥകൾ ഒന്നും ഇല്ലാതെയാണ് കാതോലിക്കായെ സ്വീകരിച്ചത്. എന്നാൽ കാതോലിക്കാ ആകട്ടെ 'ഭരണ ഘടനയ്ക്കു വിധേയമായ' എന്ന നിബന്ധന വച്ചു. ഇക്കാര്യങ്ങൾക്ക് 1959 ലും 1960 ലും പാത്രിയർക്കീസ് വിശദീകരണം ആവശ്യപ്പെട്ടു. എന്നാൽ കാതോലിക്കാ വഴങ്ങിയില്ല. നോമ്പു സംബന്ധിച്ച് അപ്രേം പാത്രിയർക്കീസ് ചെയ്ത ക്രമീകരണങ്ങളെ അധിക്ഷേപിച്ച് കാതോലിക്കാ കല്പന ഇറക്കി. പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിലിരുന്ന സിംഹാസനപള്ളികൾ കാതോലിക്കായുടെ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചു. മാർ തോമ്മായുടെ സിംഹാസനത്തിലാണ് കാതോലിക്കാ ഇരിക്കുന്നതെന്നും പൗരസ്ത്യ കാതോലിക്കാ ആണ് മലങ്കരസഭാദ്ധ്യക്ഷൻ എന്നും പ്രസ്താവന ഇറക്കി. ഇതിനെയൊക്കെ എതിർത്തവർ അന്ത്യോഖ്യൻ സിറിയൻ മൂവ്മെന്റ് എന്ന സംഘടന രൂപീകരിച്ചു.

## 1964 ലെ കാതോലിക്കാ വാഴ്വ്

1964 മെയ് 22 ന് ഔഗേൻ മാർ തിമോത്തിയോസിനെ കോട്ടയം മാർ ഏലിയ ചാപ്പലിൽ വച്ച് മാർ ബസേലിയോസ് ഔഗേൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കോസ് ആയി യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ വാഴിച്ചു. ഇരുവിഭാഗങ്ങളിലെയും മെത്രാന്മാർ ഈ ചടങ്ങിൽ സംബന്ധിച്ചു. 1958 ൽ ആരംഭിച്ച ഐക്യം 1964 ൽ പൂർത്തികരിച്ചു എന്ന് സമാധാന കാംക്ഷികൾ കരുതി. 1970 വരെ ഇരുവിഭാഗങ്ങളും പുറമെയെങ്കിലും ഏതാണ്ട് ഒരുമിച്ചു പോയി. എന്നാൽ കാതോലിക്കാ ബാവാ 'മാർ തോമ്മായുടെ സിംഹാസനത്തിൽ ആരൂഢൻ' എന്ന ലെറ്റർ ഹെഡ് അച്ചടിച്ചതോടുകൂടി തുടർന്നുള്ള പിണക്കം ആരംഭിക്കയും അനുരഞ്ജനശ്രമങ്ങൾ എന്നേക്കുമായി അവസാനിക്കയും ചെയ്തു.

## എഡിറ്റോറിയൽ (4 -ാം പേജിന്റെ തുടർച്ച)

യോടും ബന്ധമുള്ളവനായിട്ടാണ്. മനുഷ്യൻ മണ്ണിനേയും പ്രകൃതിയേയും നശിപ്പിക്കരുത്. അവയെ സംരക്ഷിക്കണം. വികസനത്തിന്റെ പേരുപറഞ്ഞ് പ്രകൃതിയെ കൊള്ളയടിക്കുന്നത് ഇനിയെങ്കിലും മനുഷ്യൻ അവസാനിപ്പിക്കണം. ഈശ്വരനിഷേധമല്ല, പരിസ്ഥിതിസംരക്ഷണത്തിനുള്ള ബോധവൽക്കരണമാണ് ഇന്നാവശ്യം.

"നീ ഭൂമിയെ സ്ഥാപിച്ചു. അതു നിലനിൽക്കുന്നു അവ ഇന്നുവരെ നിന്റെ നിയമപ്രകാരം നിലനിൽക്കുന്നു" (സങ്കീ.119:90,91). 'അവൻ അവയെ സദാകാലത്തേക്കു സ്ഥിരമാക്കി ലംഘിക്കരുതാത്ത ഒരു നിയമം വെച്ചുമിരിക്കുന്നു. (സങ്കീ.148:6).'ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു. അവർ പ്രമാണങ്ങളെ ലംഘിച്ചു ചട്ടത്തെ മറിച്ചു നിത്യനിയമത്തിന് ഭംഗം വരുത്തിയിരിക്കുന്നു. അതുകൊണ്ട് ഭൂമി ശാപഗ്രസ്ഥമായി അതിൽ പാർക്കുന്നവർ ശിക്ഷയനുഭവിക്കുന്നു. അതുകൊണ്ട് ഭൂവാസികൾ ദഹിച്ചുപോയി. ചുരുക്കം പേർമാത്രം ശേഷിച്ചിരിക്കുന്നു. പുതുവീഞ്ഞ് ദുഖിക്കുന്നു. മുന്തിരിവള്ളി വാടുന്നു. സന്തുഷ്ഠമാനസന്മാരൊക്കെയും നെടുവീർപ്പിടുന്നു. തപ്പുകളുടെ ആനന്ദം നിന്നുപോകുന്നു' (യെശ.24:5-8). ദൈവം ഈ പ്രകൃതിയെ എത്ര മനോഹരമായി സൃഷ്ടിച്ചു. 'താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി. അത് എത്രയും നല്ലത് എന്ന് ദൈവം കണ്ടു' (ഉല്പ.1:31) "പ്രപഞ്ചവും പ്രപഞ്ചനിയമവും നിലനിൽക്കുന്നതിനെപ്പറ്റി ആലോചിക്കുന്തോറും അവയെ സൃഷ്ടിച്ചു പരിരക്ഷിക്കുന്ന ഒരുമഹാശക്തിയെപ്പറ്റി ഞാൻ ചിന്തിച്ചുപോകുന്നു. അങ്ങനെ ഒരു പ്രപഞ്ച ശില്പിയില്ലാത്ത പ്രപഞ്ചത്തെ എനിക്കു സങ്കല്പിക്കുവാൻപോലും സാദ്ധ്യമല്ലെന്നാണു" ആൽബർട്ട് ഐൻസ്റ്റിൻ പറഞ്ഞത്. ഇമ്മാനുവേൽ കാന്റും, ഐസക്ക് ന്യൂട്ടനും, സ്റ്റീവർട്ടും, ലോർഡ് കെൽവിനും പ്രകൃതിയുടെ പുറകിൽ വ്യാപരിക്കുന്ന സൃഷ്ടാവിന്റെ ആസൂത്രണശക്തിയുടെ മുമ്പിൽ ശിരസ്സു നമിക്കുന്നു.

പ്രകൃതിയെ ആരാധിക്കേണ്ടതില്ല കാരണം പ്രകൃതി ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണ്. അതുകൊണ്ട് പ്രകൃതിയെ അവഗണിക്കണമെന്നോ അനാദരിക്കണമെന്നോ അർത്ഥമില്ല. പ്രകൃതിയെ ആദരിക്കണം. സ്നേഹിക്കണം. പ്രകൃതിക്ക് ചിലതു നമ്മെ പഠിപ്പിക്കുവാനുണ്ട്. അപ്പോൾ നാം പ്രകൃതിക്കു ശിഷ്യപ്പെടേണം. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീ.19:1) പ്രകൃതി എത്ര സുന്ദരം പ്രകൃതിയിലേക്ക് ശ്രദ്ധാപൂർവ്വം നോക്കി നിന്നവരിൽ പലരും വിശ്വപ്രസിദ്ധ കലാകാരന്മാരും ചിത്രകാരന്മാരുമായി; വിശ്വസാഹിത്യകാരന്മാരായി, കവികളായി, ഗായകരായി, അതുല്യപ്രതിഭകളായി, സ്രഷ്ടാവായ ദൈവം സൃഷ്ടിയായ പ്രകൃതിയിൽ ഒളിച്ചുവച്ച ജീവിതമന്ത്രങ്ങളും ജീവിതനിയമങ്ങളും തിരിച്ചറിഞ്ഞവർ ധന്യരായി. അവർ പ്രകൃതിയിലൂടെ പ്രപഞ്ച സൃഷ്ടാവിലേക്ക് അടുത്തു. ഇന്നു നാം എങ്ങോട്ടുനോക്കും? എവിടെയും മനസ്സുണക്കുന്ന, വികൃതമായ പ്രകൃതിദൃശ്യങ്ങൾ. ഒരു പച്ചപ്പുകാണാൻ എവിടെ പോകണം? പക്ഷികൾപോലും ഇന്നു ശബ്ദിക്കുന്നതു ഭയത്തോടെയല്ലേ? തരിശാകുന്ന ഭൂമിയിലേക്കുനോക്കി വിഷണ്ണനായി കഴിയുന്ന മനുഷ്യൻ. അവന്റെ മനസ്സും തരിശായി കിടക്കുന്നു. വിണ്ടുകീറിയ, ഉണങ്ങിയ മനസ്സ്. അവന്റെ പ്രതിഭയും ചിന്തയും രചനയും ജീവിതവും സംസ്ക്കാരവും ഉണങ്ങിയതിന്റെ കാരണം അവൻ തന്നെ വികൃതമാക്കിയ ഈ പ്രകൃതിയല്ലേ? ഇനി എങ്കിലും നമുക്ക് പ്രകൃതിയെ സ്നേഹിക്കാം. ഇനിയും അതിനെ വികൃതമാക്കാതിരിക്കാം. പ്രകൃതിയോടിണങ്ങാം. അതിനുള്ള വഴി തേടാം.

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# നഷ്ടങ്ങളും അവയുടെ തിരിച്ചുവരവും

മീനു വി. രാജു, വാലയിൽ

ക്രിസ്തു പറഞ്ഞ പല ഉപമകളിലും നഷ്ടങ്ങളും അവയുടെ വീണ്ടെടുപ്പും വിഷയമായിട്ടുണ്ട്. തിരുവചനത്തിൽ ആദിമ മനുഷ്യർ തന്റെ സ്രഷ്ടാവിൽ നിന്ന് ഓടി മറയുമ്പോൾ പറയുന്ന കാരണവും ഒരു നഷ്ടമാണ് 'ഞാൻ നഗ്നനെന്നു കണ്ടിട്ട് ഒളിച്ചിരിക്കുന്നു' (ഉല്പത്തി 3:10). ഇവിടെ പാപത്തിന്റെ പ്രതിഫലമായി അവർക്ക് തങ്ങളുടെ ദൈവതേജസ്സിന്റെ ആവരണമാണ് നഷ്ടമായത്. അവിടെ തുടങ്ങിയ നഷ്ടങ്ങളെ വീണ്ടെടുക്കാൻ രണ്ടാം ഹവ്വയിൽ നിന്ന് യേശുക്രിസ്തു ഉണ്ടായി. നമ്മുടെ പാപങ്ങൾക്കും ഇടർച്ചകൾക്കും പകരമായി ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ അവനും നഷ്ടമായി വസ്ത്രം (മത്തായി 27.5). പാപത്തിന്റെ അന്ധകാരത്തെ തോല്പിച്ച് മരണത്തെ ജയിച്ച് ക്രിസ്തു ഉയിർത്ത് എഴുന്നേറ്റപ്പോൾ ദൈവീകപ്രകാശം ക്രിസ്തുവിനെ പൊതിഞ്ഞു. അതുപോലെ നല്ല ശമര്യക്കാരന്റെ ഉപമയിൽ യാത്ര ചെയ്യുന്ന യഹൂദൻ നമ്മുടെ ഉള്ളിലുമുണ്ട്. യേറുശലേം (സമാധാനത്തിന്റെ നഗരത്തിൽ) നിന്നും യെരിഹൊ (കള്ളന്മാരുടെയും ശപിക്കപ്പെട്ടവരുടെയും നഗരത്തിൽ)ലേക്ക് യാത്ര ചെയ്യുന്നവൻ. ആ യാത്ര നഷ്ടങ്ങൾ മാത്രമാണ് പ്രദാനം ചെയ്യുന്നത്. ആ ഉപമയിൽ യഹൂദൻ നഷ്ടപ്പെട്ടതായി ആദ്യം വെളിപ്പെടുത്തുന്നത് അവന്റെ വസ്ത്രമാണ്. ജീവിതമാകുന്ന യാത്രയിൽ നമ്മൾ ഇടറിയിട്ടുണ്ട്. ചില നഷ്ടങ്ങൾ നമ്മൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ചിലത് അറിയാതെ പോയി. നഷ്ടങ്ങൾ തിരിച്ചറിഞ്ഞാൽ വൈകരുത് നമ്മളെ വഴിനടത്താൻ പ്രാപ്തനായ ഒരു സഹയാത്രികൻ നമ്മുടെ കൂടെയുണ്ട്. നമ്മൾ മറന്നുപോയ ദൈവത്തിന്റെ സ്പർശം 'പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ എഴുന്നള്ളി വന്ന് എന്നെ സത്യത്തിലും നീതിയിലും വഴി നടത്താൻ ആത്മാർത്ഥമായി അപേക്ഷിച്ചാൽ മാത്രം മതി. ആ വിളി കേൾക്കും. കാരണം പാപത്തിൽ നിന്നും മടങ്ങിവരുന്ന തന്റെ പുത്രനെ രാജകീയമായി സ്വീകരിക്കാൻ സ്വർഗ്ഗീയ ഭവനം കാത്തിരിക്കുകയാണ്.


ലൂക്കോസിന്റെ സുവിശേഷം 15 ൽ നഷ്ടങ്ങളുടെ ഒരു നിര തന്നെയുണ്ട്. ആട് നഷ്ടപ്പെട്ട ഇടയൻ, നാണയം നഷ്ടമായ സ്ത്രീ ഒടുവിൽ സ്വപുത്രനെ നഷ്ടപ്പെട്ട പിതാവ്. രാജകീയമായി ആഘോഷപൂർവം എല്ലാ നഷ്ടങ്ങളും തിരിച്ചുവരുന്നുണ്ട്. അജ്ഞത കാരണമാണ് ആട് നഷ്ടമായത്, നമ്മുടെ ജീവിതത്തിലെ പല ഇടർച്ചകൾക്കും കാരണവും ഈ അജ്ഞത തന്നെയാണ്. പക്ഷേ ഏത് കെണിയിൽ നിന്നും രക്ഷപ്പെടാം തന്റെ ഇടയന്റെ ശബ്ദം തിരിച്ചറിഞ്ഞ് അവന്റെ ശ്രദ്ധക്കായി വിളിച്ച് അപേക്ഷിച്ചാൽ മതി. നാണയം നഷ്ടപ്പെടുന്നത് ഉടമയുടെ അശ്രദ്ധയാണ്. അശ്രദ്ധ നമ്മളെ മാത്രമല്ല ബാധിക്കുന്നത് നമുക്ക് ചുറ്റുമുള്ളവരെയും അത് അപകടത്തിലാക്കും. അഹന്തയുടെ കൊടുമുടിയിൽ പുത്രൻ തന്റെ പിതാവിനെ ഉപേക്ഷിച്ചു പോവുകയാണ്. ഭൗതിക സ്വത്തുക്കൾ മാത്രം മതി എന്ന് വിചാരിച്ച് ജീവിതം ആഘോഷിച്ചപ്പോൾ അവയൊന്നും അവന്റെ കഷ്ടകാലത്ത് കൂടെ ഉണ്ടായില്ല. കാരണങ്ങൾ ഏതുമാകട്ടെ സ്വന്തം ഇടർച്ചകൾ മനസ്സിലാക്കി അനുതപിച്ച് വിശുദ്ധിയിലേക്ക് യാത്ര ചെയ്യാൻ തുടങ്ങുമ്പോൾ നാം തിരിച്ചറിയും ദൈവത്തിന്റെ കരസ്പർശം. ആ അനുഭവം മാത്രം മതി സ്വർഗ്ഗത്തിന് പ്രിയങ്കരമാവും വിധം ജീവിതത്തെ ക്രമപ്പെടുത്താൻ.

വസ്ത്രവും ആടും നാണയവും പുത്രനും എല്ലാം ഒരിക്കൽ നഷ്ടപ്പെട്ടു എന്ന് കരുതി അതിനെ നിത്യമായ നഷ്ടങ്ങളുടെ പട്ടികയായി എഴുതിതള്ളാതെ തിരിച്ചു പിടിക്കണം. സ്വന്തം മനസ്സാക്ഷിയെ മുൻനിർത്തി ജീവിതത്തെ പരിശോധിച്ചാൽ മതി നമുക്ക് സ്വയം കണ്ടെത്താം. രോഗത്തെയും മരുന്നിനെയും ആ കണ്ടെത്തലുകൾ പ്രകാശത്തിലേക്ക് നയിക്കുമ്പോൾ ഈ ഉപമകൾ ഒക്കെ നമ്മോട് മന്ത്രിക്കും 'ഇത് നിന്റെ ജീവിതമാണ്, നിന്നെ ഉദ്ദേശിച്ചാണ്. നിന്നെ തന്നെ ഉദ്ദേശിച്ചാണ്. നിന്നെ മാത്രം ഉദ്ദേശിച്ചാണ്.' ആ ശബ്ദത്തിന് കാതോർക്കാം.




# Muscat St. Ephraim Knanaya Church Committe Members

# ST. PETER'S KNANAYA SYRIAN ORTHODOX CHURCH
# DOHA-QATAR
# YOUTH COMMITTEE MEMBERS 2018-2019


Rev. Fr. KURIAKOSE M PHILIP
MELEKOOTTU
PRESIDENT


MANOJ C KURIAKOSE
CHALUPARAMPIL
YOUTH CO-ORDINATOR


OBIN ABRAHAM
CHIRAYIL
SECRETARY


BIJOY KURUVILLA
KANDATHIL PARAMPIL
TRUSTEE


JEBIN KORAH
PUTHEN PARAMPIL
C MEMBER


SONY CHERIAN
MURYCKOLIPUZHA
C MEMBER


RITCHU RAJAN
KOCHUMAALATHUSERI
C MEMBER


PREMY K RAJAN
KOZHIMATTOM
C MEMBER


VINOD MATHEW
PALAKUDIYL
C MEMBER


GIGO ZACHARIA
KALATHIL
C MEMBER


AJISH ALEX
EDAYADIYIL
C MEMBER


JIKKU K JOSE
KALATHIL
C MEMBER


JACKSON JOSEPH
MANIMALAYIL
C MEMBER


ROBIN SIMON
MULA MOOTIL
C MEMBER


THOMAS ABRAHAM
VALUPARAMBIL
C MEMBER

Advt - O






# 50th

# Wedding Anniversary

09-09-2018

# Thomas & Baby

**Kaippakaseril**

*Love & Prayers*

Cheri, Sindhu, Juliana
& Angelina Alemakulam
Santhosh, Reya, Isaiah, Alexa
& Amelia Kaippakaseril
Santhosh, Reya, Isaiah, Alexa
& Amelia Kaippakaseril
Reno, Sheethal & Liam Panchamoottil

# നിയമിതനായി

**തമ്പി പോത്തൻ കാവുങ്കലിനെ ഫിലാഡൽഫിയ സിറ്റി ഗവൺമെന്റിൽ മാനേജരായി നിയമിച്ചു**



റാന്നി സെന്റ് തോമസ് കോളേജിൽ നിന്ന് ബി. എസ്. സി (ഫിസിക്സ്) ഡിഗ്രിയും ഫിലാഡൽഫിയായിലെ പ്രശസ്ത യൂണിവേഴ്സിറ്റിയായ സെന്റ് ജോസഫ്സിൽ നിന്ന് കമ്പ്യൂട്ടർ സയൻസിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കിയ തമ്പി, റാന്നി കാവുങ്കൽ പരേതനായ കെ. പി. പോത്തന്റെ ദ്വിതീയ പുത്രനാണ്. ഭാര്യ മറിയാമ്മ വാകത്താനം പന്ത്രണ്ടാംകുഴിയിൽ, ക്രിസ്റ്റീന, നിഥീന എന്നിവർ മക്കളാണ്, തമ്പി ഫിലാഡൽഫിയായിലെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമാണ്.

Advt - S

# 30th Wedding Anniversary

04-09-2018



**Kunjumon Abraham (Kunju) & Sherly P. Chacko (Honey)**

**Edasseril Meprathu house, Thottamon, Ranni**

**The Lord continues to bless us with more years together. Happy wedding Anniversary to our Pappa and Mummy**

**By Jeffin Abraham (Newzland)**
**Dr. Renu Abraham & Dr, Mikkin Jacob**

Advt - S

# വിവാഹിതരായി



Advt - R

ചിങ്ങവനം സെന്റ്ജോൺസ് ദയറാപള്ളി ഇടവകയിൽ മണിമല എം. കെ. കുര്യാക്കോസി (സജി)ന്റെയും ജലജ കുര്യാക്കോസിന്റെയും മകൾ **മെറിൻ കുര്യാക്കോസും** റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ ചെട്ടിയാകുളത്ത് കുര്യൻ ചാക്കോ (ബാബു) യുടെയും ശോശാമ്മ ചാക്കോയുടെയും മകൻ **ഡോൺ കുര്യൻ ചാക്കോയും** തമ്മിലുള്ള വിവാഹം 2018 ജൂലൈ മാസം 5-ാം തീയതി വ്യാഴാഴ്ച റാന്നി സെന്റ് തോമസ് വലിയ പള്ളിയിൽ അഭിവന്ദ്യ കുറിയാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# ACHIEVEMENT



**Lydia Susan Abraham, Pattarumadathil** secured 96.2% in CBSE XII$^{th}$ std, **KVPY scholarship**. All India Rank 491 and **NEET MBBS** Kerala Rank 461, she has secured admission in Govt Medical College Kottayam. She is the daughter of Mr. Santhosh Abraham (S/o Mr & Mrs A. P. Joseph, Pattarumadathil, Trivandrum) and Dr. Manju Abraham (D/o Mrs & Late Mr. E. T. Abraham, Ezhumayil, Chingavanam).

# പുണ്യശ്ലോകനായ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ അഭിവന്ദ്യ മോർ ക്ലീമ്മീസ് തിരുമേനി – ഒരനുസ്മരണം

റ്റി. ഒ. ചാക്കോ തുണ്ടിയിൽ, ഇരവിപേരൂർ

ക്നാനായ സമുദായത്തിന് സമസ്ത മേഖലകളിലും, പേരും പെരുമയും സമ്പാദിച്ച് കഴിഞ്ഞ 52 വർഷക്കാലം നമ്മെ മേയിച്ച് ഭരിച്ച് നമ്മിൽനിന്നും വിടവാങ്ങിയ പുണ്യശ്ലോകനായ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ മോർ ക്ലീമ്മീസ് തിരുമേനിയുടെ പാവനസ്മരണകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

റാന്നിയിലെ പുരാതനവും പ്രശസ്തവുമായ വയലാകുടുംബത്തിലെ ഇടിക്കുള-അച്ചുക്കുട്ടി ദമ്പതികളുടെ ആറാമത്തെ മകനായി 1918 ഏപ്രിൽ 22-ന് ജനിച്ചു. ഉണ്ണിക്കുഞ്ഞ് എന്ന് പേരിട്ടു. പിന്നീട് പേര് വി. ഐ. ഏബ്രഹാം എന്ന് മാറ്റി. പ്രാഥമിക വിദ്യാഭ്യാസം റാന്നിയിലും ഹൈസ്കൂൾ വിദ്യാഭ്യാസം ആലുവായിലും നിർവ്വഹിച്ചു. പിന്നീട് കോട്ടയം സി. എം.എസ് കോളേജിലും, പാളയംകോട് സെന്റ് സേവിയേഴ്സ് കോളേജിലും, അണ്ണാമല സർവ്വകലാശാലയിൽ നിന്നും എം. എ. ബിരുദവും സമ്പാദിച്ചു. ആലുവാ തൃക്കുന്നത്ത് സെമിനാരിയിലും മഞ്ഞനിക്കര ദയറായിലും വൈദിക വിദ്യാഭ്യാസം നിർവ്വഹിച്ചു. മിഡിൽ സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ റാന്നി വലിയപള്ളിയിൽ വച്ച് മോർ ദീയസ്കോറിയോസ് തിരുമേനി ഉണ്ണിക്കുഞ്ഞിന് ശെമ്മാശ പട്ടം നൽകി. 1932-ൽ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും പൂർണ്ണ ശെമ്മാശപട്ടം സ്വീകരിച്ചു. 1947-ൽ റാന്നി വലിയപള്ളിയിൽ വച്ച് അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ബാവായിൽ നിന്നും കശ്ശീശാപട്ടം സ്വീകരിച്ചു. പഠനം നടത്തിക്കൊണ്ടിരുന്ന വി. ഐ. ഏബ്രഹാം കശ്ശീശ്ശായെ 1951 മാർച്ച് 29-ന് കൂടിയ ക്നാനായ അസ്സോസിയേഷൻ മെത്രാൻ സ്ഥാനിയായി ഏകകണ്ഠേന തെരഞ്ഞെടുക്കുകയും വിവരം പരി. അന്ത്യോഖ്യാ സിംഹാസനത്തെ അറിയിക്കുകയും ചെയ്തു. തുടർന്ന് ശീമയിലെ മെത്രാപ്പോലീത്തമാരുടെ സഹകരണത്തിൽ പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ ഏബ്രഹാം കശ്ശീശ്ശായ്ക്ക് റമ്പാൻ പദവി നൽകുകയും, 1951 ഏപ്രിൽ 15-ന് ഹോംസിലെ പാത്രിയർക്കാ അരമനപ്പള്ളിയിൽ മോർ ക്ലീമ്മീസ് എന്ന അഭിധാനത്തിൽ ക്നാനായ സമുദായത്തിന്റെ മൂന്നാമത്തെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുകയും ചെയ്തു. തുടർന്ന് ബോംബെ വഴി മദ്രാസ്സിലെത്തിയ തിരുമേനിക്ക് രാജകീയ പ്രൗഢിയോടുകൂടിയ സ്വീകരണമാണ് മലങ്കര സുറിയാനി സഭ നൽകിയത്. ആലുവാ തൃക്കുന്നത്ത് സെമിനാരിയിലെ സ്വീകരണത്തിന് ശേഷം കോട്ടയം വഴി ചിങ്ങവനത്തേക്കുള്ള ജൈത്രയാത്ര ക്നാനായ സമുദായ ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമാണ്. ചിങ്ങവനത്ത് കൂടിയ അനുമോദന മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് ആലുവായിലെ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയായിരുന്നു. അതിനുശേഷം അഭി. തിരുമേനി സമുദായഭരണം ഏറ്റെടുത്തതോടുകൂടി മോർ അപ്രേം സെമിനാരി ചലനാത്മകമായി.

വന്ദ്യതിരുമേനി മോർ അപ്രേം സെമിനാരിയിൽ ഭരണ ശുശ്രൂഷ ഏറ്റെടുക്കുമ്പോൾ സമുദായത്തിന് കാര്യമായ വരുമാനങ്ങളോ നിലം-പുരയിടങ്ങളോ താമസ സൗകര്യമോ ഭരണ ഭദ്രതയോ സാമ്പത്തിക വളർച്ചയോ ഒന്നുമില്ലായിരുന്നു. ഒരു ചെറിയ സെമിനാരി കെട്ടിടവും ചുറ്റുമതിൽ ഇല്ലാതെ കിടക്കുന്ന ചെറിയ സെമിനാരി പുരയിടവും മാത്രം ഉണ്ടായിരുന്നുള്ളൂ. തിരുമേനി ഭരണം ഏൽക്കുമ്പോൾ നമുക്ക് 25 പള്ളികൾ മാത്രം ഉണ്ടായിരുന്നുള്ളൂ. തിരുമേനിയുടെ കാലത്ത് ഇന്ത്യയിൽ 69 പള്ളികളും 81 വൈദികരും അമേരിക്കയിലും, ഗൾഫിലുമായി 11 പള്ളികളും 13 വൈദികരും ഉൾപ്പെടെ 80 പള്ളികളും 94 വൈദികരും ആയി സമുദായം വളർന്നു.

നമ്മുടെ മുൻസമുദായ മെത്രാപ്പോലീത്തമാരും ഭരണാധിപന്മാരും സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുകൾ സഹിച്ചിരുന്നു. അതുപോലെ ഇനിയും ഒരു മെത്രാപ്പോലീത്തന്മാർക്കും മേലിൽ ഉണ്ടാകാതിരിക്കുന്നതിന് മുൻകരുതൽ എന്നോണം 50 ഏക്കർ റബർത്തോട്ടം (എഡേസ്സാ തോട്ടം) കുറിച്ചിയിൽ തോട്ടം, മലബാറിൽ തോട്ടം, കോട്ടയത്ത് കാനാ തോമ്മാ ഹോസ്റ്റൽ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ സമുദായത്തിന് വേണ്ടി സമ്പാദിച്ചു. തിരുമേനിക്ക് പിതൃസ്വത്തായി ലഭിച്ച വസ്തുക്കൾ വിറ്റ് സെമിനാരി പുരയിടത്തിൽ മനോഹരമായ മോർ ക്ലീമ്മീസ് സെന്റർ പണിയിച്ചു. അതിൽനിന്നും വാടകയിനത്തിൽ ഗണ്യമായ ഒരു സംഖ്യ സമുദായത്തിന് മാസംതോറും ലഭിക്കുന്നു. കൂടാതെ ചിങ്ങവനത്ത് മോർ ക്ലീമ്മീസ് സ്കൂൾ, ക്നാനായ സെന്റർ, മലബാർ തോട്ടം, കുല്പമലത്തോട്ടം, വടപുറം സ്കൂൾ, ഓതറ നസ്രേത്ത് ആശ്രമം, ക്നാനായ ദീപം, മോർ ക്ലീമ്മീസ് പ്രസ്സ് എന്നിവ തിരുമേനിയുടെ ഭരണകാല നേട്ടങ്ങളാണ്.


യഹൂദാമതത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച് ശീമയിൽ പ്രത്യേക വിഭാഗമായി ജീവിച്ചിരുന്നവരിൽ നിന്നും പരി. മോർ അപ്രേമിന്റെ നാമധേയ സ്മാരകമായി 3-11-1922 ൽ കല്ലിട്ട് പണിത ചെറിയ ഒരു സെമിനാരി കെട്ടിടത്തിൽ താമസിച്ചിരുന്ന തിരുമേനി, ഇന്ന് കാണുന്ന ആധുനിക നിലവാരത്തിൽ സെമിനാരി കെട്ടിടവും അനുബന്ധ കെട്ടിടങ്ങളും പുതുക്കി പണിയിച്ചു. 1960-ൽ അമേരിക്കയിൽ പോയ തിരുമേനി ന്യൂയോർക്കിലെ തിയോളജിക്കൽ സെമിനാരിയിൽ ചേർന്ന് പഠിച്ച് P.A.R.S ഡിപ്ലോമയും S.T.M ഡിഗ്രിയും കൊളംബിയാ യൂണിവേഴ്സിറ്റിയിൽ നിന്നും MA ബിരുദവും സമ്പാദിച്ചു.

സഭാ ഭരണഘടനാ രീതികളും, എപ്പിസ്കോപ്പൽ തത്വങ്ങളും ജനാധിപത്യ രീതികളും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ഭരണഘടന ക്നാനായ അസോസിയേഷൻ ഏകകണ്ഠമായി അംഗീകരിച്ച് 1-1-1952 മുതൽ നടപ്പിലാക്കി. നമ്മുടെ സുമാദയത്തിന്റെ കെട്ടുറപ്പിന്റെ അടിസ്ഥാനം നമ്മുടെ ഭര

ണഘടനയാണ്. സമുദായത്തിൽപ്പെട്ട പള്ളികൾ എല്ലാം പള്ളി പൊതുയോഗങ്ങളുടെ നിശ്ചയപ്രകാരം രജിസ്റ്റർ ചെയ്ത ആധാരപ്രകാരം സമുദായത്തിന്റെ പൊതുസ്വത്താക്കി തീർത്തു. ഇതുനിമിത്തം പള്ളികളിലെ ഭരണക്രമീകരണ ങ്ങളും പള്ളിവഴക്കുകളും സ്ഥാപിത താല്പര്യങ്ങൾ ഒഴിവാ ക്കുന്നതിനും സഹായകമായി. ക്നാനായ സമൂഹത്തിൽ പള്ളികൾക്ക് വേണ്ടി പട്ടം കൊടുക്കുക എന്ന രീതി നിർത്ത ലാക്കി. മേലിൽ സമുദായത്തിന് വേണ്ടി പട്ടം കൊടുക്കുക എന്ന രീതി നടപ്പിലാക്കി. ബഹു. വൈദികർക്ക് 3 വർഷത്തി ലൊരിക്കൽ സ്ഥലംമാറ്റം നടപ്പിലാക്കുകയും വൈദികർക്ക് കേന്ദ്രീകൃത ശമ്പളസ്കീം, റിട്ടയർ ചെയ്യുന്ന വൈദികർക്ക് പെൻഷനും നടപ്പിലാക്കി.

മലങ്കര യാക്കോബായ ഓർത്തഡോക്സ് വ്യവഹാരത്തോ ടനുബന്ധിച്ച് ഓർത്തഡോക്സ് വിഭാഗം മലങ്കരയിലുള്ള നമ്മുടെ പള്ളികൾ ഉൾപ്പെടെ 1065 പള്ളികളുടെ ഉടമസ്ഥാവ കാശം തങ്ങളുടെ അധീനതയിൽ ലഭിക്കണം എന്നും അവ രുടെ 1934-ലെ ഭരണഘടന പ്രകാരം എല്ലാ പള്ളികളും കോട്ടയം കാതോലിക്കായുടെ ഭരണത്തിൻ കീഴിലാകണം എന്ന ആവശ്യം ഉന്നയിച്ച് കോട്ടയം സബ്കോടതിയിൽ, കോട്ടയം കാതോലിക്കാ ഫയൽ ചെയ്ത കേസിൽ നമ്മുടെ സമുദായം കക്ഷിചേർന്ന് സമർത്ഥമായി കേസ് നടത്തി പ്രസ്തുത കേസ് പിന്നീട് ഹൈക്കോടതിയുടെ പരിഗണ നയ്ക്കും വന്നു. അഭിവന്ദ്യ തിരുമേനി സമർത്ഥമായി കേസ് നടത്തിയതിന്റെ ഫലമായി 20-6-1995 ൽ സിവിൽ അപ്പീൽ Nos. 4958-4960 of 1990 പ്രകാരം ബഹു. സുപ്രീംകോടതി നമ്മുടെ ഭരണഘടന അംഗീകരിച്ചു. 1934-ൽ ഓർത്തഡോ ക്സുകാരുടെ ഭരണഘടന നമുക്ക് ബാധകമല്ല എന്ന് വിധി ച്ചു. നമ്മുടെ സമുദായത്തിന്റെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യപ്പെടുന്ന പ്രസ്തുത കേസ് നമുക്ക് അനുകൂല മായി വിധി സമ്പാദിച്ചതിന്റെ പിന്നിൽ തിരുമേനിയുടെ ബുദ്ധി പരമായ നീക്കങ്ങൾ മാത്രമാണ്.

മലങ്കരസഭയിൽ ക്നാനായ സമൂഹം എന്നും, അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ ഒരു സ്വതന്ത്ര സമു ദായമായിട്ടാണ് നിലനിന്ന് പോന്നത്. ക്നാനായ സമൂഹവും മലങ്കര യാക്കോബായ സഭയുമായി സ്നേഹബന്ധം മാത്ര മാണുള്ളത്. നമ്മുടെ ഭരണഘടന പ്രകാരം എല്ലാ കാര്യ ങ്ങളും നിർവ്വഹിച്ച് പോരുന്ന, നമ്മുടെ പൂർവ്വികന്മാർ നമ്മേ ഭരമേല്പിച്ചിട്ടുള്ള ക്നാനായ സമുദായത്തിന്റെ പ്രത്യേകത കളും ആചാരാനുഷ്ഠാനങ്ങളും സമുദായ സ്വാതന്ത്ര്യവും പരി. അന്ത്യോഖ്യാ ബന്ധവും അഭം ഗുരം നിലനിർത്തിക്കൊണ്ട് ഒരു പ്രത്യേക സമുദായമായി നിലനിന്നുപോകുവാൻ ഇന്നത്തെ തലമുറ ബാദ്ധ്യസ്ഥ രാണ്. നാം ഓരോരുത്തരും കാലാകാലങ്ങളിൽ വരികയും പോകുകയും ചെയ്യും. എന്നാൽ സമുദായത്തിന് ദോഷം വരുന്ന യാതൊരു കാര്യങ്ങളും നാം ചെയ്യരുത് എന്നും വന്ദ്യതിരുമേനി നമ്മെ ഉൽബോധിപ്പിച്ചിരുന്നു. ദൈവ ത്തിന്റെ സ്വന്തജനമായ യഹൂ ദന്മാരിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ പിൻതലമുറ ക്കാരാണ് നാം ഓരോരുത്തരും. നമ്മുടെ പിതാക്കന്മാർ ക്രിസ്തുമതം സ്വീകരിച്ചുവെ ങ്കിലും യഹൂദപാരമ്പര്യ ത്തിലെ ചില ആചാരാനുഷ്ഠാ നങ്ങൾ കാത്ത് സൂക്ഷിച്ചിരു ന്നു. ഈ പാരമ്പര്യത്തിൽ ചില താണ്, മറ്റ് ക്രിസ്ത്യൻ വിഭാ ഗങ്ങളിൽ നിന്നും വ്യത്യസ്ത മായിട്ടുള്ള നമ്മുടെ വിവാഹ ചടങ്ങുകൾ. ചില താല്ക്കാ ലിക സാമ്പത്തിക നേട്ട ങ്ങൾക്കുവേണ്ടി "ക്നാനായ പാരമ്പര്യം വച്ചുകൊണ്ടിരു ന്നാൽ സാമ്പത്തിക നേട്ടം



കൈവരിക്കാൻ സാധിക്കുന്നില്ല", "നമ്മുടെ ഇടയിൽ വിദ്യാഭ്യാസം ഉള്ള യുവാക്കളെ കിട്ടാനില്ല" എന്നും മറ്റും പറഞ്ഞ് ഇതര സമുദായത്തിൽ നിന്നും വിവാഹബന്ധത്തിലേർപ്പെട്ട് ക്നാനായ പൗരത്വം നഷ്ടപ്പെടുത്തുന്നവർ "ഒരു പാത്രം പായസത്തിനായി തന്റെ ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിന് തുല്യമത്രേ." പിന്നീട് ദുഃഖിച്ചിട്ട് കാര്യമില്ല. ധനം കൊണ്ട് പട്ടുമെത്ത വാങ്ങാം - പക്ഷേ ഉറക്കം വാങ്ങിക്കുവാൻ പറ്റുകയില്ല. ധനംകൊണ്ട് പട്ടുവസ്ത്രങ്ങളും ആഡംബര സാധനങ്ങളും വാങ്ങിക്കൂട്ടാം - പക്ഷേ സംതൃപ്തി വാങ്ങുവാൻ പറ്റുകയില്ല. ധനംകൊണ്ട് നല്ല ഡോക്ടർമാരെയും മരുന്നും ലഭിക്കും പക്ഷേ സൗഖ്യം വാങ്ങുവാൻ പറ്റുകയില്ല. ഏറിയ ധനംകൊണ്ട് റോമാ പൗരത്വം സമ്പാദിക്കാം. (അപ്പോസ്തോല പ്രവർത്തികൾ 22:28) എന്നാൽ ധനം കൊടുത്തു ക്നാനായ പൗരത്വം ലഭിക്കില്ല. ഇപ്പോൾ ആധുനിക വ്യക്തിഗത സഭകൾ ധാരാളമായി പുതിയ പുതിയ ഉപദേശങ്ങളുമായി കുമിൾ കുരുക്കുന്നതുപോലെ മുളച്ചുവരുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. അതിന്റെ പിറകെ താല്ക്കാലിക ലാഭത്തിനുവേണ്ടി സത്യവിശ്വാസം നഷ്ടപ്പെടുത്തിപ്പോകുന്നവർക്ക് സമാധാനം ലഭിക്കുന്നില്ല. പരി. അന്ത്യോഖ്യാ സിംഹാസനവുമായി തിരുമേനിയുടെ ജീവിതാവസാനം വരെ നല്ല സ്നേഹബന്ധവും വിധേയത്വവും ഉണ്ടായിരുന്ന പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ കബറടക്ക ശുശ്രൂഷയിലും, പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിലും കബറടക്ക ശുശ്രൂഷയിലും പരി. സഖാ പ്രഥമൻ ബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിലും സംബന്ധിച്ച് നമ്മുടെ കർത്താവിന്റെ കബറിടത്തിൽ വി. കുർബാന അർപ്പിച്ചു. പരിശുദ്ധ സിംഹാസനത്തിൽ നിന്നും നമ്മെ ഒരു പ്രത്യേക സമുദായമായി അംഗീകരിച്ച് പരി. സിംഹാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കി. തൽഫലമായി പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ നമ്മുടെ സമുദായത്തിന് ഒരു വോട്ടിന് അർഹത ലഭിച്ചു. പരി. സിംഹാസനത്തിൽനിന്നും അഭി. തിരുമേനിയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി 'കൂബർ നീത്തിഹാക്കിമോ' എന്ന പദവിയും ലഭിച്ചു. കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ സ്ഥാനവും നൽകി ആദരിച്ചു.

മലങ്കര യാക്കോബായ സഭയ്ക്ക് നേരിടേണ്ടിവന്ന പല പ്രതിസന്ധികളിലും തിരുമേനി നേരിട്ട് നേതൃത്വം നല്കി. ചരിത്രപ്രസിദ്ധമായ ആലുവാ തൃക്കുന്നത് സെമിനാരിയിലേക്കുള്ള "ഗ്രേറ്റ് മാർച്ചിന്" നേതൃത്വം നൽകിയത് തിരുമേനി യായിരുന്നു. നമ്മുടെ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്ന കാലത്ത് മലങ്കര സഭാപ്രശ്നങ്ങൾ ചർച്ച ചെയ്ത് സമാധാനം കൈവരിക്കുന്നതിന് ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി കൊച്ചി ബോൾഗാട്ടി പാലസിൽ വച്ച് നടത്തിയ അനുരഞ്ജന ചർച്ചയിൽ മലങ്കര യാക്കോബായ സഭയെ പ്രതിനിധീകരിച്ച് ഇംഗ്ലീഷ് ഭാഷയിൽ സംസാരിച്ച് നേതൃത്വം നൽകിയത് തിരുമേനിയായിരുന്നു. മലങ്കര സഭയിലും മറ്റ് ഇതര ക്രിസ്തീയ സഭയിലും തിരുമേനിയുടെ അഭിപ്രായങ്ങൾ എല്ലാവരും അംഗീകരിച്ചിരുന്നു. കേരളം ഭരിച്ചിരുന്ന എല്ലാ സർക്കാരുകളുമായി നല്ല സ്നേഹബന്ധം പുലർത്തിയിരുന്നു. വിദ്യാഭ്യാസ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയതും നമുക്ക് അഭിമാനിക്കാം. കേരളത്തിലെ പ്രമുഖ സംഘടനകളായ എൻ.എസ്.എസ്, എസ്.എൻ.ഡി.പി, മുസ്ലീം വിഭാഗങ്ങളുമായി തിരുമേനി നല്ല സ്നേഹബന്ധം പുലർത്തിയിരുന്നു.

നമ്മുടെ ക്നാനായ തനിമ നിലനിറുത്തുന്നതിൽ തിരുമേനി ബദ്ധശ്രദ്ധനായിരുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകുക വഴി, നമ്മുടെ ഭവനങ്ങൾ സാമ്പത്തികാഭിവൃദ്ധി പ്രാപിക്കുന്നതിനും, മദ്യവിമുക്ത ക്നാനായ സമൂഹം വളർത്തിയെടുക്കുന്നതിനും, മരണം വരും എന്ന് എപ്പോഴും നമ്മേ ഓർമ്മിപ്പിക്കുകയും, സൂര്യനുദിക്കും മുൻപേ എഴുന്നേറ്റ് പ്രാർത്ഥിക്കണം (സങ്കീർത്തനം 119:147) എന്നും ക്നാനായ സമൂഹം വിശുദ്ധജനം ആയി തീരണം എന്നും തിരുമേനി നമ്മേ ഉപദേശിച്ചിരുന്നു. ആകാശവും ഭൂമിയും ഉള്ളിടത്തോളം കാലം ഈ സമുദായത്തിന് ഒരു കോട്ടവും സംഭവിക്കില്ല എന്നും തിരുമേനി നമ്മേ ഓർമ്മിപ്പിച്ചിരുന്നു.

1951 മുതൽ സുദീർഘമായ 52 വർഷം നമ്മുടെ സമുദായത്തെ പുരോഗതിയുടെ ഉത്തുംഗ സോപാനത്തിലേക്ക് നയിച്ച യുഗപ്രഭാവനാണ് മോർ ക്ലീമീസ് തിരുമേനി. കാറ്റും കോളും നിറഞ്ഞ സാഹചര്യങ്ങളെ അതിജീവിച്ച് ഭദ്രദീപം പോലെ ഈ കൊച്ചു സമുദായത്തെ പരിരക്ഷിക്കുന്നതിന് തിരുമേനിക്ക് കഴിഞ്ഞിട്ടുണ്ട്. തലമുറ തലമുറയായി ഒക്കെ മാറിപ്പോരുന്ന സുറിയാനി സഭയുടെ സത്യവിശ്വാസം, കണ്ണിന്റെ കൃഷ്ണമണിപോലെ വിട്ടുവീഴ്ച ഇല്ലാതെ കാത്തുസൂക്ഷിച്ച കാവൽ ഭടനാണ് വന്ദ്യ തിരുമേനി. കഴിഞ്ഞ 52 വർഷം സഭയുടെ വിശ്വാസപ്രമാണങ്ങളും ആരാധനാക്രമങ്ങളും പാരമ്പര്യങ്ങളും യാതൊരു വ്യത്യാസവും കൂടാതെ പരിരക്ഷിച്ചുവെന്ന ഒറ്റകാര്യം അഭിവന്ദ്യ തിരുമേനിയെ അനശ്വരനാക്കി തീർത്തു.

തിരുമേനി എല്ലാ കാര്യങ്ങളിലും കൃത്യനിഷ്ഠയോടുകൂടി പ്രവർത്തിച്ചിരുന്നു. സമയനിഷ്ഠ പാലിക്കുന്നതിൽ അതീവ ജാഗരൂകനായിരുന്നു. അഭി. തിരുമേനി അർപ്പിക്കുന്ന വി. കുർബാന മറ്റ് കൂദാശകൾ ആദ്യവസാനം ആകർഷകമാണ്. ഒരു പരിപാടിയിൽ സംബന്ധിക്കാം എന്ന് സമ്മതിച്ചു കഴിഞ്ഞാൽ കൃത്യസമയത്ത് എത്തിയിരിക്കും. സന്ദർഭത്തിന് അനുസരിച്ച് വസ്ത്രധാരണം ചെയ്യും. സന്ദർഭത്തിന് അനുസരിച്ച് പ്രസംഗിക്കുന്നതിനുള്ള കഴിവ് തിരുമേനിക്കുണ്ടായിരുന്നു.

ക്നാനായക്കാർ എന്ന പേര് നമുക്ക് പണ്ടുമുതൽ തന്നെ ഉണ്ടായിരുന്നെങ്കിലും "തെക്കും ഭാഗർ" എന്ന പേരിൽ മറ്റുള്ളവർ നമ്മേ ചില സാഹചര്യത്തിൽ വിളിച്ചിരുന്നു. എന്നാൽ ഇന്ന് 'ക്നാനായ' സംജ്ഞ കൂടുതൽ വ്യാപകമായിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പേരിനോട് "ക്നാനായ" എന്ന് ചേർക്കാൻ തിരുമേനി നിഷ്കർഷ ചെലുത്തിയതിന്റെ സദ്ഫലമാണ് നമ്മേ ക്നാനായക്കാർ എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നത്.

അഭി. തിരുമേനിയെക്കുറിച്ചുള്ള ഓർമ്മകൾ നിലനിറുത്തി, വരുംതലമുറയ്ക്ക് പകർന്ന് കൊടുക്കുന്നതിന് നാം ബാധ്യസ്ഥരാണ്. സസമുദായത്തിനുവേണ്ടി, തിരുമേനിയുടെ പിതൃസ്വത്തുക്കൾ എല്ലാം വിനിയോഗിക്കുകയും ജീവിതകാലം മുഴുവൻ സമുദായത്തിനുവേണ്ടി സമർപ്പിച്ച്, നമ്മിൽ നിന്നും വാങ്ങിപ്പോയ വന്ദ്യനും ശ്രേഷ്ഠനും ആയ പ്രധാനാചാര്യന്റെ പേര് സുറിയാനി സഭ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുന്നതിന്, ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

"ആചാര്യേശാമ്ശിഹാ കൂദാശകളർപ്പിച്ച

ഈ ശ്രേഷ്ഠാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

# സ്വാതന്ത്ര്യ സമരത്തിലെ സ്ത്രീ സാന്നിധ്യം

പ്രൊഫ. ടോണിമാത്യു

ആയിരക്കണക്കിനു ധീരത്മാക്കളുടെ ത്യാഗോജ്വലമായ ജീവിത ഗാഥയാണ്, നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ അത്ഭുത കഥ. പുണ്യചരിതയായ ഭാരതാംബയുടെ മോചനത്തിനുവേണ്ടി, നോമ്പുനോറ്റ് രണാങ്കണത്തിലിറങ്ങി, സാഹസികമായ പോരാട്ടം നടത്തിയ ദേശാഭിമാനികളായ സ്ത്രീകളുടെ പാവനനാമം, അനശ്വരതയുടെ അക്ഷരങ്ങളിലാണ്, സ്വാതന്ത്ര്യ സമരത്തിന്റെ വീരേതിഹാസത്തിൽ ആലേഖനം ചെയ്തിരിക്കുന്നത്. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മഹാമന്ത്രം ജപിച്ച ഗാന്ധിജിയായിരുന്നു അവരുടെ മാർഗദർശി. മനസും മസ്തിഷ്ക്കവും നിറയെ സ്വാതന്ത്ര്യവാഞ്ഛയുടെ ശംഖൊലി! ബാലികമാരും ഗർഭിണികളും കൈകുഞ്ഞുങ്ങളെ എടുത്തുകൊണ്ട് അമ്മമാരും വൃദ്ധകളും തെരുവിലിറങ്ങി മുദ്രാവാക്യം വിളിച്ചു. ജാഥ നയിച്ചു. ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റുവീണു വീരചരമം പ്രാപിച്ചു.

തങ്ങളുടെ ആയുസും വപുസും ആത്മതപസും മാതൃരാജ്യത്തിനുവേണ്ടി സമർപ്പിച്ച സ്ത്രീരത്നങ്ങളിൽ പ്രാതസ്മരണീയയാണ് ത്ഡാൻസിയിലെ റാണി ലക്ഷ്മീഭായ്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും പ്രജകളുടെ ക്ഷേമൈശ്വര്യങ്ങൾക്കുംവേണ്ടി വെള്ളക്കാരോട് പടപൊരുതി വീരമൃത്യു വരിച്ച അനശ്വരകഥാപാത്രം!

പുരുഷപ്പടയാളിയുടെ വേഷമിട്ട്, കൈയിലുയർത്തിപ്പിടിച്ച വാളുമായി, കുതിരപ്പുറത്തേറി രണാങ്കണത്തിലേക്കു കുതിക്കുന്ന റാണി ഒരു വിസ്മയദൃശ്യമായിരുന്നു. അക്രമവും അനീതിയും സഹിച്ച്, വെള്ളക്കാരുടെ ചൊല്പടിക്കു നിൽക്കുന്നത്, ഭാരതസ്ത്രീകളുടെ ഭാവശുദ്ധിക്കു ചേർന്നതല്ലെന്നവർ വിശ്വസിച്ചു. യുദ്ധമെങ്കിൽ യുദ്ധം! അപമാനിതയായി ജീവിക്കുന്നതിലും ഭേദം അഭിമാനമത്തോടെ മരിക്കുന്നതാണെന്ന് റാണി വിശ്വസിച്ചു.

1857 ൽ ത്ഡാൻസിയിലും കല്പിയിലും കഞ്ചുവിലും ഗ്വാളിയറിലുംവെച്ച് അവർ വിദേശസേനയോടേറ്റുമുട്ടി. ദേശാഭിമാനിയായ താന്തിയാത്തോപ്പേയുടെ സഹായം റാണിക്കു ലഭിച്ചു.

ബ്രിട്ടീഷ് പട്ടാളത്തെ അത്ഭുപരതന്ത്രരാക്കുന്ന യുദ്ധമുറകളായിരുന്നു റാണിയുടേത്. മിന്നൽ വേഗത്തിൽ വാളിളക്കി നിരവധി സൈനികരെ വകവരുത്തി. പക്ഷേ, അധികനേരം ആ വീരപോരാട്ടം തുടർന്നില്ല. പ്രിയസഖി തുംഗ വെടിയേറ്റു വീഴുന്നതവർ കണ്ടു. ഒരു നിമിഷം, ഇല്ല ഒരു നിമിഷാർദ്ധം റാണി നിശ്ചലയായിപ്പോയി! അപ്പോഴേക്കും പത്മവ്യൂഹത്തിലകപ്പെട്ട അഭിമന്യുവിനെപ്പോലെ, അവർ പട്ടാളക്കാരാൽ വലയം ചെയ്യപ്പെട്ടു. റാണിയുടെ മാന്ത്രക്കുതിര വെടിയേറ്റുവീണു. പരുക്കേറ്റ ആ വീരയോദ്ധാവ് 1857 ജൂൺ 17-ാം തീയതി വീർസ്വർഗം പ്രാപിച്ചു.

"യുദ്ധക്കളത്തിൽ ഞാൻ മരിച്ചുവീഴും. എന്നാൽ എന്റെ ശവശരീരം ആ മ്ലേച്ഛന്മാർ തൊടാൻ നിങ്ങൾ അനുവദിക്കരുത്" പടക്കളത്തിലെ ഈ അന്ത്യമൊഴിയിൽ റാണിയുടെ ദേശാഭിമാനവും സ്വതന്ത്ര്യ ബോധവും ആത്മധൈര്യവും നിറഞ്ഞുനിൽക്കുന്നുണ്ട്.

സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിപ്പോരാളികളിൽ അദ്വീതീയയാണ് ഡോ. ആനി ബസന്റ്. ഇംഗ്ലണ്ടിൽ ജനിച്ചെങ്കിലും ഭാരതത്തെ പെറ്റമ്മയും പോറ്റമ്മയുമായി സ്വീകരിച്ചവരാണവർ. തിയോസഫിക്കൽ സൊസൈറ്റിയിലൂടെ ഭാരതത്തിന്റെ ആധ്യാത്മിക പൈതൃകത്തെയും ഹോം റൂൾ ലീഗിലൂടെ സ്വാതന്ത്ര്യ സമരത്തെയും ഉൾക്കൊണ്ട വ്യക്തിയാണ് ഡോ. ബസന്റ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ വനിതാ പ്രസിഡന്റ് അവരായിരുന്നു. ശ്രീമതി ബസന്റിന്റെ പ്രഭാഷണങ്ങളും പ്രബന്ധങ്ങളും സമരഭടന്മാർക്കുണർവേകുന്നതായിരുന്നു.

"സ്വയംഭരണാവകാശം വേണമെന്ന് ഇൻഡ്യമുമ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നും ആവശ്യപ്പെടുന്നു. ഇനിയും ആവശ്യപ്പെടും. സ്വാതന്ത്ര്യം ബ്രിട്ടന്റെ ഔദാര്യമായിട്ടല്ല, ഇൻഡ്യയുടെ അവകാശമായിട്ടാണ് ഞാൻ കാണുന്നത്" ആനിബസന്റിന്റെ ധീരോദാത്തമായ ഈ ആഹ്വാനം ഭാരതീയരുടെ രക്തസിരകളെ ത്രസിപ്പിക്കുന്നതായിരുന്നു!

സ്വാതന്ത്ര്യ സമരത്തിനു കരുത്തും കർമ്മശേഷിയും നൽകിയ അവരെ അറസ്റ്റു ചെയ്തു തടവിലാക്കി. ദേശീയ നേതാക്കളുടെയും ലോകനേതാക്കളുടെയും ശ്രമഫലമായി ജയിൽ വിമുക്തയായ അവർ പറഞ്ഞ വാക്കുകൾ സ്വാതന്ത്ര്യത്തിന്റെ അമൃതം കിനിയുന്നതാണ്.

"ഞാൻ അപമാനിതയായപ്പോൾ, നിങ്ങളെന്നെ ആദരിച്ചു. ഞാൻ ആരോപണവിധേയയായപ്പോൾ, നിങ്ങളെന്നിൽ വിശ്വാസമർപ്പിച്ചു. ബ്രിട്ടീഷുകാർ എന്നെ അടിച്ചമർത്തിയപ്പോൾ, നിങ്ങളെന്നെ നേതൃത്വപദവിയിലേക്കുയർത്തി. ഞാൻ നിങ്ങളെ നിർവ്യാജം സ്നേഹിച്ചപ്പോൾ, നിങ്ങളെന്നെ നേതാവും ജേതാവുമാക്കി. നിങ്ങളോടുള്ള നന്ദി പറയാനുള്ള വാക്സാമർത്ഥ്യം എനിക്കില്ല. നിങ്ങൾ നൽകിയ സ്വാതന്ത്ര്യമാകുന്ന ഈ പാരിതോഷികം മാതൃഭൂമിക്കുവേണ്ടി ഞാൻ ചെലവഴിക്കും. എന്റെ ഭാവി ജീവിതം ഭാരതാംബയ്ക്കുള്ളതാണ്. ഭാരതമാതാവിന്റെ ബലിവേദിയിൽ എന്നെ ഞാനിതാ സമർപ്പിക്കുന്നു. നമുക്കൊന്നിച്ച് ഉച്ചൈസ്തരം ഉദ്ഘോഷിക്കാം. വന്ദേ മാതരം, വന്ദേ മാതരം!.

ഭാരതത്തിന്റെ വാനമ്പാടി എന്നു ഗാന്ധിജി വിശേഷിപ്പിച്ച, സരോജിനി നായിഡുവിന്റെ സമരസന്നദ്ധതയും നമ്മിൽ ഭക്ത്യാദരവുകൾ വളർത്തുന്നതാണ്. സ്വദേശാഭിമാനത്തിന്റെയും സ്വാതന്ത്ര്യവാഞ്ഛയുടെയും പടപ്പാട്ടുകൾ പാടികൊ

ണ്ടാണ് അവർ സ്വാതന്ത്ര്യസമരവിഹായസിൽ പാടിപ്പറന്നത്.

ഉപ്പു സത്യാഗ്രഹത്തിൽ ഗാന്ധിജിയെ അറസ്റ്റു ചെയ്തപ്പോൾ, സരോജിനിയാണ് പിന്നീടു നേതൃത്വം നൽകിയത്. ഗാന്ധിജിയുടെ അറസ്റ്റും വിചാരണയും ശിക്ഷയും യേശുക്രിസ്തുവിന്റേതിനു തുല്യമാണെന്ന് അവർ പറഞ്ഞു. നിരപരാധി ക്രൂശിക്കപ്പെടുന്നു എന്നതാണിതിന്റെ അർത്ഥം.

റൗലക്ട് ആക്ടിനും ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്കുമെതിരെ സമരം നയിച്ചതിനു തടവറയിലായ സരോജിനിനായിഡു അനർഗളമായ കാവ്യരചനക്കൊപ്പം അസാധാരണമായ വാക്പാടവത്തിനും ഉടമയായിരുന്നു. അവർ യുവജനങ്ങൾക്കു നൽകിയ സന്ദേശം ശ്രദ്ധേയമാണ്.

“നമ്മുടെ സമരം ആത്മശുദ്ധിയും ആത്മത്യാഗവും ഉൾക്കൊള്ളുന്ന ഒരു സമരമാണ്. അതിൽ പങ്കാളികളാകാൻ, സ്വാതന്ത്ര്യത്തിന്റെ സുവർണപതാകകളുമേന്തി രണാങ്കണത്തിലണിനിരിക്കൂ! ഭാരതത്തിലെ ആദ്യത്തെ വനിതാ ഗവർണറും സരോജിനിനായിഡുവാണ്.

ഭർത്താവിനോടൊപ്പം, സ്വാതന്ത്ര്യസമരത്തിൽ ത്യാഗോജ്വലമായ സേവനമനുഷ്ഠിച്ച മഹതിയാണ് കമലാ നെഹ്റു. ഗാന്ധിജി ആഹ്വാനം ചെയ്ത സ്വദേശി പ്രസ്ഥാനത്തിന്റെ പ്രചാരണാർത്ഥം ഗ്രാമാന്തരങ്ങളിൽ സഞ്ചരിക്കുന്നതിൽ കമല ഉത്സാഹം കാണിച്ചു. സ്വാതന്ത്ര്യം അർത്ഥപൂർണ്ണമാകണമെങ്കിൽ, ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയരണമെന്ന് അവർ വിശ്വസിച്ചു. നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിൽ വാസവും അവരനുഭവിച്ചു.

ഭർത്താവിന്റെ കാലടിപ്പാടുകൾ പിന്തുടരുന്നതിൽ അഭിമാനിച്ചിരുന്ന കമലയുടെ ആത്മാഭിമാനവും ആർജ്ജവും നിറഞ്ഞ ഒരു കത്തിലെ, ദേശസ്നേഹവും സ്വാതന്ത്ര്യദാഹവും പ്രതിഫലിപ്പിക്കുന്ന ചില വാക്കുകൾ കേൾക്കൂ.

“എന്റെ രോഗമോർത്ത് അങ്ങ് ദുഃഖിക്കരുത്” ഭാരത്തിന്റെ സ്വാതന്ത്ര്യത്തെ അപേക്ഷിച്ച്, എത്രയോ നിസ്സാരമാണ് എന്റെ ജീവൻ. അങ്ങ് ഇൻഡ്യയിലേക്ക് മടങ്ങിപ്പോയി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുക. ഇൻഡ്യ സ്വതന്ത്രയാവുന്നതു കാണാൻ എനിക്കു സാദ്ധ്യമാവുമോ എന്ന കാര്യം സംശയമാണ്. സ്വതന്ത്ര ഇൻഡ്യയിൽ ജീവിക്കാൻ അങ്ങെക്കെങ്കിലും കഴിഞ്ഞാൽ അത് എന്റെ ഭാഗ്യമായി കരുതും!'

ഡോ. ആനി ബസന്റിനെപോലെ, ഇംഗ്ലണ്ടിൽനിന്ന് ഇൻഡ്യയിൽ വന്ന് താമസിച്ച്, നമ്മുടെ സ്വാതന്ത്ര്യ സമരത്തെ സഹായിച്ചവരാണ് മാഡലൈൻ സ്ലേഡും സമിയോസ് എലീനയും പക്ഷേ, ഈ പേരുകൾ ആരും തിരിച്ചറിയുമെന്ന് തോന്നുന്നില്ല. ഗാന്ധിജി അവർക്കു നൽകിയ പേര് മീരാബെന്നെന്നും സരളാ ബന്നെന്നുമാണ്.

വാർദ്ധാ ആശ്രമത്തിൽ ഗാന്ധിജിയോടൊത്തു പാർത്ത്, അദ്ദേഹത്തിന്റെ കർമ്മപരിപാടികളിൽ സജീവ സാന്നിധ്യമായി മാറിയ വ്യക്തിയാണ് സരളാബെൻ. ക്വിറ്റിന്ത്യാസമര കാലത്ത്, അൽമോറയിൽ പ്രവർത്തിച്ച അവരെ ‘അൽമോറയിലെ അപകടകാരി’ എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് അറസ്റ്റു ചെയ്തത്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി ‘കസ്തുർബാ മഹിളാ ഉത്ഥാൻ മണ്ഡൽ’ സ്ഥാപിച്ച അവർ സാഹിത്യ പ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തിയിരുന്നു.

ഗാന്ധിജിയുടെ സെക്രട്ടറിമാരിൽ ഒരാളായി സബർമതി ആശ്രമത്തിൽ വസിച്ച മീരാബെന്നും ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തു. മഹാത്മജിയോടൊപ്പം വട്ടമേശ സമ്മേളനത്തിന് ഇംഗ്ലണ്ടിൽപോയിട്ടുള്ള മീരാബെന്നിന് ഉപ്പുസത്യഗ്രഹത്തിലും മറ്റും പങ്കെടുത്തതിന് നിരവധി തവണ ജയിൽശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഖാദിവസ്ത്രത്തിന്റെ പ്രചാരണത്തിന് അവർ അഹോരാത്രം പ്രയത്നിച്ചു. ഹരിജനോത്ഥാരണ പ്രവർത്തനത്തിലും ഏർപ്പെട്ടു. ഭാരതത്തെ ഹൃദയപൂർവ്വം സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത ഈ വിദേശ വനിതകളുടെ പാദപീഠത്തിങ്കൽ നമുക്കു നമ്രശിരസ്കാരാവാം.

അഖിലേന്ത്യാ വനിതാ സംഘടനയുടെ പ്രസിഡന്റായിരുന്ന അമൃതാകൗറും സംഘടനയുടെ സെക്രട്ടറിയായിരുന്ന അമ്മു സ്വാമിനാഥനും ക്വിറ്റ്യന്ത്യാസമരത്തിൽ പങ്കെടുത്ത് ജയിൽ ശിക്ഷ അനുഭവിച്ച ധീരദേശാഭിമാനികളാണ്. അമ്മു സ്വാമിനാഥന്റെ മകൾ ക്യാപ്റ്റൻ ലക്ഷ്മിയുടെ ധീരസാഹസിക ജീവിത കഥ അത്ഭുതാദരങ്ങളോടെ അനുസ്മരിക്കാനാവൂ.

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ഇൻഡ്യൻ നാഷണൽ ആർമി (INA)യിലെ, ത്ഡാൻസി റാണി രെജിമെന്റിൽ ക്യാപ്റ്റൻ ആയിരുന്നു അവർ. സായുധവിപ്ലവത്തിലുടെ ഭാരതത്തെ സ്വതന്ത്രയാക്കാമെന്ന ആത്മാർത്ഥ വിശ്വാസമായിരുന്നു അവരുടെ കർമ്മശക്തി. അതിനുവേണ്ടി അവരനുഷ്ഠിച്ച മഹനീയ സേവനങ്ങൾ വരും തലമുറ കൃതജ്ഞതയോടെ ഓർക്കുകയും വിസ്മയാധീനരാകുകയും ചെയ്യും.

സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തു ചാടിയ മറ്റു രണ്ടു ധീര മലയാളി വനിതകളാണ് കുട്ടിമാളു അമ്മയും അക്കാമ്മ ചെറിയാനും. സിവിൽ നിയമ ലംഘനത്തിനും വിദേശവസ്ത്ര ബഹിഷ്ക്കരണത്തിനും അറസ്റ്റു ചെയ്യപ്പെട്ട കുട്ടിമാളു അമ്മ പല പ്രാവശ്യം തടവറയിൽ കിടന്നിട്ടുണ്ട്. രണ്ടു മാസം പ്രായമായ കൈകുഞ്ഞുമായാണ് ഒരിക്കലവർ കാരാഗൃഹത്തിലേക്കു പോയത്. ആ അസാധാരണ സംഭവം അഖിലേന്ത്യാ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. അക്കാമ്മ ചെറിയാന്റെ അനന്യമായ രാജ്യസ്നേഹവും അദമ്യമായ സ്വാതന്ത്ര്യ ദാഹവും കാലത്തെ അതിജീവിക്കുന്ന പുളകപ്രസരം നൽകുന്നതാണ്.

സ്വതന്ത്ര ഇൻഡ്യയുടെ ദേശീയപതാക രൂപകല്പന ചെയ്യുന്നതിലും ഒരു ധീരവനിതയുടെ നിറസാന്നിദ്ധ്യമുണ്ടായിരുന്നു. മദാംകാമ, വീരസവർക്കറുമായി ആലോചിച്ചാണ് ത്രിവർണ്ണപതാകയ്ക്കു രൂപം കൊടുത്ത് 1907 ൽ ജർമ്മനിയിലെ സ്റ്റർട്ട്ഗാർട്ടിൽ ചേർന്ന യോഗത്തിൽ പതാക പ്രദർശിപ്പിച്ചുകൊണ്ട് അവർ പറഞ്ഞു.

“ഇതാ, ഇവിടെ ഇതു ജനിച്ചിരിക്കുന്നു ഇൻഡ്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ പുണ്യപതാക”.

ആയിരക്കണക്കിനാളുകൾ ഹർഷാരവത്തോടെയാണ് മദംകാമയുടെ വാക്കുകൾ കേട്ടത്. ഇന്ദുലാൽ യാജ്ഞിക്ക് എന്ന വിപ്ലവകാരി ഈ പതാക ഇൻഡ്യയിലേക്ക് ഒളിച്ചു കടത്തി. ലാഹോർ കോൺഗ്രസിൽ പണ്ഡിറ്റ് നെഹ്റു, ത്രിവർണ്ണ പതാക ആദ്യമായി ഇൻഡ്യൻ മണ്ണിൽ ഉയർത്തുകയും ചെയ്തു.

മദാംകാമയുടെ പ്രാണസ്പന്ദനവും ഹൃദയനാദവും നിറഞ്ഞു നിൽക്കുന്ന വരികൾക്കൂടെ കേൾക്കാം.

“ഇൻഡ്യാക്കാരേ, ആത്മാഭിമാനം പ്രദർശിപ്പിച്ച് പ്രവർത്തി

ക്കുവിൻ.... സ്വാന്ത്ര്യത്തിനു വില കൊടുത്തേ തീരൂ. നാം ഉണർന്നു കഴിഞ്ഞു. നമ്മുടെ മർദ്ദകരെ നിരാകരിക്കുക. നമുക്ക് സ്വരാജ്യം തിരിച്ചുകിട്ടണം. ഇംഗ്ലീഷുകാരന്റെ ഓക്കു മരത്തെക്കാൾ നല്ലത് നമ്മുടെ ആൽമരമാണ്. ബ്രിട്ടീഷ് നാഗരികതയെക്കാൾ ഉന്നതവും ഉദാത്തവും നമ്മുടെ സംസ്ക്കാരമാണ്...!"

മഹാത്മഗാന്ധിയുടെ പത്നി കസ്തൂർബാ, മോത്തിലാൽ നെഹ്റുവിന്റെ സഹധർമ്മിണി സ്വരൂപ്റാണി, പണ്ഡിറ്റ്ജിയുടെ സഹോദരിയായ വിജയലക്ഷ്മി പണ്ഡിറ്റ്, കൃഷ്ണാഹഥീസിങ്ങ്, ജയപ്രകാശ് നാരായണന്റെ ഭാര്യ പ്രഭാവതി, ലാഹോറിലെ സുട്ചി സഹോദരിമാർ, ദുർഗാബായി ദേശ്മുഖ്, രമാബായി സരസ്വതി, ഹിരാബായി ടാറ്റാ, അരുണാ ആസഫലി, മഞ്ജുഭാഷിണി തുടങ്ങിയ എത്രയോ മഹതികളാണ് മാതൃഭൂമിയുടെ മോചനത്തിനായി അക്ഷീണം പ്രയത്നിച്ചത്!

ക്വിറ്റിന്ത്യാസമരത്തിൽ പങ്കെടുത്ത്, മിഡ്നാപ്പൂരിലെ വെടിയേറ്റുവീണ, 73 വയസ്സുള്ള മാതാംഗിനിയും അസമിലെ ഗോഹപ്പൂർ പോലീസ്സ്റ്റേഷന്റെ മുകളിൽ ദേശീയപതാക ഉയർത്തിയതിന്റെ പേരിൽ കൊല്ലപ്പെട്ട കനകലതയും പതാക രക്ഷിക്കാനുള്ള ശ്രമത്തിൽ ജീവൻ വെടിഞ്ഞ രത്നയും, സ്വാതന്ത്ര്യത്തിന്റെ മുലപ്പാൽ കുടിക്കുന്നതിനുവേണ്ടി മാതൃഭൂമിയുടെ മാറോടണഞ്ഞ അരുമസന്താനങ്ങളാണ്. ആ മണ്ണിലെ ചോരയുടെ ഈർപ്പത്തിൽനിന്നു വീണ്ടും വീണ്ടും വിപ്ലവകാരികൾ ഉയിർകൊണ്ടു!

വിപ്ലവകാരികളെ സംരക്ഷിച്ചതിന്റെ പേരിൽ പീഡന മേറ്റവരാണ് സാവിത്രിദേവിയും പ്രീതിലതയും. ഇനിയുമെത്രയോ പേർ.... പിതാവു നഷ്ടപ്പട്ടവർ, ഭർത്താവു നഷ്ടപ്പെട്ടവർ, മക്കൾ നഷ്ടപ്പെട്ടവർ.. ആ ത്യാഗകഥകൾ, ആ ദുഃഖഗാഥകൾ, തലമുറകളെ ഹർഷ പുളകിതരാക്കിക്കൊണ്ട് അനശ്വരതയിലേക്കു നടന്നു നീങ്ങുന്നു!

വന്ദേ മാതരം!

# പ്രളയം

**എ. മർക്കോസ്, തോട്ടോത്ര**

മഴ വേണം, മഴ വേണം
മഴവേണേൽ മരം വേണം
മരമില്ലേൽ മഴയില്ല
മഴയില്ലേൽ മാനുഷരില്ല
എന്നു പാടി നടന്നോർ...
പ്രകൃതി സ്നേഹത്തിന്റെ
മൂടുപടമണിഞ്ഞ
ആഗോള തപനത്തിന്റെ
കൂലി എഴുത്തുകാർ....
"മലരണിക്കാടുകൾ
തിങ്ങി വിങ്ങി
മരതക കാന്തിയിൽ
മുങ്ങി മുങ്ങി"...
നിൽക്കുന്ന
സസ്യ ശ്യാമള കോമളമായ
കേരം തിങ്ങിടും കേരളത്തെ...
ദൈവത്തിന്റെ സ്വന്തം നാടിനെ...
പച്ചപുതപ്പിക്കുവാൻ
കച്ചകെട്ടിയിറങ്ങിയിരിക്കുന്ന
ഗാഡ്ഗിലുമാരുടെയും
രങ്കൻമാരുടെയും
പുഴുകുത്തിയ പുസ്തകത്താളുകളുടെ
പ്രഘോഷകരായ സ്വാർത്ഥതല്പരർ
തിരുത്തി വരച്ചു... വിളിച്ചു പറഞ്ഞു
**മരം വെട്ടിയതാണൂ പോലും**
**മഴ പെയ്യാൻ കാരണം!**


ഉരുളുകൾ പൊട്ടി,
പാറകൾ പിളർന്നു,
മലകൾ ഇടിഞ്ഞു
മരങ്ങൾ മറിഞ്ഞു
ഡാമുകൾ നിറഞ്ഞു,
നിറഞ്ഞു തുളുമ്പി...
പ്രളയജലം
ആർത്തലച്ചൊഴുകി
തീരങ്ങൾ തകർന്നു
വീടുകൾ ഇടിഞ്ഞു
ഇടിഞ്ഞു മറിഞ്ഞു.
മനുഷ്യർ മരിച്ചു
മാടുകൾ ചത്തു
കോഴികൾ ചത്തു
കൃഷികൾ നശിച്ചു...
മനുഷ്യർ പ്രാണനായി പാഞ്ഞു
ലക്ഷങ്ങൾ ദുരിതക്കയത്തിൽ മുങ്ങി
മനുഷ്യന്റെ സ്വപ്നവും അദ്ധ്വാനവും
പ്രളയം തച്ചുടച്ചു,
സംഹാരനൃത്തമാടി.
മനുഷ്യനും മാടും നാൽക്കാലികളും
ആ പ്രളയതാഢനത്തിൽ
ജീവാർപ്പണം ചെയ്തു.
ഇവിടെ,
പ്രകൃതിയുടെ വിസ്പോടനത്തിൽ
മനുഷ്യനുണർന്നു
മാനവികത വിരിഞ്ഞു.
മതങ്ങളും വിശ്വാസങ്ങളും
ആചാരങ്ങളും
അനുഷ്ടാനങ്ങളും പൊലിഞ്ഞു.
മുങ്ങുന്ന വെള്ളത്തിൽ
മുലയൂട്ടുന്ന മാതൃത്വവും
പ്രസവവേദന കൊള്ളുന്ന
സ്ത്രീത്വത്തെ കരുതുന്ന സൈനികരും
കടലലകളെ വെല്ലുന്ന
കരുത്തരും നിസ്വാർത്ഥരുമായ
കടലിന്റെ മക്കളും,
തങ്ങളുടെ രക്ഷാ ദൗത്യത്തിൽ
ജീവാർപ്പണം ചെയ്ത മനുഷ്യ സ്നേഹികളും,
**മാനവികതയുടെ തീഷ്ണ ജ്വാലകളായി**
**നമ്മുടെ ഹൃദയാന്തരാളങ്ങളെ**
**എന്നെന്നും പ്രോജ്വലിപ്പിക്കട്ടെ!**

# ലൂയിപാസ്ചർ- മൈക്രോബയോളജിയുടെ പിതാവ്

എബി

പേപ്പട്ടി വിഷമെന്നു കേൾക്കുമ്പോൾ നാം ആദ്യം ഓർക്കുന്നത് ലൂയിപാസ്ചർ എന്ന രസതന്ത്ര ശാസ്ത്രജ്ഞനെയാണ്. ബാക്ടീരിയോളജിയുടെയും പ്രതിരോധ മരുന്നുകളുടെയും രംഗത്തെ വഴികാട്ടിയാണ് അദ്ദേഹം. വൈദ്യശാസ്ത്രത്തിന് ഒട്ടേറെ സംഭാവനകൾ നൽകിയ ലൂയിപാസ്ചർ പേവിഷത്തിന് പ്രതിരോധകുത്തിവയ്പ് കണ്ടുപിടിച്ചതിലൂടെയാണ് പ്രസിദ്ധനായത്.

1822-ഡിസംബർ 27ന് ഫ്രാൻസിലെ ഡോലെ എന്ന സ്ഥലത്ത് ജീൻ ജോസഫ് പാസ്ചർ-ജന്നി ദമ്പതികളുടെ മൂന്നാമത്തെ മകനായി ലൂയിപാസ്ചർ ജനിച്ചു. തോൽ ഊറക്കിട്ടു ജീവിക്കുന്ന ഒരു പാവപ്പെട്ട കത്തോലിക്ക കുടുംബമായിരുന്നു അവരുടേത്. 1827 ൽ അർബോയിസ് പട്ടണത്തിലേക്ക് അവർ കുടിയേറി. 1831 ൽ പ്രൈമറി വിദ്യാഭ്യാസം ആരംഭിച്ച ലൂയിപാസ്ചർ പഠിത്തത്തിൽ മികവു കാട്ടാത്ത ഒരു സാധാരണ വിദ്യാർത്ഥിയായിരുന്നു. 1840 ൽ ബെൻസൻകൊൺറോയൽ കോളേജിൽനിന്നും ഫിലോസഫിയിൽ ബിരുദം നേടി. പിന്നീട് ഗണിത ശാസ്ത്രത്തിലും ഭാഷയിലും ബിരുദമെടുത്തു. 1848ൽ കെമിസ്ട്രി പ്രൊഫസറായി സ്ട്രാൻസ്ബർഗ് യൂണിവേഴ്സിറ്റിയിൽ നിയമിതനായി. ആ കാലത്താണ് മേരിലാന്റ് എന്ന യുവതിയെ പരിചയപ്പെടുന്നത്. 1849 ൽ അവർ വിവാഹിതരായി.



അദ്ദേഹത്തിന്റെ അഞ്ചുമക്കളിൽ മൂന്നു പേർ ടൈഫോയ്ഡ് ബാധിച്ചു മരിച്ചത് രോഗ പ്രതിരോധ മേഖലയിൽ ഗവേഷണത്തിന് പ്രചോദനമായി. നഗ്ന നേത്രങ്ങൾകൊണ്ട് കാണാൻ കഴിയാത്ത സൂക്ഷ്മ ജീവികളാണ് പകർച്ച വ്യാധികളുണ്ടാക്കുന്നതെന്ന് ആദ്യമായി തിരിച്ചറിഞ്ഞത് അദ്ദേഹമാണ്. 55 ഡിഗ്രി സെൽഷ്യസിലുള്ള ചൂടിൽ ദ്രാവകം അല്പനേരം തിളപ്പിച്ചാൽ അതിലെ സൂക്ഷ്മാണു ജീവികളെ നശിപ്പിക്കാനാകുമെന്ന് പാസ്ചർ കണ്ടു പിടിച്ചു. 'പാസ്ചറൈസേഷൻ' എന്ന ഈ പ്രക്രിയ പാൽ കേടു കൂടാതെ സൂക്ഷിക്കാൻ ഉപയോഗിച്ചുവരുന്നു. പട്ടുനൂൽപുഴുക്കളിൽ രോഗമുണ്ടാക്കുന്ന രണ്ടു ബാക്ടീരിയാകളെ വേർതിരിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. പക്ഷികളിലും മറ്റും ഉണ്ടാകുന്ന ചിക്കൻ കോളറ, കന്നുകാലികളെയും മനുഷ്യരെ യും ബാധിക്കുന്ന ആന്ത്രാക്സ് എന്നിവക്കെതിരെയുള്ള വാക്സിൻ കണ്ടു പിടിച്ചതും ഇദ്ദേഹമാണ്. Fermentation (കിണ്വനം) ന് വ്യക്തമായ ഒരു വിശദീകരണം ആദ്യമായി നൽകിയത് ലൂയി പാസ്ചറാണ്. പ്രസവാനന്തരം പനി ബാധിച്ചുള്ള മരണം കുറയ്ക്കാൻ അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങൾക്ക് സാധിച്ചു. ഇതൊക്കെയാണെങ്കിലും 'റാബീസ്' എന്ന പേവിഷത്തിനുള്ള പ്രതിരോധ കുത്തി വയ്പ് കണ്ടു പിടിച്ചതിലൂടെയാണ് ലൂയിപാസ്ചർ എന്ന ശാസ്ത്ര പ്രതിഭ പ്രസിദ്ധനായത്.

ശാസ്ത്ര സംബന്ധമായ ഒട്ടേറെ കൃതികൾ പാസ്ചറുടെ സംഭാവനയായിട്ടുണ്ട്. പ്രധാനപ്പെട്ടത് 1866 ൽ പ്രസിദ്ധീകരിച്ച "studies on wine",1868ലെ "studies on venigar", 1870 ൽ രചിച്ച "studies on silk" എന്നിവയാണ്.

വിലപ്പെട്ട കുറെ പുരസ്ക്കാരങ്ങളും ലൂയി പാസ്ചറെ, തേടിയെത്തിയിട്ടുണ്ട്. 1856ൽ ലഭിച്ച "Rumford medal" 1895ൽ മരണത്തിനു മുമ്പ് ലഭിച്ച "Leeu wen hock medal ഉം അതിൽ ചിലതു മാത്രം.

തളർച്ച രോഗമാണ് ലൂയി പാസ്ചറുടെ അന്ത്യത്തിന് കാരണമായത്. രണ്ടു തവണ സ്ട്രോക്ക് ബാധിച്ചെങ്കിലും രക്ഷപെട്ടു. 1984 ലെ സ്ട്രോക്ക് അദ്ദേഹത്തിന്റെ ഇടതു വശം തളർത്തി. 1895 സെപ്റ്റംബർ 28ന് 72-ാ മത്തെ വയസിൽ ലൂയി പാസ്ചർ എന്ന ശാസ്ത്ര പ്രതിഭ അന്തരിച്ചു. എല്ലാ ഔദ്യോഗിക ബഹുമതികളോടും കൂടെ അദ്ദേഹത്തെ കത്തീഡ്രൽ ഓഫ് നോട്രെഡാമിൽ അടക്കം ചെയ്തു.

പാരീസിലെ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ദേഹത്തിന്റെ ഭൗതിക ശേഷിപ്പ് സൂക്ഷിച്ചിട്ടുണ്ട്. ലൂയി പാസ്ചറുടെ ചരമദിനമാണ് ലോകാരോഗ്യ സംഘടന പേവിഷ ബോധവൽക്കരണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പേവിഷ ബാധക്കെതിരെ പ്രവർത്തിക്കുന്ന Globel Alliance for Rabies control എന്ന സംഘടനയാണ് ഇതിന് നേതൃത്വം നൽകുന്നത്.

പേ ഉള്ളതും ഇല്ലാത്തതുമായ നായ്ക്കളെ കാണുമ്പോഴെങ്കിലും ലൂയിപാസ്ചർ എന്ന മഹാ പ്രതിഭയെ നമുക്കോർക്കാം.

# വചനാമൃതം



റോയി മാത്യു കോർ-എപ്പിസ്ക്കോപ്പ

## സ്ലീബായ്ക്കുശേഷം 1-ാം ഞായർ

ഇതൊക്കെ സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല. എന്നു സത്യമായിട്ടും നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും.എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല (മത്താ.24:34-39).

തന്റെ വരവിനെ സംബന്ധിച്ചു മുമ്പു പറഞ്ഞ അടയാളങ്ങളൊന്നും അതിന്റെനാളും നാഴികയും കണക്കാക്കുന്നതിനുവേണ്ടിയുള്ളതല്ല. എല്ലാ കാലങ്ങളിലും ഉള്ള ദൈവത്തിന്റെ ജനം തന്റെ വരവിലുള്ള വിശ്വാസത്തിലും പ്രത്യാശയിലും എന്നും ആയിരിക്കേണ്ടതാണ്. താൻ വരുമ്പോൾ പ്രത്യേകമായി എന്തെങ്കിലും ഒരുങ്ങിയിരിക്കുക എന്നതിൽ അർത്ഥമെന്നുമില്ല. നമ്മേ ഏൽപിച്ച കാര്യങ്ങൾ വിശ്വസ്തമായി ചെയ്തുകൊണ്ടിരിക്ക എന്നുള്ളതാണ്

1) അവൻ വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്ന കർത്താവിന്റെ വി. കുർബ്ബാനയിൽ വിശ്വസ്തതയോടുകൂടി പങ്കെടുക്കുവാൻ ഇടയാകണം. കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭക്തിയോടും വിശുദ്ധിയോടുംകൂടി ഭക്ഷിക്കണം.

2) അവൻ വരുവോളം നമ്മേ ഭരമേല്പിച്ചിരിക്കുന്ന താലന്തുകൾ വിശ്വസ്തയോടെകൂടി വ്യാപാരം ചെയ്തു നേടാവുന്നിടത്തോളം നേടണം.

3) അവൻ വരുവോളം നമുക്കുള്ളതു മുറുകെ പിടിച്ചുകൊള്ളണം. വചനം നാം മുറുകെ പിടിക്കണം. നമ്മുടെ പ്രത്യാശക്ക് ഭംഗം കൂടാതെ നാം പിടിക്കണം.

4) അവന്റെ വരവോളം ജീവനോടെ ഇരുന്നു അവന്റെ സന്നിധിയിൽ എടുക്കപ്പെടുന്ന ഭാഗ്യ പദവി ലഭിക്കുന്ന വിശ്വാസികൾ ആയിരിക്കണം. ഇവിടെക്കു കയറി വരുവീൻ എന്ന ശബ്ദം കേൾക്കുന്ന മരണത്തിന്റെ മണമറിയാതെ തേജോരൂപികളായി കർത്താവിനോടുകൂടി ഇമ്പങ്ങളുടെ പറുദീസായിൽ ആവുന്ന ആ സുദിനത്തിന് അർഹരാകണം.

നിനക്കാത്ത നാഴികയിൽ കർത്താവു വരുന്നു. വീട്ടുകാർക്ക് തത്സമയത്തു ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെ മേൽ ആക്കി വെക്കപ്പെട്ട ദാസന്മാരെക്കുറിച്ച് അവിടെ പറയുന്നു. ക്രിസ്തീയ സഭയിൽ ജനത്തെ നയിക്കുവാൻ ചുമതലപ്പെട്ട സ്ഥാനങ്ങളിൽ ഉള്ളവരെ അതു കുറിക്കുന്നു. അവരിൽ ചിലർ വിശ്വസ്ത ദാസന്മാരായി ഭാഗ്യവാന്മാരുടെ പ്രതിഫലങ്ങൾ പ്രാപിക്കും. എന്നാൽ അങ്ങനെ അല്ലാത്തവർ ഉണ്ട്. അവരെ സംബന്ധിച്ച് ദുഷ്ടദാസന്മാർ എന്നു പറഞ്ഞിരിക്കുന്നു. വളരെ കഠിനമായ ശാസനം എന്നു സംശയമില്ല. യജമാനന്റെ വാക്കുകൾ ദുരുപയോഗപ്പെടുത്തുന്നവരാണവർ. കപടഭക്തിക്കാരെക്കുറിച്ചും പറയുന്നുണ്ട്. മരം, പുല്ല് വൈക്കോൽ എന്നിവകൊണ്ട് പണിയുന്നത് തീകൊണ്ടു ശോധന ചെയ്യുമ്പോൾ വെന്തുപോക യും അവനു ചേതം വരികയും ചെയ്യുന്നതിനെ കുറിച്ച് പറയുന്നുണ്ട് 'താനോ രക്ഷിക്കപ്പെടും എന്നാൽ തീയിൽകൂടെ എന്നപോലെ അത്രേ'. ( 1.കോരി 3:15) നാം ലാഘവത്തോടെ കരുതുവാൻ പാടില്ലാത്തവണ്ണം അതു സംബന്ധിച്ചു വളരെ അധികം പ്രബോധനങ്ങൾ തന്നെയുണ്ട്. പെട്ടെന്നായാലും താമസിച്ചായാലും നാം എല്ലാവരും അതിനെ അഭിമുഖീകരിക്കേണ്ടി വരും. തങ്ങൾ ഓരോരുത്തരും ഏതു വിധം ഒരുങ്ങിയിരിക്കുന്നു എന്നു ചിന്തിച്ചു കൊള്ളട്ടെ.

## സ്ലീബായ്ക്കുശേഷം 2-ാം ഞായർ

പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ച മാവിനെ സൂക്ഷിച്ചു കൊൾവീൻ. വിശ്വാസംപോലെ തന്നെ ഹൃദയവും വിശുദ്ധമായിരിക്കണം. നമ്മുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നാം ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല.

ലോകം ആരംഭത്തിൽ നിന്ന് അവസാനത്തിലേ ക്കുള്ള പ്രയാണമാണ്. ഒന്നാമത്തേതിൽനിന്നു ഒടുവിലത്തേക്കുള്ള പ്രയാണമാണ്. മനുഷ്യജീവിതം അടിമത്വത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്ക്, അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് ശാപ ഗ്രസ്ഥമായതിൽനിന്ന് അനുഗ്രഹകരമായതിലേക്കുള്ള പുറപ്പാടാണ്. ഒരു മനുഷ്യനും ഇന്നിരിക്കുന്ന അവസ്ഥയിൽ സംതൃപ്തരല്ല. എന്തിനുവേണ്ടിയോ ദാഹിച്ചുകൊണ്ടിരിക്കുന്നു. അപൂർണ്ണതയിൽനിന്ന് പൂർണ്ണതയിലേക്കുള്ള ഒരു വാഞ്ഛ എല്ലാവർക്കുമുണ്ട്. പാപത്തിൽനിന്ന് വിമോചനം പ്രാപിച്ച് ഈ ദുഷിച്ച സമൂഹത്തിനൊരുദ്ധാരണം ആവശ്യമായി വന്നിരിക്കുന്നു. യേശുക്രിസ്തു പറയുന്നു. എന്നിലാകുന്നവർ ഒരു പുതിയ സൃഷ്ടിയാകും. അവനോടുകൂടി അവനെ ലക്ഷ്യമാക്കി നടക്കുമ്പോൾ ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കും. നമ്മുടെ കഴിവുകൊണ്ട് ഒരു ഭൗതിക പറുദീസ സൃഷ്ടിച്ച് ഇവിടെ സുഖമായി വസിക്കാമെന്നു മാത്രം ആശവച്ചാൽ പാശ്ചാത്യ സമൂഹത്തിനു സംഭവിച്ച മോഹഭംഗമായിരിക്കും ഫലം. സമ്പത് സമൃദ്ധിയുടെയും, സൗഭാഗ്യത്തിന്റെയും ഉന്നത സോപാനത്തിലെത്തിയവർ വീണ്ടും ചോദിക്കുകയാണ് എന്താണ് ഈ സമൃദ്ധിക്കും ജീവിതത്തിനും അർത്ഥമെന്ന്. ജീവിതം അവർക്ക് അർത്ഥശൂന്യവും പൊള്ളയുമായിത്തീരുന്നു. അഖിലാണ്ഡത്തിന്റെ ഗതിയെ നിയന്ത്രിക്കുന്ന ദൈവത്തിലു ള്ള ആശ്രയവും ദൈവരാജ്യത്തിലുള്ള പ്രതീക്ഷയുമാണ് ജീവിതത്തെ അർത്ഥപൂർണ്ണവും ലക്ഷ്യവുള്ളതാക്കിത്തീർക്കുന്നത്. അതിനാൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ദൈവരാജ്യം പടുത്തുയർത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ പൂർത്തീകരണത്തിന് നമ്മുടെ ഉദ്യമം ആവശ്യമാണ്. അതിന്റെ ഒരു മുന്നാസ്വാദനം ഇവിടെ ഉണ്ടാകണം. "അവരുടെ കണ്ണിൽനിന്ന് കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനിയും മരണം ഉണ്ടാകുകയില്ല.ദുഃഖവും മുറവിളിയം കഷ്ടതയും ഇനിം ഉണ്ടാവുകയില്ല. ഒന്നാമത്തേതു കഴിഞ്ഞു പോയി. ഇതാ ഞാൻ സകലവും പുതുതാക്കുവാൻ വേഗം വരുന്നു" ഇതാണ് യുഗാ

ന്ത്യകാല പ്രതീക്ഷ. അവിടെ എത്തിചേരാൻ പുറപ്പെട്ടവരാണ് നാം എന്ന പ്രത്യാശയോടെ യാത്ര ചെയ്യണം. പാലും തേനും ഒഴുകുന്ന കനാൻ നാടിനെ ലക്ഷ്യമാക്കി മിസ്രയിമിൽനിന്നും യാത്രപുറപ്പെട്ട ഇസ്രായേൽ മക്കളിൽ യേശു വരുകാലങ്ങളിലും മാത്രം കനാനിൽ പ്രവേശിച്ചെങ്കിൽ നമ്മുടെ യാത്രയിൽ എത്ര പേർ സ്വസ്ഥതയിൽ പ്രവേശിക്കും എന്നു ചിന്തിച്ചു കൊള്ളണം.

## സ്ലീബായ്ക്കുശേഷം 3-ാം ഞായർ

ശാബ്ബത് ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. ശാബ്ബത് എന്നത് ദൈവത്തിന്റെ സ്വസ്ഥതയാണ് കാണിക്കുന്നത്. ദൈവം ആദിയിൽ 5 ദിവസംകൊണ്ട് പ്രകൃതിയേയും ചരാചരങ്ങളെയും നിർമ്മിച്ചു ആറാം ദിവസം മനുഷ്യനെ സൃഷ്ടിച്ചു. ഏഴാം ദിവസം ദൈവം സ്വസ്ഥനായിരുന്നു. ദൈവം ഈ ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു. (ഉല്പ.2:1-3) ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേലിനെ മിസ്രയീമിൽനിന്നും വിടുവിച്ച് മരുഭൂമിയിലൂടെ നടത്തി വാഗ്ദത്തനാടായ കനാൻ അവകാശ ദേശമായി നൽകി. മോശമുഖാന്തിരം അവർക്ക് നൽകിയ ന്യായ പ്രമാണത്തിൽ ഏഴാം ദിവസത്തിന് വളരെ പ്രാധാന്യം ഉണ്ടായിരുന്നു. മരുഭൂമിയിൽ ആഹാരമായി നൽകിയ സ്വർഗീയ മന്ന ആറു ദിവസം ശേഖരിക്കുവാൻ അനുവാദം നൽകി. ആറാം ദിവസം ഏഴാം ദിവസത്തേക്കു കൂടി പെറുക്കുവാൻ അനുവാദം നൽകി. ഏഴാം ദിവസം സാമാന്യം വേല ഒന്നും ചെയ്യാതെ ശാബ്ബത്ത് ആചരിക്കണം എന്ന് പ്രത്യേകം നിർദ്ദേശിച്ചു. ലേവ്യാ പുസ്തകത്തിൽ ശാബതിന്റെ പ്രാധാന്യം വളരെ സ്പഷ്ടമായി നൽകിയിട്ടുണ്ട്. "ഞാൻ നിങ്ങൾക്ക് തരുന്ന ദേശത്ത് നിങ്ങൾ എത്തിയ ശേഷം ദേശം യഹോവയ്ക്ക് ശബ്ബത്ത് ആചരിക്കണം (ലേവ്യ. 25:1-4) ഏഴ് ദൈവത്തിന്റെ സമ്പൂർണ്ണതയെ കാണിക്കുന്ന സംഖ്യയാണ്. ദൈവത്തിനെതിരായി പാപം ചെയ്താൽ ശിക്ഷ ഏഴുമടങ്ങായിരിക്കുമെന്ന് യഹോവ അരുളി ചെയ്യുന്നു. (ലേവ്യ.25:15) ഏഴെഴ് കൂടുമ്പോൾ നീ ഒരു വിമോചനം ആചരിക്കണം. വിമോചനത്തിന്റെ ക്രമം എന്തെന്നാൽ കൂട്ടുകാരന് വായ്പ കൊടുത്തവനെല്ലാം അത് ഇളെച്ചു കൊടുക്കണം. കൂട്ടുകാരനയോ സഹോദരനയോ ബുദ്ധിമുട്ടിക്കരുത്. ആവ.15:12) കർത്താവായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി കാൽവറിയിൽ മരിച്ചു. പാപിയുടെ നീതി കാരണത്തിനായി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. നാല്പതു ദിവസം കഴിഞ്ഞ് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തു. അതിനുശേഷം പത്തു ദിവസം കഴിഞ്ഞ് അൻപതാം ദിവസം പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മാവ് ആളത്വമായി ലോകത്തിൽ വന്നു. പാപത്തിന്റെ ബന്ധത്തിൽനിന്നും സകലർക്കും സ്വാതന്ത്ര്യം പ്രഖ്യാപിച്ച് എല്ലാവരേയും ദൈവത്തിന്റെ മക്കളും തന്റെ കൂട്ടു സഹോദരന്മാരും ആക്കി സ്വർഗ്ഗത്തിൽ വസിപ്പിച്ചു. ഇതാണ് ശാബ്ബത്തിന്റെ ആത്മീയ അർത്ഥം.

## സ്ലീബായ്ക്കുശേഷം 4-ാം ഞായർ

ലോകത്തോടും ലോക മനുഷ്യരോടും ലോക മയത്വത്തോടും ഉള്ള ബന്ധത്തിൽ വിശ്വാസി എങ്ങനെ ഇരിക്കണമെന്നു ദൈവവചനത്തിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിട്ടുണ്ട്. രണ്ട് യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല ദൈവത്തേയും മാമോനേയും ഒരേ സമയത്തു സേവിപ്പാൻ കഴിവുള്ളതല്ല. ലോകത്തോടുള്ള സ്നേഹത്തിൽനിന്നു ലോകകാര്യത്തോടുള്ള ആഗ്രഹത്തിൽനിന്നും ഒരു വിശ്വാസി വിജയം പ്രാപിക്കുന്നതത്രേ വിശുദ്ധീകരണം. ഒരു ലോക മനുഷ്യൻ കഴിയുന്നിടത്തോളം സമ്പാദിക്കുവാനാണ് ശ്രമിക്കുന്നത്. എന്നാൽ സാക്ഷാൽ ഒരു മനുഷ്യൻ അവന്റെ ജീവിതമാകുന്ന കപ്പലിൽനിന്ന് ചരക്ക് പുറത്തേക്ക് എറിഞ്ഞുകൊണ്ടിരിക്കും. ലോകത്തോടുള്ള ആഗ്രഹങ്ങൾ ഉളവാകുന്നത് സ്വർത്ഥത നിറഞ്ഞ ഹൃദയത്തിൽ ആണ്. ഒരു ആഗ്രഹം സാധിച്ചു കഴിയുമ്പോൾ മറ്റൊന്നു വന്നു നിൽക്കും. അതും അപ്പോൾ ലഭിക്കണം എന്ന് തോന്നും. അങ്ങനെ ജീവിതം മുഴുവൻ ആഗ്രഹങ്ങൾ സാധിപ്പിച്ചെടുക്കുക എന്ന പ്രയത്നത്തിൽ തന്നെ ചെലവായി പോകും. എന്നാൽ ബദ്ധപ്പെട്ട് സാധിച്ചെടുത്ത കാര്യങ്ങൾ ഹൃദയത്തിന് സ്വസ്ഥതയല്ല കൂടുതൽ ആകുല ചിന്തയത്രെ ഉളവാക്കുന്നത്. ആകുല ചിന്ത എന്നുള്ള പദത്തിന് കർത്താവ് " ഈ ലോകത്തിന്റെ ചിന്തകൾ എന്നാണ് പേർ പറഞ്ഞിരിക്കുന്നത്. മത്താ. 12:22. മോഹങ്ങളിൽ നിന്നാണ് ഇപ്രകാരമുള്ള ചിന്താഭാരങ്ങൾ ഉണ്ടാകുന്നത്. മോഹമോ സ്വാർത്ഥ ഹൃദയങ്ങളിൽ നിന്നുണ്ടാകുന്നു. അബ്രഹാമും ലോത്തും ദൈവ കല്പന പ്രകാരം യാത്ര തിരിച്ചു. ലോത്ത് വെളിപ്പെടുത്തിയതും, അബ്രഹാം എതിർത്തു നിന്നതുമായ പാപമത്രേ ഇത്. എതിർത്തു നിന്നതുകൊണ്ട് അബ്രഹാം ദൈവത്തിന്റെ സ്നേഹിതനും അവന്റെ ഓഹരിയുമായി തീർന്നു. ലോത്തിന് സകലതും നഷ്ടപ്പെട്ടു. ആഖാൻ ഈ പാപത്തിനു വിധേയപ്പെട്ടു. കല്ലേറിനാൽ മരിച്ചു. ഏലി പുരോഹിതന്റെ മക്കൾക്ക് പൗരോഹിത്യം നഷ്ടപ്പെട്ടു. ശൗൽ രാജാവും ഈ പാപത്തിന് അടിമപ്പെട്ടും രാജത്വം നഷ്ടമായി. ആഹാബിന്റെ അന്ത്യം ദയനീയമായിരുന്നു. ദാവീദിന്റെ വീഴ്ചയ്ക്ക് കാരണവും ഈ പാപം തന്നെ. ഗേഹാസിയുടെ കുഷ്ഠത്തിനു കാരണമായതും ഈ പാപം തന്നെയണ്. ഈ പാപമാണ് യൂദായുടെ ഹൃദയത്തെ കഠിനമാക്കി ആത്മഹത്യക്ക് പ്രേരിപ്പിച്ചത്. അനന്യാസും സഫീറയും മരിച്ചുവീണതിന്റെ കാരണവും ഈ പാപം തന്നെ. എന്താണ് മാമോൻ? അതിനെ വിഗ്രഹം എന്നു പറയപ്പെടുന്നു. ദൈവത്തിന്റെ സ്ഥാനം എടുക്കുന്ന ഏതും നാം അങ്ങേയറ്റം പ്രിയപ്പെടുന്ന ഏതും നമ്മുടെ വിഗ്രഹം, മാമോനാണ്. ദൈവത്തേക്കാൾ കൂടുതലായി ഒന്നിനെയും സ്നേഹിക്കരുത്.

## സ്ലീബായ്ക്കുശേഷം 5-ാം ഞായർ

താഴ്മ ധരിച്ചു കൊൾവീൻ- ശാസ്ത്രിമാരുടെയും പരീശന്മാരുടെയും സത്യാവസ്ഥ ഈ ഭാഗത്തും വെളിപ്പെടുത്തുന്നു. ചെന്നായ്ക്കളുടെ ഇടയിലേക്ക് കുഞ്ഞാടുകളെപ്പോലെ അയയ്ക്കുന്ന ശിഷ്യന്മാരോട് കള്ള ഇടയന്മാരേപ്പറ്റി മുൻസൂചന കൊടുക്കേണ്ടതാവശ്യമാണ്. ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു. അവരുടെ സ്ഥാനം അംഗീകരിക്കേണ്ടതാണെങ്കിലും അവരുടെ പ്രവർത്തികൾപോലെ ചെയ്യരുത്. "നേതൃസ്ഥാനത്തിരിക്കുന്നവരെ ബഹുമാനിപ്പാൻ ദൈവമക്കൾ പഠിക്കേണ്ടതാണ്. (അപ്പോ.പ്ര.23:5) നിന്റെ ജനത്തിന്റെ അധിപതിയെ ദൂഷിക്കരുത്. പരീശന്മാരേയും പരീശമനോഭാവമുള്ളവരെയും നാം സൂക്ഷിക്കേണ്ടതാണ്. കാരണം ക്രിസ്തീയ വേലക്കാരന് ഏറ്റവും ആവശ്യമായ ഗുണം വിനയമത്രേ. ഭരിക്കുക അല്ല. സഭയെ ശുശ്രൂഷിക്കുകയത്രേ വേണ്ടത്. താഴ്മ ധരിച്ചു കൊള്ളുവീൻ എന്നത്രേ. 1 പത്രോ.5:5 ൽ പറയുന്നത് ദൈവം താഴ്മ ഉള്ളവനെ ഉയർത്തുന്നു. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ നിങ്ങൾക്ക് ഹാ കഷ്ടം.

(ശേഷം പേജ് 26)

# "വരൂ ഒരു പുതിയ സൃഷ്ടിയാകാം"

ടി. കെ. തോമസ്, തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

ഏറിയകാലം വചനം ശ്രവിച്ചിട്ടും എന്തേ മാനസാന്തരം നമ്മിൽ ഭവിക്കുന്നില്ല എന്ന ചിന്ത പലപ്പോഴും നമ്മെ അസ്വസ്ഥരാക്കുന്നില്ലെ? മറ്റുള്ളവരെ വിധിക്കുവാനും, സ്വയം ന്യായീകരിക്കുവാനും നാം ശ്രമിക്കുമ്പോൾ സ്വന്തം കുറവുകളും, കുറ്റങ്ങളും യഥാർത്ഥത്തിൽ നാം തിരിച്ചറിയാതെ പോകുന്നു. വർഷങ്ങളായി വചനം കേൾക്കുകയും വിശുദ്ധ ആരാധനകളിൽ സംബന്ധിക്കുകയും ചെയ്യുന്ന നാം നമ്മെതന്നെ ചതിക്കുന്നു എന്ന സത്യം വിസ്മരിച്ചുപോകുന്നു. സ്തോത്രം എന്ന യാഗം അർപ്പിക്കുന്നവർ എന്നെ മഹത്വപ്പെടുത്തുന്നു. തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവന് ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും (സങ്കീർത്തനം 50:23). നടപ്പിനെ ക്രമപ്പെടുത്താതെയുള്ള അരാധനയോ, വഴിപാടോ, യാഗങ്ങളോ ദൈവത്തിന്റെ രക്ഷ നമ്മിലേക്ക് എത്തിക്കും എന്നു കരുതുന്നു എങ്കിൽ ഇന്നും നാം അജ്ഞതയുടെ കാലത്തുതന്നെ, എന്നോടു കർത്താവേ കർത്താവേ എന്നു പറയുന്ന ഏവനുമല്ല, സർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് (മത്തായി 7:21). പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവനു മാത്രമേ സ്വർഗരാജ്യത്തിൽ പ്രവേശനം സാധ്യമാകൂ എന്ന് വിശുദ്ധ വേദപുസ്തകം അടിവരയിട്ടു പറയുന്നു. പിതാവിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ, അനാഥരേയും, വിധവമാരേയും അവരുടെ സങ്കടങ്ങളിൽ ചെന്നു കാണുകയും ലോകത്തിലുള്ള കളങ്കം പറ്റാത്തവണ്ണം തന്നത്താൻ കാത്തുകൊള്ളുന്നതുമാകുന്നു. (യാക്കോബ് 1:17). നിർമ്മലവും കളങ്കരഹിതവുമായി വിശുദ്ധവേദപുസ്തകം പഠിപ്പിക്കുന്നത് എന്നു കാണാൻ കഴിയുന്നു. ജീവനെ ആഗ്രഹിക്കുകയും, ശുഭകാലം കാൺമാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനേയും, വ്യാജം പറയാതെ അധരത്തേയും അടക്കിക്കൊള്ളട്ടെ, അവൻ ദോഷം വിട്ടകന്നു ഗുണം ചെയ്കയും സമാധാനം അന്വേഷിച്ച് പിന്തുടരുകയും ചെയ്യട്ടെ. കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കുന്നു. എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവർത്തിക്കാർക്ക് പ്രതികൂലമായിരിക്കുന്നു (1 പത്രോസ്. 3:10-12). നീതിമാന്മാരുടെ പ്രാർത്ഥനക്കുമേൽ കണ്ണും കാതും കൂർപ്പിച്ചിരിക്കുന്ന ദൈവത്തിന് ദുഷ്പ്രവർത്തിക്കാരായ നമ്മുടെ പ്രാർത്ഥനയ്ക്കും, യാചനയ്ക്കും മുമ്പിൽ മുഖം തിരിക്കാതെ തരമില്ലല്ലോ, അതു തന്നെയല്ലെ പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാതെ പോകാൻ കാരണവും നമുക്ക് ഒരു ദോഷവും ചെയ്യാത്ത വ്യക്തിയെ വെറുതെ ദ്രോഹിക്കുന്നത് ഇന്നിന്റെ ഒരു സ്വഭാവമായി മാറിക്കഴിഞ്ഞു. യേശു നീതിമാൻ എന്ന് പീലാത്തോസിന്റെ ഭാര്യ തിരിച്ചറിഞ്ഞപ്പോൾ ആ മനുഷ്യനിൽ ഞാനും ഒരു കുറ്റവും കാണുന്നില്ല എന്ന് പീലാത്തോസും കണ്ടെത്തി. ആ നീതിമാന്റെ രക്തത്തിൽ നിന്നും കുറ്റവിമുക്തനാകാൻ അവൻ തന്റെ കൈകളെ ജനം കാൺകെ കഴുകി, നാമോ ഒരു ദോഷവും ചെയ്യാത്തവന്റെ മേൽ വിരൽ ചൂണ്ടുന്ന ദുഷിച്ച പ്രവണതയിൽ ഇന്നും നിലനില്ക്കുന്നു. കരുണ കാണിക്കാത്തവന് കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും എന്നറിഞ്ഞിട്ടും കനിവിന്റെ കരം നീട്ടാൻ മടിക്കുന്ന നാമോ, നമ്മുടെ പാപങ്ങളിൽ തന്നെ മരിക്കും നിശ്ചയം. തിന്മയെ അനുകരിക്കാൻ വെമ്പൽകൊള്ളുന്ന സമൂഹത്തോട് വിശുദ്ധ യോഹന്നാൻ തന്റെ മൂന്നാം ലേഖനം അതിന്റെ 11-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു. പ്രിയരേ! നന്മയല്ലാതെ തിന്മ അനുകരിക്കരുത്. നന്മ ചെയ്യുന്നവൻ ദൈവത്തിൽ നിന്നുള്ളവനാകുന്നു, തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്, കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നതല്ല, ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം (1 യോഹന്നാൻ 4:20). എല്ലാറ്റിന്റെയും സാരം കേൾക്കുക, ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകൾ പ്രമാണിച്ചുകൊള്ളുക അതാകുന്നു സകല മനുഷ്യർക്കും വേണ്ടത്. ദൈവം നല്ലതും തീയതുമായ സകലപ്രവർത്തിയേയും, സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ, മറക്കരുത്! (സഭാപ്രസംഗി 12:13,14). അവനവൻ ശരീരത്തിലായിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പിൽ വെളിപ്പെടേണ്ടതാകുന്നു എന്ന ഉത്തമ ബോധ്യം നാം ഓരോരുത്തരെയും ഭരിക്കട്ടെ (2 കൊരിന്ത്യർ 5:10). നീതിമാൻ നിത്യജീവനിലേക്കും, അനീതിപ്രവർത്തിക്കുന്നവർ നിത്യദണ്ഡനത്തിലേക്കും പോകും എന്നറിഞ്ഞിട്ടും പാപത്തെ മുറുകെ പറ്റുന്നു എങ്കിൽ നിത്യജീവനെ നാം ബോധപൂർവം അവഗണിക്കുക തന്നെയാണ് ചെയ്യുന്നത്. പാപങ്ങളോടു വിടപറഞ്ഞ് നിത്യജീവനെ അവകാശമാക്കുവാൻ നമുക്ക് ഒരു പുതിയ സൃഷ്ടിയാകാം. ഈ താത്കാലിക ലോകം നമ്മെ ധരിപ്പിച്ചിരിക്കുന്ന തെറ്റിധാരണകളെ വിട്ടൊഴിഞ്ഞ്, നിത്യജീവന്റെ ശരിയായ ധാരണ ജീവിത വസ്ത്രമായി ധരിക്കാം. ധാർമ്മികമായ അച്ചടക്കംകൊണ്ട് സുബോധത്തെ നമുക്ക് തിരികെ പിടിക്കാം.

# നന്ദി നന്ദി നന്ദി....

*ക്ലീമ്മീസ്പ്രസ്, ക്നാനായദീപം എന്നിവയുടെ ചുമതലകളിലേക്ക് ഞങ്ങളുടെ കാലാവധി പൂർത്തിയായി പുതിയ ഭാരവാഹികൾ തിരഞ്ഞെടുക്കപ്പെടുകയാണല്ലോ ഈ സാഹചര്യത്തിൽ, നാളിതുവരെയും ഈ പ്രസ്ഥാനങ്ങളുടെ നടത്തിപ്പിനും വിജയത്തിനുംവേണ്ടി സഹകരിച്ച എല്ലാ സമുദായ സ്നേഹികളോടും മാന്യ വായനക്കാരോടും നന്ദി രേഖപ്പെടുത്തുവാൻ ഈ അവസരം പ്രയോജനപ്പെടുത്തട്ടെ. ക്നാനായദീപം മാനേജിംഗ് എഡിറ്ററായി 2015 ആഗസ്റ്റ് മാസത്തിൽ ചുമതല ഏൽക്കുകയും ക്ലീമ്മീസ്പ്രസ് മാനേജരായി 2017 ജൂൺ മുതൽ ഞാൻ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഈ പ്രസ്ഥാനങ്ങളുടെ വിജയത്തിനുവേണ്ടി ആത്മാർത്ഥതയോടുകൂടി എന്നാലാവുംവിധം പ്രവർത്തിക്കുവാൻ കഴിഞ്ഞു എന്നതിന് ചാരിതാർത്ഥ്യത്തോടെ ദൈവത്തിനു നന്ദി കരേറ്റുന്നു.*

*ക്നാനായദീപം ചീഫ് എഡിറ്റർ വെ.റവ.റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പായോടുള്ള പ്രത്യകമായ നന്ദി ഈ അവസരത്തിൽ അറിയിച്ചുകൊള്ളട്ടെ. ദീപം എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ ഏബ്രഹാം കല്ലിശ്ശേരി, ഏബ്രഹാം കെ. മാത്യു ക്ടായിത്തറ, കെ.റ്റി. ഏബ്രഹാം, കരിയിൽ, ജോസ് എ.റ്റി. ആമക്കാട്, ജിന്റോ കെ. ഏബ്രഹാം, മിനർവ എന്നിവരോടുള്ള നന്ദി അറിയിച്ചുകൊള്ളുന്നു. ക്നാനായദീപം മൊബൈൽ ആപ്ലിക്കേഷൻ ആരംഭിക്കുന്നതിന് ഇക്കാലയളവിൽ സാധിച്ചു. ഏകദേശം 2500 ലധികം ആൾക്കാർ ഇതുപയോഗിക്കുന്നുണ്ട്. 6 ലക്ഷത്തിലധികം രൂപയോളം ലാഭം ഉണ്ടാക്കുന്നതിനും ഈ കാലയളവിൽ സാധിച്ചു.*

*ക്ലീമ്മീസ്പ്രസ്, മാനേജിംഗ് കമ്മറ്റി അംഗങ്ങളായ അരുൺ റ്റി.സി. തകിടിയിൽ, ജൂബി കെ. ജേക്കബ് കൊല്ലംപറമ്പിൽ, തോമസ്കുട്ടി എ. കുര്യൻ ആഫീസിൽ, മനീഷ് കെ. ജോയി ഒഴുക്കൂത്തറ, ജേക്കബ് കുരുവിള പുതിയാപറമ്പിൽ എന്നിവരോടുള്ള നന്ദിയും ഈ സമയം അറിയിച്ചു കൊള്ളുന്നു.*

*സ്ഥിരം പംക്തികൾ എഴുതിത്തരുന്ന ബഹുമാനപ്പെട്ട വൈദികരോടും, എഴുത്തുകാരോടും, ബൈബിൾ ക്വിസ് തയ്യാറാക്കി നൽകുന്ന ശ്രീ. ടി. ജെ. ജേക്കബ് തുണ്ടിയിലിനോടും ക്നാനായദീപം, ക്ലീമ്മീസ്പ്രസ്സ് സ്റ്റാഫിനോടും ഡിസൈനിംഗ് ഭംഗിയായി നിർവഹിച്ചുവരുന്ന കോട്ടയം ഗ്രീഷ്മ ഡിസൈൻസിനോടുമുള്ള നിസീമമായ നന്ദി രേഖപ്പെടുത്തുന്നു. ഞങ്ങൾക്കു വേണ്ടുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിയ സമുദായത്തിലെ അഭിവന്ദ്യരായ മെത്രാപ്പോലീത്താമാരോടും സമുദായ ഭാരവാഹികളോടും എല്ലാ മാന്യ വായനക്കാരോടും പ്രിന്റിംഗ് വർക്കുകൾ നൽകി സഹായിച്ച എല്ലാ പ്രസ്ഥാനങ്ങളോടും അഭ്യുദയ കാംഷികളോടുമുള്ള നന്ദി അറിയിക്കുന്നു.*

*പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ഭാരവാഹികൾക്കും ആശംസകൾ നേർന്നു കൊണ്ട് നിർത്തുന്നു.*

*എന്ന്*

**ഫാ. ജോൺ മാത്യു മൂലംകുളം**

*മാനേജിംഗ് എഡിറ്റർ ക്നാനായദീപം*



# കർത്താവിന്റെ മലർവാടി

***പിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനുജത്തിമാരെ,***

**ഓ**ണം കഴിഞ്ഞുവെങ്കിലും നാമതറിയാതെ പോയി. ആഘോഷങ്ങളോ ആരവങ്ങളോ ഇല്ലാതെ, കാരണം നമുക്കെല്ലാമറിയാം. അപ്രതീക്ഷിതമായി ഉണ്ടായ മഴയും വെള്ളപ്പൊക്കവും കേരളത്തെയാകെ ഉലച്ചു കളഞ്ഞു. ഓണ ദിവസങ്ങളിൽ അനേകർ സ്വഭവനങ്ങളിൽ പോലുമായിരുന്നില്ല. ഇതൊന്നും ആരും പ്രതീക്ഷച്ചതല്ല എല്ലാം അവിചാരിതമായി സംഭവിച്ചതാണ്.

നമ്മൾ എത്രമാത്രം ശക്തരായിരുന്നാലും ബുദ്ധിയും സാമർത്ഥ്യവും ഉണ്ടായിരുന്നാലും അധികാരവും സമ്പത്തും ഉണ്ടായിരുന്നാലും അതൊന്നും ഇതുപോലുള്ള ചില ദുരന്തങ്ങളെ തടയുവാൻ പ്രാപ്തിയുള്ളവയല്ല എന്നു നമുക്കു ബോധ്യമായി. അവയെ ദൈവത്തിനു മാത്രമെ തടയുവാൻ കഴിയുകയുള്ളു.

മഹാഭാരത്തിൽ പരിക്ഷിത്ത് എന്ന ഒരാളെക്കുറിച്ച് പരാമർശമുണ്ട്. അയാൾ വില്ലാളിവീരനായ അർജ്ജുനന്റെ മകനായിരുന്നു. പരീക്ഷിത്ത് മരിക്കുന്നത് തക്ഷകൻ എന്ന ഒരു സർപ്പം കടിച്ചായിരിക്കുമെന്ന് ഒരു മഹാമുനി പറഞ്ഞു. മരണത്തിൽനിന്നും രക്ഷപെടേണ്ടത് എങ്ങനെയാണെന്നവർ ആലോചിച്ചു. തക്ഷകൻ എന്ന സർപ്പം ഇഴഞ്ഞു ചെല്ലാത്ത ഒരു സ്ഥലം അവർ അന്വേഷിക്കുവാൻ തുടങ്ങി. കരയിലൂടെ സർപ്പം കടന്നുവരുമെന്നു മനസ്സിലാക്കിയ അവർ സമുദ്രത്തിന്റെ നടുവിൽ ഒരു കൊട്ടാരം നിർമ്മിച്ച് അതിൽ പാർക്കുവാൻ തീരുമാനിച്ചു. താമസം വിനാ അവർ സമുദ്രത്തിന്റെ നടുവിൽ നിർമ്മിച്ച കൊട്ടാരത്തിൽ പരിക്ഷതിനെ പാർപ്പിച്ചു. ഇനിയും ഒന്നും ഭയപ്പെടേണ്ടല്ലോ?

അങ്ങനെ അയാൾ തക്ഷകനെക്കുറിച്ചുള്ള ഭയമില്ലാതെ ആ കൊട്ടാരത്തിൽ താമസമായി. ഒരു ദിവസം അദ്ദേഹത്തിനു കഴിക്കുവാനുള്ള പഴവർഗ്ഗങ്ങളെല്ലാം കൊട്ടാരത്തിലെത്തി. പരിക്ഷിത്ത് പതിവുപോലെ ഭക്ഷണത്തിന് ഇരിക്കുമ്പോൾ തന്റെ മുമ്പിലിരുന്ന ഒരു മധുരനാരങ്ങ എടുത്ത് പൊളിച്ചു തിന്നുവാൻ ആരംഭിച്ചു. അപ്പോളതാ ഒരു ചെറിയ പുഴു അതിലിരിക്കുന്നു. പരിക്ഷിത്ത് ഒരു നിമിഷം ഭയപ്പെട്ടു ഒരു പക്ഷെ ഇതവനായിരിക്കുമോ? ഒട്ടും താമസിച്ചില്ല ആ പുഴു ഒരു സർപ്പമായി മാറി പരിക്ഷിത്തിനെ ആഞ്ഞു കൊത്തുകയും തൽക്ഷണം അയാൾ മരിക്കുകയും ചെയ്തു.

പ്രിയപ്പെട്ട കൂട്ടുകാരെ, പലപ്പോഴും നമ്മിൽ ചിലർക്കൊക്കെ ഒരു ധാരണയുണ്ട് എന്ന ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. എനിക്കാരുടെ സഹായമില്ലെങ്കിലും ജീവിക്കാനറിയാം എന്നൊക്കെ ചിലപ്പോഴൊക്കെ നിങ്ങൾ മാതാപിതാക്കളോട് പറയാറില്ലേ. എന്റെ കാര്യം നോക്കാൻ എനിക്കറിയാമെന്ന്. അത് നമ്മുടെ അഹങ്കാരത്തിൽനിന്നും വരുന്ന വാക്കുകളാണ് ഒന്നോർക്കുക നമ്മൾ എത്രയോ ആശക്തരാണ്. ചിലപ്പോൾ ജീവിതത്തിൽ നമുക്കുള്ളവരോ നമുക്കള്ളതോ ഒന്നും നമ്മെ സഹായിക്കില്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ ദൈവവും ദൈവം അയയ്ക്കുന്നവരും ക്രമീകരിക്കുന്നവരുമായിരിക്കും നമ്മുടെ രക്ഷയ്ക്ക് എത്തുക. അതുകൊണ്ട് അഹങ്കാരം നമ്മിലുണ്ടെങ്കിൽ അത് ദുരെയകറ്റുക. അല്പംകൂടി വിനീതരാകുക. നമുക്ക് തുല്ല്യമല്ലാത്തവരേയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക. ആരിൽനിന്നും എന്തു സഹായവും സ്വീകരിക്കുവാൻ സന്നദ്ധരാകുക. മിത്രങ്ങൾ മാത്രമല്ല ശത്രുക്കളും ചിലപ്പോൾ നമുക്ക് ഉപകാരികളായി മാറും അല്ലെങ്കിൽ ദൈവം അവരെ നമ്മുടെ ഉപകാരികളാക്കും. അതുകൊണ്ട് എല്ലാവരേയും സ്നേഹിക്കുക. അംഗീകരിക്കുക. ദൈവം നിങ്ങളെ എല്ലാവരേയും കാത്തു പരിപാലിക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ

**നിങ്ങളുടെ കൊച്ചിച്ചാച്ചൻ**

---

**വചനാമൃതം** (23 – ാം പേജ് തുടർച്ച)

**യഹൂദ നേതാക്കന്മാർക്ക് വിരോധമായുള്ള എട്ടു കുറ്റങ്ങൾ**

1) സ്വർഗ്ഗരാജ്യം അടച്ചു കളയുവാനുള്ള അവരുടെ നിരന്തരമായ പരിശ്രമം. അവൻ കടക്കുന്നില്ല. കടക്കുന്നവരെ സമ്മതിക്കുന്നുമില്ല.

2) അവരുടെ സ്ഥാനം കവർച്ചയ്ക്കായി അവർ ഉപയോഗിച്ചു. ആത്മീയ പിതാക്കൾ എന്ന നിലയിൽ പ്രാർത്ഥിക്കുകയും എന്നാൽ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ചെയ്തു.

3) അവർ കരയും കടലും കടന്ന് ചിലരെ മതത്തിൽ ചേർക്കുന്നു. ചേർന്നശേഷം അവരെ നാശയോഗ്യരാക്കുന്നു

4) സത്യം ചെയ്യുന്നതിൽ അവർ സ്വന്തവും അർത്ഥശൂന്യമായ പ്രമാണങ്ങൾ ഉണ്ടാക്കി കുരുടന്മാരായ വഴികാട്ടികൾ ആയി.

5) നിസ്സാരമായ കാര്യങ്ങൾക്ക് വലിപ്പം കൊടുക്കുകയും ഘനമേറിയവയെ ത്യജിച്ചുകളയുകയും ചെയ്തു.

6) ബാഹ്യമായതിനു പ്രാമാണ്യം കൊടുത്ത് ഹൃദയശുദ്ധിക്ക് സ്ഥാനമില്ലാതെ കപടഭക്തിക്കാരായി.

7) മരിച്ചുപോയ പ്രവാചകന്മാരുടെ കല്ലറകളെ പണിയുകയും എന്നാൽ പ്രവാചകന്മാരെ കൊല്ലുന്നവരുടെ കൂട്ടത്തിൽ ആകുകയും ചെയ്തു.

8) ദൈവത്തിന്റെ അടുക്കൽ വരുവാൻ അവർക്ക് മനസ്സില്ല. ക്രിസ്തീയ സഭയെ നോക്കിയാലും ഈ വിധത്തിലുള്ള ആരോപണങ്ങൾ ധാരാളമായുള്ളതുകൊണ്ട് വിമർശിക്കുന്നതിനു പകരം വിനയപ്പെടാം.

## 50–ാം വിവാഹ വാർഷികം

09–09–2018



**പി. എ. ഏബ്രഹാം (Joy) & മോളിക്കുട്ടി ഏബ്രഹാം**

**പാമ്പനത്ത്, പുനലൂർ**


**"ഇത്രത്തോളം നടത്തിയ കൃപക്കായി ദൈവത്തെ സ്തുതിക്കുന്നു".**

*അപ്പച്ചനും അമ്മച്ചിക്കും ആശംസകളോടെ,*
*ബെനിറ്റ്, അനിറ്റ് & ജൂലിറ്റ്, പാമ്പനത്ത്*
*നീൽ കളരിക്കൽ*
*ബിബിൻ & എൽസ, വളയനാട്ട്*

Advt - R

## 1st Anniversary in heaven

09–09–2018



**Abraham Chacko (Aprichayan)**

**Kondoor**

**Chingavanam, Chicago**

**"നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



**ABIN ABRAHAM**

Elayasseril

Born : 30-01-1980 Died : 27-09-2017

## 1st Anniversary in Heaven

**27-09-2018**


അനശ്വരതയുടെ ശുഭതീരം തേടി ചിറകടിച്ചു ഉയർന്ന ഞങ്ങളുടെ അപ്പ ഞങ്ങളെ വിട്ടു പിരിഞ്ഞിട്ടു ഇന്നേക്ക് ഒരു വർഷം കണ്ണീരോടെ, പ്രാർത്ഥനയോടെ അപ്പയുടെ പൊന്നുമക്കൾ

നികത്താൻ ആവാത്ത നഷ്ടവും ആയി
അപ്പയുടെ സ്വന്തം
**കൊച്ചു, ലച്ചു, അവറാച്ചൻ, തോമാച്ചൻ**

Advt - O

4 –ാം ചരമ വാർഷികം

24 – 09 – 2018



15 –ാം ചരമ വാർഷികം

21 – 08 – 2018



**Rev. Fr. K. C. Mathews**

**Sosamma Mathews**

**Kuttolamadam, Thiruvananthapuram**

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



**7th Death Anniversary**

15 – 09 – 2018

**In Loving Memory of
our Beloved Mummy**

**Kunjamma Oonnittan
Othara Puthuvelil,
Aythala, Ranny**

By Sorrowing Family members

Advt - O

## 9th Death Anniversary

30-09-2018



# Anaida James (Chinnumol)

**Delhi**

born on 22-04-1997 died on 30-09-2009

## 6th Death Anniversary

25-09-2018



# Mr. P. K. Kurian

**Pozhimannil House**
**Thirumeni, Kannur (Dist.)**

We miss both of you very much, but you will always be with us in our thoughts and prayers.
Hope to see you in heaven.
Fondly remembered by : All Pozhimannil family members.

Advt - O



## 2 – ാം ചരമ വാർഷികം

22-09-2018

# തോമസ് ചെറിയാൻ

(ബാബു)
കോയിക്കൽ
അങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



# 1st Death Anniversary

**27-09-2018**

## ABIN ABRAHAM

Elayasseril (H)
Kuttoor, Thiruvalla

" You will live forever in our hearts"

By loving Family

Advt - R

# 1st Death Anniversary

**18-09-2018**



## Jainamma Kurian

Kailathu House, Meenthalakkara
Kattode, Thiruvalla

By Sorrowing Family

Advt - O

# 40 – ാം ചരമദിനം

**26 – 09 – 2018**



## Mariamma Ittiyavarah

(മറിയാമ്മക്കുട്ടി)
മണിമലേത്ത്, കരിങ്കുറ്റി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയിൽകാണാമെന്നുള്ള പ്രത്യാശയോടെ

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O




ഫാ. എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ

# ഓടസ്സും നടസ്സും

"എന്റെ അച്ചോ, ഇനിയും ഒന്നും ബാക്കിയില്ല എല്ലാം പോയി"

''ഇവൾക്കിതു തന്നെ വരണം. പോയതിലൊന്നും എനിക്കു സങ്കടമില്ല. കാരണം ഒറ്റ ഒരെണ്ണത്തിനെ അടിച്ചതിനകത്ത് കയറ്റത്തില്ലായിരുന്നു. ആരെങ്കിലും ഗെയിറ്റിങ്കൽ വന്നാൽ തുടങ്ങും പിറുപിറുപ്പും ചീത്തവിളിയും"

''ആ അങ്ങനെയാ, കണ്ട അലവലാതികളൊക്കെ വലിഞ്ഞു കയറി വരുന്നത് എനിക്കിഷ്ടമില്ല"

"ആഹാ, എന്നിട്ടിപ്പോൾ ആപത്തിൽ സഹായിക്കാൻ ആ അലവലാതികൾ മാത്രമെ ഉണ്ടായിരുന്നുള്ളല്ലോ"

''അച്ചോ, അച്ചൻ കേൾക്കണം, ആരെങ്കിലും ഒരു സഹായം ചോദിച്ചുവന്നാൽ നക്കാപ്പിച്ച കൊടുക്കുകയില്ല എന്നു മാത്രമല്ല വായിൽ വരുന്നതെല്ലാം വിളിച്ചുകൂവും. കൊടുക്കാൻ മനസ്സില്ലെങ്കിൽ കൊടുക്കേണ്ട, നല്ല വാക്കുപറഞ്ഞവരെ പറഞ്ഞുവിടാമല്ലോ"

"എന്റെ മനുഷ്യനെ, അങ്ങനെ പറഞ്ഞുവിട്ടാൽ അവരൊക്കെ പിന്നെയും വരും. നല്ല കടുപ്പിച്ച് നാല് വർത്തമാനം പറഞ്ഞാൽ പിന്നെ ഒറ്റഒരെണ്ണം ആ വഴി വരുകേല".

"എടി നിന്നെ പറഞ്ഞിട്ടുകാര്യമില്ല മറ്റുള്ളവരെ സ്നേഹിക്കാൻ പഠിക്കണം. നിന്റെ കുറെ കൂട്ടർ ദൂരെ ഉണ്ടെന്നു പറഞ്ഞിട്ട് അവരൊക്കെ എന്തിയേ, ഒറ്റരെണ്ണത്തിനെ വിളിക്കാൻപോലും പറ്റിയില്ല. അടുത്തുകിടന്ന കുറെ പാവങ്ങൾ ഓടിക്കൂടി രക്ഷിച്ചതുകൊണ്ട് ജീവനെങ്കിലും കിട്ടി.

വടക്കേതലയ്ക്കലെ കരിയാപ്പി പഴയ ഒരു ഗൾഫ് കാരനാണ്. ആ നാട്ടിൽനിന്ന് ആദ്യം പേർഷ്യയ്ക്ക്പോയ ആളായതുകൊണ്ട് പേർഷ്യക്കാരൻ എന്നാണ് നാട്ടിലെല്ലായിടത്തും അറിയപ്പെടുന്നത്. ആൾ ഒരല്പം അല്പനാണെങ്കിലും പത്തുപേരറിയുമെങ്കിൽ അല്പസ്വല്പം സംഭാവനയും കാര്യങ്ങളും ഒക്കെ കൊടുക്കും രണ്ടര ഏക്കർ പുരയിടവും അതിനോടു ചേർന്ന് ഏതാണ്ട് മുന്നേക്കർ നിലവുമായി കുറെ വസ്തു കരിയാപ്പിക്കുണ്ട്. പത്ത് മുപ്പതുവർഷം ഗൾഫിൽ കിടന്നു സമ്പാദിച്ചതെല്ലാം നല്ല ഒരു വീടും പറമ്പുമായി മുതൽക്കൂട്ടാക്കി മാറ്റി. ചുറ്റുമതിലും വലിയ ഗയിറ്റും ഉള്ളതുകൊണ്ട് അയൽവാസികളൊന്നും അങ്ങോട്ടു ചെല്ലാറുമില്ല. അവരൊക്കെ അങ്ങോട്ടു ചെല്ലണമെന്ന് കരിയാപ്പിയുടെ ഭാര്യ കുഞ്ഞന്നാമ്മയ്ക്ക് വലിയ താത്പര്യമില്ല. പേർഷ്യാക്കാരനായതുകൊണ്ടും വലിയവീടും മതിലും ഗെയിറ്റുംമായതുകൊണ്ടും പിരിവുകാരൊക്കെ നല്ല തുക സംഭാവന കിട്ടുമെന്നു കയറി അവിടെ കയറാറുണ്ട്. കരിയാപ്പി വീട്ടിലുണ്ടെങ്കിൽ രക്ഷപ്പെട്ടു അല്ലെങ്കിൽ കാൽ കാശുകിട്ടുകയില്ലെന്നു മാത്രമല്ല കുഞ്ഞന്നാമ്മയുടെ വായിലെ വികടസരസ്വതി കൂടി കേൾക്കേണ്ടിവരും".

പേർഷ്യാക്കാരനായ കരിയാപ്പിയുടെ വീട്ടിലെ ഉപകരണങ്ങളിൽ പലതും വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത ലക്ഷങ്ങൾ വിലയുള്ളവയാണ്. ഒന്നരലക്ഷം രൂപവിലയുള്ള സെറ്റി, ഒരു ലക്ഷത്തോളം രൂപവിലയുള്ള ഡൈനിംഗ് റ്റേബിൾ ലക്ഷത്തിനുമുകളിൽ വിലയുള്ള സോണി റ്റി.വി. കൾ എല്ലാ കിടപ്പുമുറികളിലും, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ഓവൻ എന്നാൽ ഇവയെക്കാൾ വിലയുള്ള വമ്പൻ കാറുകളും. കരിയാപ്പി ഗൾഫിൽ നിന്നും പോരുന്നതിനുമുമ്പായി ആൺമക്കൾ രണ്ടുപേരെയും അക്കരെ എത്തിച്ചിരുന്നു. അതിൽ ഒരു മകൻ ഗൾഫിൽ കുടുംബമായി ഗൾഫിൽ കോടികൾ വിലയുള്ള വില്ലയിലാണ് താമസം. ഇളയമകൻ വിവാഹിതനല്ല എങ്കിലും അവൻ കഴിഞ്ഞവർഷം വന്നപ്പോൾ ഏതാണ്ട് അരക്കോടി രൂപയോളം വിലയുള്ള മറ്റൊരുകാർ (ഫുള്ളി ഓട്ടോമാറ്റിക്ക്) കൂടിവാങ്ങിയിട്ടാണ് പോയത്. പക്ഷെ അവയെല്ലാം വെള്ളത്തിൽ മുങ്ങി ഒരാഴ്ചയോളം കിടക്കേണ്ടിവന്നു.

"അച്ചോ ഞാനും ഇവളും കൂടി വീടിന്റെ രണ്ടാംനിലയുടെ സിറ്റ് ഔട്ടിൽ നാലുദിവസം ഭക്ഷണംപോലും കഴിക്കാതെ കഴിയേണ്ടി വന്നു. ഫ്രിഡ്ജ് നിറച്ച് ചിക്കനും മട്ടനും ഫിഷും ഒക്കെ ഉണ്ടായിരുന്നു. പിള്ളേര് ഞങ്ങൾക്ക് കലക്കി കുടിക്കാൻ തന്ന ഓട്സും നട്ട്സുമെല്ലാം വെള്ളം കയറിപ്പോയി. ആകെ ഇനിയുള്ളത് ഈ ഉടുതുണി മാത്രമെ ഉള്ളൂ".

"കരിയാപ്പിച്ചായ ഈ പ്രളയത്തിൽ നിന്ന് പിന്നെങ്ങനെ രക്ഷപ്പെട്ടു"

"എന്റെ അച്ചോ ഞങ്ങളുടെ ഗയിറ്റുകൂടി രാത്രിയിൽ പൂട്ടിയിട്ടാണ് ഞങ്ങൾ കിടക്കുന്നത്. ലക്ഷങ്ങൾ വിലയുള്ള കാറുകളല്ലേ പോർച്ചിൽ കിടക്കുന്നത് അതാരെങ്കിലും.... അതുകാരണം ഗെയിറ്റിൽ കൂടി ആർക്കും കയറിവരാൻ പറ്റത്തില്ല. ഗയിറ്റിന്റെ താക്കോൽ സൂക്ഷിച്ചിരിക്കുന്ന അലമാരിയും വെള്ളത്തിൽ മുങ്ങി പിന്നെ എവിടെപ്പോയി താക്കോലെടുക്കാൻ.

"പിന്നെങ്ങനെ ......

"എന്റെ അച്ചോ വെള്ളം ഗെയിറ്റിനു മുകളിൽ കയറി ഒന്നാം നില കഴിഞ്ഞു രണ്ടാം നിലയിലെത്തി. ഇനിയും ഞങ്ങളെ രക്ഷിക്കാൻ ആരും വരികയില്ല എന്നു ഉറച്ചിരിക്കുമ്പോഴാണ് മുറുക്കാൻ കട നടത്തുന്ന കുഞ്ഞാപ്പി ഒരു വള്ളക്കാരേയുംകൊണ്ടുവന്ന് ഞങ്ങളെ രക്ഷിച്ചത്ത്"

"കുഞ്ഞാപ്പി ഇല്ലായിരുന്നെങ്കിൽ"

''വെള്ളം മതിലിനും ഗേയിറ്റിനും മുകളിലായതു നിങ്ങളുടെ ഭാഗ്യം"

"അതെ അച്ചോ അതുകൊണ്ടുമാത്രമാണ് ഞങ്ങൾക്ക് രക്ഷപെടാൻ കഴിഞ്ഞത്"

തങ്ങൾ എല്ലാംകൊണ്ടും സുരക്ഷിതർ എന്ന് കരുതിയിരുന്ന പലരും ഒട്ടും സുരക്ഷിതരല്ലെന്ന് നമുക്ക് വെളിപ്പെടുത്തിതന്നെ വലിയ ഒരു സംഭവമായിരുന്നു കഴിഞ്ഞ മാസം കേരളത്തിലുണ്ടായ മഹാപ്രളയം. ഇരുനിലവീടും ഇരുപതേക്കർ സ്ഥലവുമുള്ളവരും പാടത്തിന്റെ വരമ്പത്തും റോഡ് സൈഡിലുള്ള പുറമ്പോക്കിൽ താമസിച്ചിരുന്നവർക്കും ഒരുപോലെ എല്ലാ നഷ്ടമായ, ഒരുപോലെ എല്ലാവരേയും സമന്മാരാക്കിയ മഹാപ്രളയം. വെള്ളം ഒരിക്കലും തങ്ങളുടെ വീട്ടിൽ കയറില്ല എന്നു കരുതി ഇരുന്നവർ ആവശ്യം വന്നാൽ കാറിൽ കയറി രക്ഷപ്പെടാമെന്നും വിചാരിച്ചിരുന്നവർ! ഒരു മാസത്തേക്കുള്ള ഭക്ഷ്യസാധനങ്ങൾ ഫ്രിഡ്ജിൽ കരുതിയവർ ഐഫോണും ഇന്റർനെറ്റുമെല്ലാം ഇഷ്ടംപോലെ ഉണ്ടായിരുന്നവർ! നാലുദിവസമായി ഭക്ഷണം കഴിച്ചിട്ട് ഒരു പൊതിച്ചോറുതരുമോ എന്ന് വാവിട്ടുചോദിച്ചവർ! ഉടുതുണിക്കു മറുതുണിപോലും ഇല്ലാതായിപ്പോയവർ! അങ്ങനെയങ്ങനെ പലരും.....പലരും.....

വീടും കാറും ഏക്കറുമുണ്ടായിരുന്ന കറിയാപ്പിയും കുഞ്ഞന്നാമ്മയും ദുരിതമനുഭവിച്ച ലക്ഷങ്ങളിൽ ഒന്നു മാത്രം. പക്ഷെ ഈ പ്രളയം അവരുടെ കണ്ണു തുറപ്പിച്ചു. ഇന്ന് ദുരിതമനുഭവിച്ചവർക്കും അല്ലാത്തവർക്കും ഇതൊക്കെ ഒരു പാഠമായിരുന്നെങ്കിൽ!

ജീവിതത്തിൽ ദുരിതങ്ങളും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ മാത്രമല്ല മനഃസ്ഥാപവും മനം തിരിവും ഉണ്ടാകേണ്ടത്. അത് എല്ലാമുള്ളപ്പോഴാണ് എനിക്കാരുടെയും സഹായമാവശ്യമില്ല എനിക്കെല്ലാം വേണ്ടുവോളമുണ്ട് എന്ന് അഹങ്കരിക്കുന്നവരുണ്ടാകാം. തങ്ങൾക്ക് സമന്മരോടോ. തങ്ങളെക്കാൾ താഴെയുള്ളവരോടോ ഒക്കെ അഹങ്കാരത്തോടും നിന്ദയോടും മര്യാദയില്ലാതെയും പെരുമാറുന്നവരും ധാരാളം. രാഷ്ട്രീയ സ്വാധീനവും ഉയർന്ന ഉദ്യോഗവും ഉന്നതനിലവാരവും ഉണ്ട് എന്ന് അഭിമാനിക്കുന്നവരുമുണ്ടായേക്കാം. പക്ഷെ ചില നിമിഷങ്ങളിൽ അതൊന്നും ഉപകാരപ്പെടുകയില്ല എന്ന് ഈ പ്രളയം നമ്മെ ബോധ്യപ്പെടുത്തുന്നു.

വിദേശരാജ്യങ്ങളിൽ പണം കൊയ്യുന്ന കുടുംബാംഗങ്ങളോ, മക്കളോ മതാപിതാക്കളോ ഒന്നുമല്ല. ചില ആപത്തുനേരങ്ങളിൽ നമുക്ക് ഉപകാരപ്പെടുന്നത് മറിച്ച് അരവയറും അധഃകൃതത്തെ നാം പുച്ഛിക്കുന്നവരുമായിരിക്കും. നമ്മുടെ രക്ഷക്കെത്തുന്നവരെന്ന് നമുക്ക് ബോധ്യമായി.

ഈ പ്രളയം കുറെയേറെ മനുഷ്യരുടെ ഹൃദയങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പക്ഷെ അത് എത്രനാൾ ഉണ്ടാകുമെന്ന് കണ്ടറിയണം. നഷ്ടമായതൊക്കെ ഓരോന്നോരോന്നായി തിരിച്ചു വരുമ്പോൾ നാം വീണ്ടും ആ പഴയ മനുഷ്യരാകാതിരുന്നാൽ മതിയായിരുന്നു.

## നിയമിതനായി



സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിൽ പ്രീ-മാരിറ്റൽ കൗൺസലിംഗ് ഫാക്കൽറ്റിയായി നിയമിതനായ **അനൂബ് തോമസ്** M.S.W (Psy.SW) M.Phil (Counselling & Psychotherapy), M.A.,M.Th.കാഞ്ഞിരപ്പള്ളി Holycross Hospital& mental Health Centre ൽ Senior family Counsellor & Psychotherapist ആയി പ്രവർത്തിച്ചുവരുന്നു. കുട്ടികളിലെ പഠന വൈകല്യങ്ങൾ, കുടുംബ-കൗമാര-വാർദ്ധക്യ പ്രശ്നങ്ങൾ, പരീക്ഷാഭയം, വ്യക്തിത്വ വികസനം, ലഹരി വിരുദ്ധ ബോധവത്ക്കരണം തുടങ്ങിയ പ്രശ്നങ്ങൾക്കുള്ള കൗൺസിലിംഗും, ക്ലാസ്സുകളും റാന്നി വലിയപള്ളിക്കു സമീപമുള്ള കൗൺസിലിംഗ് & സൈക്കോതെറാപ്പി സെന്ററിൽ ദിവസവും വൈകുന്നേരം (Mon-Fri) 5.30-700 P.M.ശനിയാഴ്ചകളിലും ലഭ്യമാണ്.

**Mob: 9946187292, 8848305658**

## ചിങ്ങവനം മേഖല ഗ്രൂപ്പ് മീറ്റിംഗ്

ക്നാനായ അതിഭദ്രാസന വനിതാസമാജം (ഗ്രൂപ്പ് മീറ്റിംഗ്) ചാന്നാനിക്കാട് സെന്റ് മേരീസ് പള്ളിയിൽ സെപ്തംബർ 21 വെള്ളിയാഴ്ച റവ. ഫാ. ഏബ്രഹാം കട്ടത്തറയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ അഭി. ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്ത ഉത്ഘാടനം ചെയ്യുന്നതും ശ്രീമതി റെനി വി. സ്റ്റീഫൻ (കോതമംഗലം മാർ ബേസിൽ ഹയർ സെക്കന്ററി സ്ക്കൂൾ ടീച്ചർ) ബൈബിൾ പ്രഭാഷണം നടത്തുന്നതുമാണ്. എല്ലാ വനിതകളും സുവിശേഷകരും ബഹു. വൈദികരും ഈ യോഗത്തിൽ വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

# ദൈവ വിശ്വാസത്തിൽ വളരുക

ജൂഡി ബെൻസി കളരിക്കമുറിയിൽ, റാന്നി

## വിശ്വാസം എന്നാൽ എന്ത്?

ദൈവത്തോടും ദൈവത്തിന്റെ ഉറപ്പിനോടും ഉള്ള ഇളക്കം തട്ടാത്തതും ദൈവകല്പന അനുസരിക്കുന്നതും ആണ് യഥാർത്ഥമായ വിശ്വാസം. നമ്മൾ എല്ലാ കാര്യത്തിലും അചഞ്ചലമായ ഉറപ്പ് പ്രതീക്ഷിയ്ക്കണം. നമ്മോട് ദൈവം അങ്ങനെ ചെയ്യുക എന്നും പറഞ്ഞാൽ അത് ഒരുമടിയും കൂടാതെ നാം ചെയ്യേണ്ടതാണ്.

ദൈവം നമ്മോടു പറയുന്നത് ഞാൻ വാഗ്ദത്വങ്ങൾ തരുന്ന ദൈവം ആണ് എന്നാണ്. വിശ്വാസം ഇല്ലാത്ത അവസ്ഥ നാം ദൈവത്തെ നിന്ദിക്കുന്നതിന് തുല്യം ആണ്. ദൈവം ഒരിക്കൽപോലും നമ്മോടുള്ള അവന്റെ വാഗ്ദത്വം പാലിക്കാതെ പോയിട്ടില്ല. ദൈവം നമ്മിൽ കാണാനാഗ്രഹിക്കുന്ന ഒരു സ്വഭാവം വിശ്വാസം ആണ്. ദൈവത്തിൽ അചഞ്ചലമായ വിശ്വാസം നമ്മൾക്ക് ഉണ്ട് എന്ന് ഉറപ്പിയ്ക്കേണ്ടത് നമ്മുടെ കടമയാണ്. എബ്രായർ 11:6 ൽ ഇങ്ങനെ പറയുന്നു "എന്നാൽ വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ?

നമ്മൾക്ക് പുതിയ നിയമത്തിലേയും, പഴയനിയമത്തിലേയും വിശ്വാസം എങ്ങനെ ആണ് എന്ന് ഒന്നു നോക്കാം. (മത്തായി 19:27-30) ഇതിൽ രണ്ടു കുരുടന്മാരുടെ വിശ്വാസത്തെയാണ് നാം കാണുന്നത്. അവർക്ക് കാഴ്ച കൊടുപ്പാൻ തക്കവണ്ണം ദൈവപുത്രന് കഴിവുണ്ട് എന്നുള്ള ഉറച്ചവിശ്വാസം കൊണ്ടാണ് അവർ ദൈവത്തെ പിൻതുടർന്നത്. അവരുടെ വിശ്വാസം ശോധന ചെയ്യുന്നതിന് കർത്താവ് അവരോട് ചോദിച്ചു "എനിക്ക് ഇതിനു കഴിയും എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? അവരുടെ ഉറപ്പും വിശ്വാസവും കണ്ട് ദൈവം അവർക്ക് കാഴ്ച നൽകി. അവർക്ക് സൗഖ്യം ലഭിക്കും എന്നുള്ള സത്യം അവർ മുൻപേ വിശ്വസിച്ചിരുന്നു. അവരുടെ വിശ്വാസത്തിന്റെ ദൃഢതയാണ് നമ്മൾക്ക് കാണുവാൻ സാധിക്കുന്നത്. അതുപോലെ തന്നെ പുതിയ നിയമത്തിൽ മാർത്തയുടെയും മറിയയുടേയും വിശ്വാസം, പക്ഷവാതക്കാരനെ കൊണ്ടുവന്നവരുടെ വിശ്വാസം, രക്തസ്രാവക്കാരിയുടെ വിശ്വാസം. അങ്ങനെ ധാരാളം നമ്മൾക്ക് കാണുവാൻ സാധിക്കും. പഴയനിയമകാലത്തെ വിശ്വാസത്തേകൂടി നമുക്ക് ഒന്നു നോക്കാം. അതിന് ഉദാഹരണമാണ് ദാനിയേലിന്റെ മൂന്നു കൂട്ടുകാർ, നെബുക്കദ്നേസർ രാജാവിന്റെ ബിംബം വണങ്ങാൻ എതിർത്തവർ (ദാനിയേൽ 3:17). രാജാവിന്റെ കല്പന അനുസരിക്കാതിരുന്നപ്പോൾ അവർ അറിഞ്ഞിരുന്നില്ല ദൈവം അവരെ എങ്ങനെ വിടുവിക്കും എന്ന്. ഭൗതികശരീരത്തിന്റെ വിടുതലാണോ അതോ പുനരുത്ഥാനത്തിൽ ആണോ അവർക്ക് വിടുതൽ ലഭിക്കുക എന്ന് അവർ എന്താഗ്രഹിച്ചുവോ അതായിരുന്നു അവരുടെ വിശ്വാസം. അതിനവർക്ക് കണ്ടിട്ടുള്ളതോ അനുഭവിച്ചിട്ടുള്ളതോ ആയ തെളിവുകൾ ഒന്നും ഇല്ലായിരുന്നു. എന്നാൽ അവരുടെ വിശ്വാസം പഠിപ്പിച്ചിരുന്നത് ദൈവത്തെ സേവിപ്പാനും ദൈവകല്പന അനുസരിക്കാനും ആയിരുന്നു. അവരെ വിടുവിപ്പാൻ ദൈവത്തിന് സാധിക്കും എന്ന് ഉറച്ചു വിശ്വസിച്ചു. അതിനാൽ അവർ ദൈവകല്പന അനുസരിച്ച് അന്യദൈവത്തെ നമസ്ക്കരിച്ചില്ല.

## പ്രവൃത്തിയില്ലാത്ത വിശ്വാസം മരണതുല്യം (യാക്കോ. 2:19 – 20)

അബ്രഹാമിന് വിശ്വാസവും പ്രവർത്തിയും ഉണ്ടായിരുന്നു. എന്തെന്നാൽ അവൻ ദൈവത്തിൽ വിശ്വസിച്ച് ദൈവത്തിന്റെ ആജ്ഞ പ്രവർത്തിച്ചു. അബ്രഹാം വിശ്വാസികളുടെ പിതാവല്ലായിരുന്നെങ്കിൽ തന്റെ മകനായ യിസഹാക്കിനെ യാഗമായി കൊടുക്കുന്ന പ്രവർത്തി ന്യായീകരിക്കാവുന്നതാണോ? ഇതിൽ നമ്മൾക്ക് വിശ്വാസത്താലുള്ള പ്രവർത്തി കാണുവാൻ സാധിക്കും (യാക്കോ 2:22). "പ്രവർത്തിയോടുകൂടെ വിശ്വാസം വ്യാപരിച്ചുവെന്നും പ്രവർത്തിയിൽ വിശ്വാസം പൂർണ്ണമായി എന്നും കാണുന്നു" പ്രവർത്തിയിലുള്ള വിശ്വാസം അബ്രഹാമിന് നീതിയായി കണക്കിട്ടു. അതുപോലെ തന്നെ രാഹാബ് എന്ന വേശ്യയുടെ പ്രവർത്തികളാൽ അവളും നീതികരിക്കപ്പെട്ടു (യാക്കോബ് 2:25) (എഫേസ്യർ 2:8,9) കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനം മാത്രമാകുന്നു. നാം സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തു യേശുവിൽ സൃഷ്ടിയ്ക്കപ്പെട്ടവരാകുന്നു.

വിശ്വാസം വർദ്ധിക്കുന്നതിനും, ദൈവത്തിനോട് കൂടുതൽ അടുക്കുന്നതിനും പ്രാർത്ഥനയും ദൈവവചനവും പഠിക്കുകയും ആണ് നാം ചെയ്യേണ്ടത്. (ഫിലി. 4:6,7) ഇങ്ങനെ പറയുന്നു. "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തെ അറിയിയ്ക്കുകയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും ക്രിസ്തുവിങ്കൽ കാക്കും"

## വിശ്വാസത്തിന്റെ തലങ്ങൾ

വിശ്വാസത്തിന് പല തലങ്ങൾ ഉണ്ട് എന്നു പറയുന്നു. ദൈവത്തിന്റെ ഉപമകളിൽ തന്നെ നാം അല്പവിശ്വാസിയേയും അധികവിശ്വാസിയേയും കാണുവാൻ സാധിക്കുന്നുണ്ട്. ആയതിനാൽ നമ്മൾക്ക് നമ്മോടുതന്നെ ഒന്നു ചോദിക്കാം എത്രമാത്രം വിശ്വാസം നമ്മൾക്ക് ഇപ്പോൾ ഉണ്ട്. എത്രമാത്രം ആത്മാർത്ഥത നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിന് നമുക്കുണ്ട്?

എന്നാൽ ആവശ്യമായ വിശ്വാസം നമ്മളിൽ ആർക്കും തന്നെയില്ല. ചിലപ്പോൾ വിശ്വാസം പ്രോത്സാഹിപ്പിക്കുന്നത് ദൈവത്തിന്റെ വാഗ്ദത്വം ഇല്ലാത്ത കാര്യങ്ങൾക്കാണ്. ഉദാഹരണം. ഞങ്ങളുടെ പള്ളിയുടെ പിക്നിക് ആണ് അടുത്ത ആഴ്ച മഴപെയ്താൽ എല്ലാം നശിക്കും. ഞങ്ങൾക്ക് നല്ല വിശ്വാസമുണ്ട്. മഴപെയ്യില്ല എന്ന്. എന്നാൽ വേദപുസ്തകത്തിൽ ഇങ്ങനെ ഒരു വാഗ്ദത്വം കാണുന്നില്ല. എന്നാൽ മറ്റു ചിലർ പറയുന്നത് ഞാൻ ഒരു ജോലിയ്ക്ക് അപേക്ഷിച്ചിട്ടുണ്ട് എനിക്കത് വേണം. പക്ഷേ എന്നെക്കൂടാതെ വേറെ ഒന്നുരണ്ടു പേരടക്കം അവരുടെ പരിഗണനയിൽ ഉണ്ട്. ആ ജോലി എനിക്ക് വേണം എനിക്കു നല്ലവിശ്വാസം ഉണ്ട് ആ ജോലി എനിക്കു തന്നെ ലഭിക്കും. എന്നാൽ വേദപുസ്തകത്തിൽ ആഗ്രഹിച്ച ആ ജോലി ലഭിക്കും എന്ന് ഒരുറപ്പും പറയുന്നില്ല. അതുപോലെ നമ്മുടെ ആരോഗ്യ പ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ സാമ്പത്തികബുദ്ധിമുട്ടുകൾ ഇവയിലൊക്കെയാണ് നാം നമ്മുടെ വിശ്വാസത്തിന്റെ തലങ്ങൾ കാണുന്നത്. (മർക്കോ.11:22-24)ൽ ഇങ്ങനെ പറയുന്നു "ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ഈ മലയോട് നീങ്ങി കടലിൽ ചാടിപ്പോക

എന്നു പറഞ്ഞാൽ അത് സംഭവിക്കും. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ എന്നാൽ അതു നിങ്ങൾക്കുണ്ടാകും എന്നു ഞാൻ പറയുന്നു" എന്നാൽ ദൈവജനം മലനീക്കി എന്ന് ഒരു സ്ഥലത്തും നാം കാണുന്നില്ല. എന്നാൽ പിതാവായ ദൈവം നമ്മുടെ യഥാർത്ഥമായ ആവശ്യങ്ങൾ നടത്തുവാൻ കഴിവുള്ളവനാണ്. (അപ്പോ.പ്രവ.14:22) വിശ്വാസത്തിൽ നില നിൽക്കേണം എന്നും നാം അനേക കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടവർ ആകുന്നു എന്ന് പ്രബോധിപ്പിച്ചു ശിഷ്യന്മാരുടെ മനസ്സുറപ്പിച്ചുപോന്നു. (സങ്കീ.34:19) "നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു".

നമ്മൾക്ക് പുത്രൻതമ്പുരാന്റെ ജീവിതത്തിലേയ്ക്ക് ഒന്നു നോക്കാം. ക്രൂശുമരണത്തിനു മുൻപായി ഗത്സമന തോട്ടത്തിൽ പ്രാർത്ഥിച്ചപ്പോൾ ആവശ്യമുള്ളതെല്ലാം പുത്രന് ലഭിച്ചുവോ? ഇല്ല, എന്നാൽ പുത്രൻ തമ്പുരാന്റെ പ്രാർത്ഥന നമ്മൾക്ക് ഒരുത്തമ ഉദാഹരണം ആണ് (മത്താ. 26:39) "പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകേണമേ, എങ്കിലും ഞാൻ ഇച്ഛിക്കും പോലെ യല്ല നീ ഇച്ഛിക്കുംപോലെയാകട്ടെ". നമ്മൾക്ക് ദൈവത്തോട് എന്തും ചോദിക്കാം എന്നാൽ നമ്മുടെ പ്രാർത്ഥന ദൈവമുമ്പാകെ മറുപടി ലഭിക്കുന്നതിന് അർഹതയുള്ളതാണോ എന്ന് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മൾക്കർഹതയുള്ളത് ദൈവം നമ്മൾക്ക് നൽകും എന്ന് നാം വിശ്വസിക്കണം.

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവം പ്രത്യേക ഉറപ്പുകൾ ദൈവവചനത്തിൽകൂടി നൽകിയിട്ടുണ്ട്. ആ ഉറപ്പുകൾ എന്തൊക്കെയാണ് എന്ന് നാം തീർച്ചയായും മനസ്സിലാക്കേണ്ടതാണ്. ദൈവത്തിന്റെ ഉറപ്പിൽ നമ്മൾ അഹങ്കരിക്കരുത്. ദൈവത്തിന് നമ്മൾ ഏവരേയുംക്കുറിച്ച് ചില പ്ലാനും പദ്ധതിയും ഒക്കെ ഉണ്ട്. വേദപുസ്തകത്തിൽ നമ്മൾക്ക് മനസ്സിലാക്കാവുന്ന ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. (മത്തായി 6:31) "ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നതിനെക്കുറിച്ച് വിചാരപ്പെടരുത്''

## വിശ്വാസത്തിൽ വളരാനുള്ള മൂന്നു വഴികൾ

**1. വിശ്വാസത്തിനായി നമ്മൾ പ്രാർത്ഥിയ്ക്കണം.**

നമ്മൾക്ക് വളരെയധികമായി ദൈവികവിശ്വാസം ലഭിക്കുന്നതിന് നിരന്തരം നാം ദൈവത്തോട് ആവശ്യപ്പെടണം. ആവശ്യപ്പെടുന്നില്ല എങ്കിൽ നമ്മൾക്കതു ലഭിക്കുകയില്ല. ദൈവം നമ്മെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു. നമ്മൾക്ക് എന്തു മാത്രം വിശ്വാസമുണ്ട്? അത് നമ്മൾക്ക് എത്രമാത്രം പ്രധാനപ്പെട്ടതാണ് എന്ന്. അതിനാൽ നാം വിശ്വാസത്തിൽ ഉറച്ച് കൂടുതൽ വിശ്വാസത്തിൽ നില്ക്കുന്നതിന് നിരന്തരം ദൈവത്തോടു പ്രാർത്ഥിക്കണം.

**2. ദൈവത്തെ അനുസരിക്കുന്നതിൽ നമ്മൾ വ്യാപൃതരാകണം.**

(യാക്കോബ് 2:14) ''ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ട് എന്നു പറകയും പ്രവർത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷപ്രാപിക്കുമോ? ഇതിൽ നിന്നും മനസ്സിലാക്കേണ്ടിയത് നമ്മൾക്കു രക്ഷ ലഭിച്ചു എന്നല്ല, ശാശ്വതമായ ജീവിതം ദൈവത്തിൽ നിന്നുള്ള ദാനം ആണ്. എന്നാൽ ദൈവം നമ്മുടെ പ്രവർത്തികളെ നോക്കിക്കൊണ്ടിരിക്കുന്നു. പ്രവർത്തികൾ എന്തൊക്കെയാണ് എന്നു നോക്കാം. ദൈവവചനം അനുസരിച്ചു ജീവിക്കുക എന്നതാണ്. എന്നാൽ ദൈവം നമ്മോടു പറയുന്നത് വിശ്വാസം ഉണ്ട് എന്നു പറയുന്നതിലല്ല ദൈവയിഷ്ടം അനുസരിച്ച് ജീവിക്കുക എന്നാണ്. യാക്കോബ് തന്റെ ലേഖനത്തിൽ ഇങ്ങനെ പറയുന്നു. പ്രവർത്തികളിൽ കൂടെയല്ലാതെ ആർക്കും വിശ്വാസം തെളിയിക്കുവാൻ കഴിയുകയില്ല എന്ന്.

**3. ദൈവവചനം എപ്പോഴും നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം.**

(റോമ.10:17) ''ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു". നമ്മൾ തുടർച്ചയായി ദൈവവചനം വായിക്കുകയും കേൾക്കുകയും ചെയ്തില്ല എങ്കിൽ നമ്മൾക്ക് വിശ്വാസം അധികം ഉണ്ടാകയില്ല. നമ്മൾ അബ്രഹാമിന്റെ വിശ്വാസത്തെക്കുറിച്ച് വായിക്കുന്നുണ്ടല്ലോ (എബ്രാ.8:10) കനാൻ ദേശത്തെക്കുപോകുവാൻ പറഞ്ഞപ്പോൾ അബ്രഹാം വിശ്വാസത്തോടെ അതു അനുസരിക്കയാണ് ചെയ്തത്. അബ്രഹാം ദൈവത്തെ അനുസരിച്ച് ദൈവത്തിന്റെ വാഗ്ദത്വത്തിൽ വിശ്വസിച്ചു. എന്നാൽ നാം ഓരോരുത്തരും മാനുഷികസാഹചര്യങ്ങളിൽ കൂടുതൽ ശ്രദ്ധകൊടുക്കുകയും ആത്മീയതയ്ക്കും അത്ര പ്രാധാന്യം നല്കുന്നുമില്ല. ദൈവത്തിന് പ്രാധാന്യം കൊടുത്താൽ നമ്മുടെ വിശ്വാസം വർദ്ധിക്കുകയും നമ്മൾക്ക് വാഗ്ദത്വങ്ങൾ ഭവിക്കുമോ എന്ന് സംശയിക്കേണ്ടിയും വരികയില്ല. നമ്മൾ ദൈവവചനം പഠിക്കുകയും അതെക്കുറിച്ച് ഗാഢമായി ചിന്തിക്കുകയും വേണം. അപ്പോൾ നമ്മൾക്ക് നാം വായിച്ച ദൈവവചനങ്ങളെ ആഴമായി മനസ്സിലാക്കുവാൻ സാധിക്കും. അപ്പോൾ നമ്മൾക്ക് ദൈവത്തിലുള്ള വിശ്വാസം വർദ്ധിക്കുകയും അതോടൊപ്പം കൂടുതൽ ദൈവീകനുഗ്രഹങ്ങൾ നമ്മൾക്ക് ലഭിക്കുകയും ചെയ്യും.

നമ്മുടെ ജീവിതത്തിലുണ്ടായ എല്ലാ പ്രതിബന്ധങ്ങളേയും എടുത്തുമാറ്റുവാൻ ദൈവത്തിന് സാധിക്കും എന്ന് നാം വിശ്വസിക്കണം (മത്തായി 19:26) "ദൈവത്തിന് ഒന്നും അസാദ്ധ്യമല്ലല്ലോ". ദൈവം നമ്മെ എല്ലാവരേയും നോക്കിക്കൊണ്ടിരിക്കുന്നു, കരുതുന്നു, പ്രാർത്ഥന കേൾക്കുന്നു. നമ്മുടെ പ്രാർത്ഥനകൾക്ക് നമ്മൾ നിനയ്ക്കാത്ത വഴികളിലൂടെ മറുപടി തന്ന് നമ്മെ അനുഗ്രഹിക്കും. ദൈവത്തിന് നമ്മൾക്കു ചെയ്തു തരുവാൻ കഴിയാത്ത ഒരു കാര്യവും ഇല്ല. അതിരുകളുമില്ല. എന്നാൽ നമ്മൾ ദൈവത്തിൽ വിശ്വസിച്ച് അനുസരിക്കണം. ഈ കാലയളവിൽ ദൈവവചനം പല തരത്തിൽ നമ്മൾക്ക് ലഭ്യമാണ്. നമ്മൾ ദൈവവചനം പഠിച്ച് നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്താൽ നമ്മുടെ ദൈവമായ കർത്താവ് പ്രാർത്ഥനകൾക്ക് മറുപടി തന്ന് അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കിത്തരിക തന്നെ ചെയ്യും. ഒരു ചെറിയ ഉദാഹരണം പറഞ്ഞ് ഞാൻ ഇത് നിർത്തട്ടെ. തേനിനെക്കുറിച്ച് സുദീർഘമായ ഒരു പ്രസംഗം കേട്ടു. ഒരു വ്യക്തിയ്ക്ക് തേൻ കണ്ടിട്ടില്ല എങ്കിൽ അയാൾക്ക്ഒരു രസവും തോന്നുകയില്ല. തേനിന്റെ ആസ്വാദ്യത മനസ്സിലാക്കണമെങ്കിൽ ഒരു തുള്ളി തേൻ എങ്കിലും നാവിൽ വച്ച് അതിന്റെ രുചിയറിയണം. മണിക്കൂറുകൾ കേട്ടിരിക്കുന്ന പ്രസംഗത്തേക്കാളും അയാൾക്ക് ആനന്ദം നൽകുന്നത് തേനിന്റെ രുചിമൂലമുള്ള അനുഭവം ആണ്. പ്രാർത്ഥനയുടെ അസ്ഥിത്വം ഉറച്ച വിശ്വാസം ആണ് അതൊരിക്കലും ഫലശൂന്യമാകയില്ല. നിർമ്മലമായ വിശ്വാസവും, ഉറപ്പായ ശരണവും നിറഞ്ഞ പ്രത്യാശയും ദൈവത്തിലർപ്പിച്ച് നാം പ്രാർത്ഥിക്കുമ്പോൾ ആപാദചൂഡം കണ്ടറിയുന്ന സർവ്വശക്തൻ നമ്മൾക്കു പ്രതിഫലം നൽകും. പ്രാർത്ഥനയിൽ തുടരുക പിൻമാററുത് .ദൈവം നൽകുന്ന ഉത്തരം നമ്മുടെ പ്രാർത്ഥനയേക്കാൾ ഉചിതമെന്ന് വിശ്വസിച്ച് ദൈവത്തെ സ്തുതിക്കുക. നാം ആഗ്രഹിക്കുന്നത് നമുക്കു ലഭിച്ചു എന്നു വരികയില്ല എന്നാൽ നമുക്ക് നന്മയുള്ളത് ദൈവം നൽകുന്നു എന്ന് വിശ്വസിക്കുക.

ചെറുകഥ

# അമ്മ - എന്റെ അമ്മ

ഏബ്രഹാം കല്ലിശ്ശേരി

ഇന്നും ഞാൻ അത്ഭുതത്തോടെ ഓർക്കാറുണ്ട്. അമ്മയ്ക്ക് ഇതൊക്കെ എങ്ങനെ സാധിച്ചു. ആകെയുള്ള ഒരു കോഴിയിടുന്ന ഒരു മുട്ട. മുറ്റത്തെ മൂവാണ്ടൻമാവിൽനിന്നും വല്ലപ്പോഴും വീണുകിട്ടുന്ന ഒരു മാങ്ങ. ഇവയെല്ലാം പത്തു മക്കൾക്കുമായി വീതിച്ചു നൽകിയിട്ട് അവരത് ആർത്തിയോടെ തിന്നുന്നതും നോക്കി മനം നിറഞ്ഞു നിൽക്കുന്ന ഒരമ്മ. അതാണെന്റെ അമ്മ. അമ്മയെക്കുറിച്ച് പറയുമ്പോൾ മൂന്ന് അമ്മമാർ എനിയ്ക്കുണ്ട്. എന്നെ പ്രസവിച്ച അമ്മ. എനിക്കെന്നും അഭയമായ, യേശുവിന് ജന്മം നൽകിയ അമ്മ. ഇവർ രണ്ടു പേരും മറിയമാരാണ്. മൂന്നാമത്തെയാൾ കാരുണ്യമെന്തെന്ന് എന്നെ പഠിപ്പിച്ച ലോകത്തിന്റെ മുഴുവൻ അമ്മയായ മദർ തെരേസ.

രണ്ടു മറിയാമ്മമാരുടെയും ജന്മദിനം ഒരേ ദിവസമായത് യാദൃശ്ചികം മാത്രമാകാം. ഓർത്തു നോക്കുമ്പോൾ പലതും ആശ്ചര്യമായി തോന്നുന്നു. രണ്ടുപേരുടെയും രൂപഭാവങ്ങൾ ഏതാണ്ടൊരു പോലെ വിഷാദഛവി പൂണ്ട മുഖം. ദേഷ്യപ്പെടാത്ത പ്രകൃതം. സാധാരണയിൽ കവിഞ്ഞ വിനയം. കന്യകമറിയം പ്രസവിച്ചത് കാലിത്തൊഴുത്തിലാണ്. അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്, സ്വഭവനം ഉണ്ടായിട്ടും എന്നെ പ്രസവിച്ചത് അന്യന്റെ എരുത്തിലിലാണെന്ന്. എരുത്തിലെന്നു പറഞ്ഞാൽ കാലിത്തൊഴുത്തും അതിനോട് ചേർന്ന് തേങ്ങാ സൂക്ഷിക്കുന്ന ഒരു മുറിയും. അതിന്റെ ഒരു കോണിലായിരുന്നു എന്റെ ജനനം. ഇടക്കെപ്പോഴോ തോട്ടത്തിലെ ജോലി കളഞ്ഞ അപ്പൻ അമ്മയേംകൂട്ടി വീട്ടിൽ വന്നു നിന്നപ്പോൾ വല്യമ്മച്ചി പറഞ്ഞു.

“ആണ്ടുതോറും പ്രസവമെടുക്കാൻ എന്നെക്കൊണ്ട് പറ്റത്തില്ല. പെമ്പിളേംകൂടി എവിടാന്നു വച്ചാൽ പൊക്കോ.” അങ്ങനെയാണ് അകന്ന ബന്ധത്തിലുള്ള ഒരമ്മാച്ചന്റെ കാലിത്തൊഴുത്തിൽ അഭയം തേടിയത്. അതവർക്കു കാര്യമായി. വീട്ടുജോലിചെയ്യാൻ ഒരാളെ കിട്ടിയല്ലോ. കുറച്ചു കാലമേ അങ്ങനെ കഴിഞ്ഞുള്ളു. പ്രസവമൊക്കെ കഴിഞ്ഞ് ജോലി ചെയ്യാൻ പാകമായപ്പോൾ വല്യമ്മച്ചി വന്ന് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. പിന്നീടങ്ങോട്ട് സഹനങ്ങളുടെ കാലം. വീട്ടിലെ എല്ലാ ജോലിയും അതിന്റെ കൂടെ കറവയുള്ള രണ്ടു പശുക്കളും. വല്യമ്മച്ചിയെ എല്ലാവർക്കും പേടിയാണ്. അപ്പന്റെ ഒരു ആശ്വാസവാക്കുപോലും അമ്മയ്ക്ക് കിട്ടിയില്ല. പലപ്പോഴും അമ്മ പറയുന്നത് കേട്ടിട്ടുണ്ട്. “എന്റെ കല്യാണത്തിന്റേന്ന് വല്യ മഴയായിരുന്നു. ആ മഴ ഇന്നും തോർന്നിട്ടില്ല.”

കിഴക്കൊരു തോട്ടത്തിൽ ജോലി കിട്ടിയപ്പോൾ അപ്പൻ ഞങ്ങളെയും കൂട്ടി അങ്ങോട്ടു ചേക്കേറി. പത്തുവർഷക്കാലം അവിടെ കഴിഞ്ഞു. അതായിരുന്നു ജീവിതത്തിലെ ഏറ്റവും നല്ല കാലഘട്ടമെന്ന് അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. ആയിടക്കാണ് ഞങ്ങൾക്കൊരു കുഞ്ഞുപെങ്ങൾ ഉണ്ടായത്. ആറ് ആൺകുട്ടികൾക്കുശേഷം ഉണ്ടായ പെൺതരി. അമ്മയുടെ നീണ്ട നാളത്തെ നോമ്പിന്റെയും പ്രാർത്ഥനയുടെയും ഫലം.

മുതലാളി തോട്ടം വിറ്റപ്പോൾ അപ്പന് ജോലി നഷ്ടപ്പെട്ടു. നഷ്ടപരിഹാരമായി കിട്ടിയ തുകയും അമ്മ വയറു മുറുക്കിയുടുത്തു സ്വരുകൂട്ടിയ കാശും ഒക്കെക്കൂടിചേർത്തു നാട്ടിൽ സ്വന്തമായൊരു കിടപ്പാടം വാങ്ങി. രണ്ടു മുറിയും തിണ്ണയും വടക്കുവശത്തൊരു ചരിപ്പുമുള്ള ഓലമേഞ്ഞ വീട്.

ആദ്യത്തെ ആറുമാസം വലിയ കുഴപ്പമില്ലാതെ കഴിഞ്ഞു. ഫിഫ്ത്തു (ഇന്നത്തെ ഒൻപതാംക്ലാസ്) മുതൽ താഴോട്ടു പഠിക്കുന്ന ആറുമക്കൾ. എല്ലാവർക്കും ഉണ്ണാനും ഉടുക്കാനും വേണം. വരുമാനമെന്നു പറയാൻ വീടിന്റെ പിന്നിൽ നിൽക്കുന്ന രണ്ടു തെങ്ങു മാത്രം. മറ്റു ജോലിയൊന്നുമില്ലാതെ വന്നപ്പോൾ അപ്പൻ തിണ്ണക്കൊരു പലചരക്കു കച്ചവടം തുടങ്ങി. അത് ആറുമാസം പോലും നിന്നില്ല. ദയാലുവായ അപ്പൻ നാട്ടുകാർക്കു മുഴുവൻ കടം കൊടുത്തപ്പോൾ കട പൂട്ടി. പിന്നെ തോട്ടത്തിൽ നിന്നും പണിതു കൊണ്ടുവന്ന കട്ടിലും മേശയുമൊക്കെ വിറ്റു. നല്ല ഈട്ടിത്തടിയിൽ പണിത ഉരുപ്പടിയായതുകൊണ്ട് വിൽക്കാൻ വിഷമമുണ്ടായില്ല. അപ്പന് കിടക്കാനൊരു കട്ടിൽ മാത്രം അവശേഷിച്ചു. അതിൽ അങ്ങേ മുറിയിൽ അപ്പനും ഇങ്ങേ മുറിയിൽ നിലത്ത് പായിട്ട് അമ്മയും ആറു മക്കളും ആ കിടപ്പിൽ അമ്മ കടന്നു വന്ന വഴികളിലെ കഥകളൊക്കെ പറയും. എല്ലാം കഷ്ടപ്പാടിന്റെയും കണ്ണീരിന്റെയും കഥകളായിരുന്നു. കേട്ടുകൊണ്ട് എല്ലാവരും ഉറങ്ങും. ഞാൻ മാത്രം ഉറങ്ങാതെ കേട്ടുകൊണ്ടിരിക്കും. അപ്പോൾ മഹാഭാരതത്തിലെ അഭിമന്യുവിന്റെ കഥ ഞാനോർക്കും. അമ്മയുടെ ആ കഥകളൊക്കെ ഇന്നും ഉള്ളിൽ പച്ചപിടിച്ചുനിൽക്കുന്നു. അതൊക്കെയായിരിക്കും എന്നെ ഒരെഴുത്തുകാരനാക്കിയത്.

തേഡ്ഫോമിൽ പഠിക്കുന്ന എന്റെ വർഷാവസാന പരീക്ഷ കഴിഞ്ഞപ്പോൾ അമ്മ ചോദിച്ചു. നീ ജയിക്കുമോടാ കുഞ്ഞെ.

ഒരിക്കൽപോലും തോറ്റിട്ടില്ല എല്ലാ വിഷയത്തിനും ഫസ്റ്റ്ക്ലാസിന് മേലെയാണ് മാർക്ക്. എന്നിട്ടും അമ്മ അങ്ങനെ ചോദിച്ചപ്പോൾ അത്ഭുതം തോന്നി. ജയിക്കുമെന്ന് ഉറപ്പിച്ചു പറഞ്ഞപ്പോൾ അമ്മയുടെ മുഖം വാടുന്നത് ഞാൻ കണ്ടു. അന്നു രാത്രി എല്ലാവരും ഉറങ്ങിക്കഴിഞ്ഞപ്പോൾ അമ്മ ഉണർന്നു പ്രാർത്ഥിക്കുന്നതു കേട്ടു.

കുഞ്ഞുമോൻ ഇപ്രാവശ്യം ജയിക്കരുതേ. അവനെ തോൽപിക്കണേ കർത്താവേ.

പട്ടിണിയെങ്കിലും പഠിച്ച് പരീക്ഷയെഴുതി ഒന്നാമത് പാസാക്കുന്ന മകൻ, ആ മകൻ ജയിക്കരുതേയെന്ന് പ്രാർത്ഥിക്കുന്ന അമ്മ. ജീവിതത്തിലാദ്യമായി അമ്മയോടു നീരസം തോന്നി. അന്നു രാത്രി വൈകി അപ്പനും അമ്മയും സംസാരിക്കുന്നതുകേട്ടു.

ചേട്ടനും അനിയനും ജയിച്ചു. ഇനി രണ്ടുപേർക്കും കൂടി പന്ത്രണ്ടുരൂപാഫീസ് എങ്ങനെ കൊടുക്കും (അന്ന് ആറു രൂപയാണ് ഹൈസ്ക്കൂളിൽ ഫീസ്.)

കുഞ്ഞുമോനവിടെ നിൽക്കട്ടെ. മൂത്തവനെ പഠിപ്പിക്കാം.

എനിക്കു വയ്യ. ഞാനിതവനോടെങ്ങനെ പറയും. അമ്മ നെടുവീർപ്പോടെ പറഞ്ഞു.

അന്നു രാത്രി ഞാനുറങ്ങിയില്ല. ഉറക്കം വന്നതുമില്ല. അമ്മയുടെ ധർമ്മസങ്കടം മനസ്സിലാക്കിയപ്പോൾ നീരസ മെല്ലാം മാറി. അവിടെ സങ്കടം മാത്രം ഉറഞ്ഞുകൂടി. പിറ്റെന്ന് എല്ലാം ദുഃഖവും ഉള്ളിലൊതുക്കികൊണ്ടു പറഞ്ഞു.

ഞാനീ വർഷം പഠിക്കുന്നില്ലമ്മേ. ചേട്ടൻ സിക്സ്തില ല്ലെ. പഠിക്കട്ടെ. സിക്സ്ത്തു പാസായെങ്കിലല്ലെ വല്ല ജോലിയും കിട്ടൂ. എനിക്കിനിയും പഠിക്കാൻ സമയമുണ്ടല്ലോ.

ദുഖത്തിന്റെ അണപൊട്ടി അമ്മയെന്നെ കെട്ടിപ്പിടിച്ചു. ഞാനും കരഞ്ഞു.

സ്ക്കൂൾ തുറന്നപ്പോൾ അമ്മ മിന്നുമാല ഊരി അപ്പനെ ഏല്പിച്ചു; ഇതു വിറ്റ് പിള്ളാർക്കുവേണ്ട ബുക്കും പുസ്ത കവും വാങ്ങ്. ഞാൻ അമ്മയുടെ കഴുത്തിലേക്കു നോക്കി. നൂലിൽ കോർത്തമിന്ന് അവിടെ തിളങ്ങുന്നതുകണ്ടു. അമ്മ യുടെ മനസിന്റെ തിളക്കമാണെന്നു തോന്നി.

അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായി ദിനരാത്രങ്ങൾ കഴി ഞ്ഞു. ഇടയ്ക്കിടെ അമ്മ അമ്മയുടെ ബന്ധു വീടുകളിൽ പോകും. മടങ്ങുമ്പോൾ വെള്ളു കുട്ടയിൽ അരിയോ കപ്പയോ ഒക്കെ കാണും. വായനശാലയും വീടുമായി ഞാൻ കഴിഞ്ഞു. ചെറിയ ക്ലാസിലെ കുട്ടികൾക്ക് ചില ട്യൂഷനുമെടുത്തു. ആയി ടക്കാണ് എഴുത്തിന്റെ രോഗം പിടിപെട്ടത്.

ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു മകരമാസക്കാലം ഇന്നും ഉള്ളിൽ നീറ്റലുണ്ടാക്കി കിടക്കുന്നു. കൊയ്ത്തു കഴിഞ്ഞ മേലേരികണ്ടത്തിൽ ഞങ്ങൾ അമ്മയും മക്കളും (ചേട്ടനൊഴികെ) 'കാലാപെറുക്കാൻ' പോയി. ലക്ഷ്യം ഒന്നേ യുള്ളു. വയറുനിറയെ ഒന്നുണ്ണണം. കാലാ പെറുക്കി കിട്ടിയ നെല്ല് പുഴുങ്ങി ഉണങ്ങി അരിയാക്കി അമ്മ അത്താഴം വച്ചു. ഏറ്റവും കൂടുതൽ നെല്ലു കിട്ടിയ എന്റെ പങ്ക് കുറഞ്ഞുപോ യതിൽ പിണങ്ങി ഞാൻ അത്താഴമുണ്ണാതെ കിടന്നു. അമ്മയും എത്ര നിർബന്ധിച്ചിട്ടും ഞാൻ കൂട്ടാക്കിയില്ല. ഇട യ്ക്കെപ്പോഴോ ഉണർന്നപ്പോൾ എന്റെ തലയിൽ തലോടി കരയുന്ന അമ്മയെ കണ്ടു. ഞാൻ വീണ്ടും കണ്ണടച്ചു കിട ന്നു. രാവിലെ ഉണർന്നപ്പോൾ മനസ്സിലായി അമ്മയും അത്താഴം കഴിച്ചിട്ടില്ല. വല്ലാത്ത കുറ്റബോധവും സങ്കടവും തോന്നി. പിന്നീടത് പഴങ്കഞ്ഞിയായി കഴിച്ചെങ്കിലും അമ്മയെ വേദനിപ്പിച്ചതിൽ ഞാനിന്നും ദുഃഖിക്കുന്നു.

അടുത്ത വർഷം ചേട്ടൻ സിക്സ്ത്ത് പാസായതോടെ എനിക്കു ശാപമോഷം കിട്ടി. ഞാൻ മഠത്തിൽ ഹൈസ്ക്കൂ ളിൽ ചേർന്നു പഠിക്കാൻ തുടങ്ങി. അമ്മ വീണ്ടും പ്രസവിച്ചു. ആവശ്യങ്ങൾ കൂടുന്നതനുസരിച്ച് കടവും പെരുകി. ഒടുവിൽ വീട് വിറ്റ് കടങ്ങൾ വീട്ടി. ശേഷിച്ചതുകൊണ്ട് വീണ്ടും വാടക വീട്ടിലേക്കു മാറി. ഒരു വർഷംകൊണ്ട് അതും തീർന്നു. കടം പെരുകി നാട്ടിൽ പിടിച്ചുനിൽക്കാൻ വയ്യാതായപ്പോൾ അപ്പൻ മലബാറിൽ ഒരു തോട്ടത്തിലേക്കുപോയി. ഒരു തരത്തിൽ അതൊരു കുടിയേറ്റമായിരുന്നു. കെട്ടും കിടക്കയുമായി ഞങ്ങളും കൂടെയിറങ്ങി.

പിന്നീടുള്ളത് ഞങ്ങളുടെ പ്രവാസകാലം. നേട്ടങ്ങൾ കയറിയിറങ്ങി. സ്ക്കൂൾ കോളേജുകൾ മാറി മാറി പഠിച്ചു. അപ്പോഴും കനാൻദേശം അകലെയായിരുന്നു. എന്നാലും ദൈവം അബ്രഹാമിനു നൽകിയ വാഗ്ദത്തം പാലിച്ചു. ഞങ്ങൾ സഹോദരങ്ങളുടെ സംഖ്യപത്തിൽ വന്നുനിന്നു. ഒടു വിൽ ജോലി ചെയ്ത തോട്ടത്തിൽനിന്നും പിരിഞ്ഞപ്പോൾ അവിടെത്തന്നെ അഞ്ചുസെന്റ് സ്ഥലം വാങ്ങി കൂടാരം പോലൊരു വീടുണ്ടാക്കി.

പ്രതീക്ഷിച്ചപോലെ ചേട്ടന് ജോലിയൊന്നും കിട്ടിയില്ല. നാട്ടിലുള്ള അപ്പാപ്പന്റെ ഇരുമ്പു കടയിൽ സഹായി ആയി കൂടി. പിന്നെ പറക്കമുറ്റയിത് ഞാൻ മാത്രം. റെയിൽവേയിൽ സ്റ്റേഷൻമാസ്റ്റർക്കുള്ള ടെസ്റ്റ് എഴുതുമ്പോൾ വലിയ പ്രതീ ക്ഷയൊന്നുമില്ലായിരുന്നു. അമ്മ മനസ്സുരുകി പ്രാർത്ഥിച്ചു. അപ്പോയിന്റ്മെന്റ് ഓർഡർ കിട്ടുമ്പോൾ അതിൽ എഴു തിയിരുന്നു. ജോയിൻ ചെയ്യുമ്പോൾ അഞ്ഞൂറു രൂപാ സെക്യൂരിറ്റി ഡിപ്പോസിറ്റ് അടയ്ക്കണം. പലചരക്കുകട മുത ലാളി മുസലിയാർക്ക് വീട് 'ഒറ്റി' കൊടുത്തിട്ട് അപ്പൻ അഞ്ഞൂറു രൂപാ വാങ്ങിതന്നു. കൽക്കട്ടയ്ക്ക് തിരിക്കുമ്പോൾ അമ്മ ചാറ്റമഴയത്ത് തലയിൽ തോർത്തിട്ട് പടിക്കൽവരെ അനുഗമിച്ചു. റെയിൽവേസ്റ്റേഷനിൽ വച്ച് അപ്പൻ ഓർമ്മപ്പെ ടുത്തി. വീട് പണയപ്പെടുത്തിയാണ് രൂപാ തന്നത്. അതു മറക്കരുത്.

പിന്നീട് അതിജീവനത്തിന്റെ പാതകൾ. ഡ്യൂട്ടി കഴിഞ്ഞ് മാർവാഡിയുടെ കടയിൽ കണക്കെഴുത്ത് വൈകുന്നേരങ്ങ ളിൽ ട്യൂഷൻ. രാത്രിയിൽ ഉറക്കമിളച്ചിരുന്ന് എഴുതി. അക്ഷ രങ്ങളെ വിറ്റ് കാശാക്കി.

അമ്മയുടെ എഴുത്തിൽനിന്നും മനസ്സിലായി. പലപ്പോ ഴായി പണം വാങ്ങി വീട് മുസലിയാർക്ക് തീറു നൽകി. എല്ലാ എഴുത്തിലും അപ്പനെഴുതി. നിനക്കുവേണ്ടിയാണ് കിടപ്പാടം വിറ്റത്. പിന്നീട് മൂന്നു വർഷങ്ങൾ അതൊരു വാശിയായിരു ന്നു. അവധിക്കു പോകാതെ പണിയെടുത്തു. കിട്ടാവുന്ന ലോണുകളൊക്കെയെടുത്തു. മാർവാടിയോടു കടം വാങ്ങി. നാട്ടിലൊരു വീട് അപ്പന്റെ പേരിൽ തന്നെ വാങ്ങി. ഏറെ നാളത്തെ കഷ്ടപ്പാടുകൾക്കുശേഷം സ്വന്തം വീടിന്റെ പൂമു ഖത്തിരുന്ന് പുഞ്ചിരിക്കുന്ന അമ്മയെ അകലെയിരുന്നെ ങ്കിലും അകക്കണ്ണുകൊണ്ട് ഞാൻ കണ്ടു.

പിന്നീടൊരിക്കലും അമ്മയുടെ മുഖം കണ്ടിട്ടില്ല. മര ണ സമയത്തുപോലും ഒന്നു ചെല്ലാൻ കഴിഞ്ഞില്ല. അതൊരു തീരാദുഃഖമായി മാറിയിരിക്കുന്നു. എന്നാലും എന്നെ ഞാനാ ക്കി മാറ്റിയ അമ്മ ഇന്നും എന്റെയുള്ളിൽ ജീവിക്കുന്നു. നിത്യ മായ ഒരു ദുഃഖംപോലെ.


# Book For Sale

Available at Knanaya Book Centre, Chingavanam

1. Order of Service of Sunday of the Departed (Syriac & English) Price Rs.300/- (Page 330)
2. A Search for Knanaya identity (English) Rs.250/- (Page 230)
3. Transliteration of Evening and Morning prayer including Great Lent
4. Transliteration of Holy Qurbono

Fr. Dr. James Thodathil
Mob: 9447456204
thodathiljamesachen@yahoo.in

# വിശ്വാസം

ലീലാമ്മ ചെറിയാൻ, കാരയ്ക്കാട്ട്, പുല്ലരിക്കുന്ന്, കോട്ടയം

'വിശ്വാസം' എന്നതിന് ബൃഹത്തായ അർത്ഥമാണുള്ളത്. പ്രധാനമായും 3 വിശ്വാസങ്ങൾ നമുക്കുണ്ടായിരിക്കേണ്ടതാണ്. 1. 'ആത്മവിശ്വാസം' 2. 'മറ്റുള്ളവരിലുള്ള വിശ്വാസം, 3. ദൈവവിശ്വാസം.

ആത്മവിശ്വാസമെന്നത് അഹങ്കാരമോ, ആത്മപ്രശംസയോ അല്ല, സ്വന്തം കഴിവുകളെക്കുറിച്ചുള്ള സത്യസന്ധമായ ബോധ്യവും തികഞ്ഞ ശുഭാപ്തി വിശ്വാസവുമാണ് പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാൻ കരുത്തേകുന്ന ആത്മവിശ്വാസം വിജയത്തെ ആകർഷിക്കും. എഡിസൻ മന്ദബുദ്ധിയാണെന്ന് അവന്റെ അദ്ധ്യാപകർ പറഞ്ഞപ്പോൾ എന്റെ മകൻ മടയനല്ല, അവൻ ഒരു മഹാനായിത്തീരും, ഞാൻ തന്നെ അവനെ പഠിപ്പിക്കും എന്ന് അഭിമാനിയായ അവന്റെ അമ്മ അദ്ധ്യാപകനോടു പറഞ്ഞു. ഒരു പത്രവിതരണക്കാരനായും, പച്ചക്കറി വ്യാപാരിയായും പണിയെടുത്ത എഡിസൻ പിൽക്കാലത്ത് നൂറുകണക്കിനു കണ്ടുപിടിത്തങ്ങൾ നടത്തിയ വലിയ ശാസ്ത്രജ്ഞനായിത്തീർന്നു.

മറ്റുള്ളവരിലുള്ള വിശ്വാസം ജീവിത വിജയത്തിന് ആവശ്യം വേണ്ടുന്ന ഒന്നാണ്. എല്ലാ മനുഷ്യനിലും നന്മയുടെ അംശമുണ്ടെന്ന് നാം ഓർക്കണം. സത്യവും നീതിയും, ദയയും, സ്നേഹവും നാം കാണിക്കുമ്പോൾ മറ്റുള്ളവരിൽ നിന്നുള്ള പ്രതികരണവും കുറെയെല്ലാം അങ്ങനെതന്നെയായിരിക്കും. മറ്റുള്ളവരെ സ്നേഹിക്കാനും, വിശ്വസിക്കുവാനും, സഹായിക്കുവാനും നാം സന്നദ്ധരാകുമ്പോൾ പുതിയ സന്തോഷവും ഉത്സാഹവും നമുക്കനുഭവപ്പെടും.

മൂന്നാമത്തേയും ഏറ്റവും പ്രധാനപ്പെട്ടതുമായ വിശ്വാസമാണ് "Faith" അഥവാ 'ദൈവവിശ്വാസം' എബ്രായ ലേഖനം 11:1 ൽ പറയുന്നത് "വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്തകാര്യങ്ങളുടെ നിശ്ചയവും ആകുന്നു എന്നാണ്."

വി. സുവിശേഷങ്ങളിൽ യേശുക്രിസ്തുവിനെ സൗഖ്യദായകനായിട്ടാണ് കാണുന്നത്. അവിടുന്ന് രോഗികൾക്ക് തൽക്ഷണം സൗഖ്യം നൽകി." നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." ഈ വാക്കുകൾ സൗഖ്യം പ്രാപിച്ച അനേകരോടും യേശു പ്രസ്താവിക്കുന്നതായി കാണാം. വിശ്വാസമെന്നത് ദൈവത്തിന്റെ അത്ഭുത ശക്തിയിലുള്ള സമർപ്പണമാണ്. "അതു കടുകുമണിപോലെ ചെറുതായാലും മലകളെ നീക്കുവാൻ തക്ക ശക്തി ആർജിക്കുന്നതായിരിക്കും.

തളർവാത രോഗിക്ക് സൗഖ്യം ലഭിക്കുന്നതിന് ഇടയാക്കിയത് രോഗിയെ യേശുവിന്റെ സന്നിധിയിൽ എത്തിച്ച 4 പേരുടെ വിശ്വാസമാണ്. (മർക്കോ.2:5) സഖായിയുടെ വിശ്വാസമാണ് കുടുംബത്തിന് രക്ഷക്കു കാരണമായത് (ലൂക്കോ. 19:9-10). മാതാപിതാക്കളുടെ വിശ്വാസം മൂലമാണ് ആദ്യജാതന്മാർ മരണത്തിൽനിന്നും രക്ഷ പ്രാപിച്ചത് (പുറ. 12:22). ശതാധിപന്റെ വിശ്വാസം മൂലം ബാല്യക്കാരനു സൗഖ്യം ലഭിച്ചു. (മത്താ.8:13) രാജഭൃത്യന്റെ വിശ്വാസംമൂലം മകന് സൗഖ്യം ലഭിച്ചു. (യോഹ.4:46-54). പിതാവിന്റെ വിശ്വാസം മൂലം യേശു ബാലനിൽനിന്ന് പിശാചിനെ പുറത്താക്കി (മർക്കോ.9: 23-24) കനാന്യാസ്ത്രീയുടെ വിശ്വാസംമൂലം മകൾക്ക് സൗഖ്യം ലഭിച്ചു. (മത്താ.15:21-28). പന്ത്രണ്ടു സംവത്സരമായിട്ടു രക്തസ്രാവമുണ്ടായിരിന്ന സ്ത്രീ സൗഖ്യം പ്രാപിച്ചത് അവളുടെ വിശ്വാസം മൂലമാണ് (മർക്കോ. 5:25 -34).

നമ്മുടെ വി. സഭയുടെ കാതലായ വിശ്വാസ സത്യങ്ങൾ സ്ഥിതി ചെയ്യുന്നത്, കർത്തൃപ്രാർത്ഥന, ദൈവമാതാവിനോടുള്ള പ്രാർത്ഥന, വിശ്വാസപ്രമാണം, 10 കല്പനകൾ, 7 കൂദാശകൾ, വി.സഭയുടെ കല്പനകൾ, വി. കാനോനുകൾ, വി. വേദപുസ്തകം, നമ്മുടെ പാരമ്പര്യ വിശ്വാസങ്ങൾ ഇവയിലൊക്കെയാണ്. വളരെ ഗഹനമായ വിശ്വാസസത്യങ്ങൾ സ്വയം പഠിക്കുക എന്നു വച്ചാൽ അതൊരു ഹെർക്കൂലിയൻ പണിയായിരിക്കും. അതുകൊണ്ട് ഗുരു മുഖത്തുനിന്ന് കാലാകാലങ്ങളിൽ നേരിട്ടു പഠിക്കുക എന്നുള്ളതാണ് നമ്മുടെ കുഞ്ഞുങ്ങൾക്ക് ഉചിതം.

ദൈവവിശ്വാസിക്ക് സുഖവും, സന്തോഷവും മാത്രമേ ഉണ്ടാവൂ എന്നു വിചാരിക്കരുത്. ദുഃഖവും, വേദനയും ദൈവം നമുക്ക് നൽകിയെന്നിരിക്കും. അപ്പോഴൊക്കെ പതറാത്ത വിശ്വാസമായിരിക്കണം നമ്മുടെ കൈമുതൽ. നമ്മുടെ ജീവിതത്തിലെ സൗഭാഗ്യങ്ങളെയും, പരീക്ഷണങ്ങളേയും ഒരുപോലെ ദൈവികാനുഗ്രഹമായി കാണാൻ കഴിയണം. വിശ്വാസം എന്നത് കേവലം അംഗീകാരമല്ല ദൃഢബോധ്യമാണ്. അപ്പോഴാണ് നമുക്ക് നിർഭയത്വം പ്രധാനം ചെയ്യുന്നത്, നിരാശ നമ്മെ കീഴ്പ്പെടുത്തുവാൻ അനുവദിക്കാതെ നമ്മിലുള്ള വിശ്വാസത്തിന്റെ തീപ്പൊരി നാം ഊതി ജ്വലിപ്പിക്കണം. ഏബ്രഹാം ലിങ്കൺ പലപ്പോഴും വിഷാദാത്മകനായി കാണപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസവും ദൈവാശ്രയവും അതിനെ അതിജീവിക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. മാർട്ടിൻ ലൂഥർകിങ്ങ് ജീവിതാന്ത്യംവരെ സത്യത്തിനുവേണ്ടി അക്രമ രാഹിത്യത്തിൽകൂടി ധീരനായിപോരാടി അവസാനം രക്തസാക്ഷിയാവുകയും ചെയ്തു. ദൈവത്തിലുള്ള ദൃഢമായ വിശ്വാസമാണ് ഇതിനു സഹായിച്ചത്. മഹാത്മാഗാന്ധിയും, സാമൂഹ്യ പരിഷ്കർത്താവായിരുന്ന ശ്രീനാരായണഗുരുവും, അഗതികളുടെ അമ്മയായിരുന്ന മദർ തെരേസയും, ഫാ. ഡാമിയനും ഒക്കെ ദൈവ വിശ്വാസം കൈമുതലാക്കി ലോകസേവനം നിർവ്വഹിച്ചവരാണ്. ഇവരെല്ലാം നമുക്ക് നല്ല മാതൃകകളാവണം.

മനുഷ്യന്റെ സൗഭാഗ്യം സമ്പത്തിന്റേയും ജീവിത സൗകര്യങ്ങളുടേയും ആധിക്യത്തിലല്ല, മനസ്സിന്റെ സമാധാനവും, ഹൃദയത്തിന്റെ സംതൃപ്തിയിലുമാണ്. ഓരോ മനുഷ്യനും ദൈവപരിപാലനയിൽ അടിയുറച്ച് വിശ്വസിക്കണം. ഇങ്ങനെയുള്ളവർക്ക് ദൈവത്തെ കാണുവാൻ കഴിയും. പൂവിന് സുഗന്ധംപോലെ വിളക്കിനു വെളിച്ചംപോലെ അതവന് അനുഭവപ്പെടും "വിശ്വാസത്തിനു മുമ്പിൽ സമുദ്രം നീങ്ങും പർവതം പൊടിയും.

വെല്ലുവിളികളെ ധൈര്യപൂർവ്വം പ്രസന്നമായ മുഖത്തോടെ, നിശ്ചയ ദാർഢ്യത്തോടെ, ആത്മവിശ്വാസത്തോടെ ക്രിയാത്മകമായി അഭിമുഖീകരിക്കണം. കുരിശില്ലാതെ കിരീടമില്ലെന്ന് ഓർക്കുക. ദുഃഖവെള്ളിയാഴ്ചകൾ ഉണ്ടെങ്കിലേ

ഉയിർപ്പ് ഞായറാഴ്ചകൾ ഉണ്ടാവുകയുള്ളു. വ്യക്തി പ്രഭാവം നേടിയവരെല്ലാം ക്രൂശിലൂടെ ഉയർന്നവരാണ്.

വിശ്വാസത്തിന്റെ മാറ്റുരയ്ക്കുന്ന അവസരങ്ങളാണ് ജീവിതത്തിലെ പ്രതിസന്ധികൾ പലതും. ദൈവത്തെ അനുഭവിച്ചറിഞ്ഞിട്ടുള്ളവർ ഏതു സാഹചര്യത്തിലും അവിടുത്തെ കരുത്തുറ്റ കരങ്ങൾ സംരക്ഷണം നൽകുമെന്നു വിശ്വസിക്കുന്നു. അവർക്കു പറയാൻ കഴിയും "ഞാൻ പ്രശാന്തനായി കിടന്നുറങ്ങും, എന്തെന്നാൽ കർത്താവേ, അങ്ങുതന്നെയാണ് എനിക്ക് സുരക്ഷിതത്വം നൽകുന്നത്."

യൗവ്വനമോ, വാർദ്ധക്യമോ നോക്കാതെ ദൈവവിശ്വാസത്തിൽ തളരാത്ത സ്ഥിരോത്സാഹത്തോടെ നാം മുന്നേറണം നമ്മുടെ ഇരുണ്ട ഇന്നലകളെ പ്രകാശ പൂർണ്ണമായ നാളെകളാക്കി മാറ്റുവാൻ വിശ്വാസത്തിനു കഴിയും. ദൈവനിഷേധമാണ് ഏറ്റവും കടുപ്പമേറിയ ഇരുൾ. അഹങ്കാരം, അസൂയ, വിദ്വേഷം തുടങ്ങിയ മാരകരോഗങ്ങളാണ് ദൈവനിഷേധത്തിനു വളരാൻ പരിസരമൊരുക്കുന്നത്. യഥാർത്ഥ വിശ്വാസം കൈമോശം വന്നവരാണ് വേഗത്തിൽ അസ്വസ്ഥരാകുന്നത്. അചഞ്ചലവും, സുദൃഢവുമായ വിശ്വാസമുള്ളവർ പ്രതിസന്ധികളിൽ തളരില്ല. വചനം പറയുന്നു "കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കുക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും. (അപ്പോ.പ്രവ. 16:31).

പരിഷ്കാര സൂര്യൻ തലയ്ക്കു മുകളിൽ കത്തിനിൽക്കുമ്പോഴും അപരിഷ്കൃതത്വത്തിന്റെ അന്ധകാരത്തിൽ അമർന്നു കഴിയുന്ന ഒരു സമൂഹമായി ചിലപ്പോഴൊക്കെ മാറുന്നു. ശാസ്ത്രവും സാങ്കേതിത വിദ്യയും വളർന്നാലും മനുഷ്യനിലെ നന്മയും മൂല്യങ്ങളും വളർത്തുവാൻ ദൈവത്തിനു മാത്രമേ കഴിയൂ.

സത്യം, നന്മ, സ്നേഹം, നീതി, സഹിഷ്ണത, സാഹോദര്യം, സമഭാവന, തളരാത്ത മനസ്സ്, ആത്മധൈര്യം, ഇച്ഛാശക്തി, ക്ഷമ, കർശനമായ ആത്മശിക്ഷണം, സർവോപരി "ദൈവവിശ്വാസം" എന്നിവയായിരിക്കണം നാം ഓരോരുത്തരുടേയും വിജയ രഹസ്യം.

## ഏകദിന ധ്യാനയോഗം

കുറിച്ചി മന്ദിരം ചാപ്പലിൽ ഒക്ടോബർ 2 ന് രാവിലെ 9.30 ന് വനിതാസമാജാംഗങ്ങൾക്കായി ഒരു ഏകദിനക്യാമ്പ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. 2019 ലെ കലണ്ടർ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നതും, അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തുന്നതുമാണ്. റവ. ഫാ. ഷാജി ജേക്കബ് പുത്തൻപുരയ്ക്കൽ ധ്യാനം നയിക്കുന്നതാണ്.

## ക്നായിത്തോമ്മാ പ്രയർ ഫെലോഷിപ്പ്

ക്നായിത്തോമ്മാ പ്രയർ ഫെലോഷിപ്പിന്റെ സെപ്തംബർ മാസത്തെ പ്രാർത്ഥനായോഗം 30-09-2018 ഞായർ വൈകുന്നേരം 5.45 ന് കടുവാക്കുളം ചൂളക്കവലയ്ക്ക് സമീപം കട്ടയിൽ ചേലപ്പറമ്പിൽ പരേതനായ റ്റിറ്റിമോന്റെ ഭവനത്തിൽ നടത്തപ്പെടുന്നു. വെ. റവ. ബർയൂഹാനോൻ റമ്പാൻ (പിറമാടം ദയറാ) വചനശുശ്രൂഷ നിർവ്വഹിക്കുന്നു.



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

(യെശയ്യാവ് 1-15 അദ്ധ്യായത്തിൽനിന്ന് ആദ്യത്തെ 8 എണ്ണം മാത്രം)

1. ആകാശത്തുനിന്നും വെട്ടേറ്റ് നിലത്തുവീണ ശുക്രൻ ആരുടെ പുത്രൻ ആകുന്നു?
2. കരയേണ്ടതിനു പൂജാഗിരികളിൽ കയറിപ്പോയവർ ആരെല്ലാം?
3. ന്യായവിധിയിൽ ഉന്നതനായിരിക്കുന്നതാര്?
4. യെശയ്യാവു കണ്ട സാറാഫുകൾക്ക് എത്ര ചിറകുകളുണ്ടായിരുന്നു?
5. അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്നീ പദവികളെപ്പറ്റി യെശയ്യാവ് പ്രവചിച്ചതാരെക്കുറിച്ച്?
6. അരുണോദയ പുത്രനായ ശുക്രൻ എന്ന് വിശേഷിപ്പിച്ചതാരെക്കുറിച്ച്?
7. വെട്ടിയാൽ കുറ്റി ശേഷിക്കുന്ന രണ്ടു വൃക്ഷങ്ങൾ ഏവ?
8. ഏതു രാജ്യത്തെ ആയുധപാണികളാണ് അലറുന്നതായി യെശയ്യാവ് പറഞ്ഞത്?
9. സാത്താന്റെ സാമ്രാജ്യം അഥവാ ലോകം ഏത്?
10. ക്രിസ്തുമസ്കാർഡിന് ആരംഭം കുറിച്ചതാര്?


**ജൂലൈ മാസത്തിലെ ചോദ്യങ്ങളുടെ ശരിയുത്തരങ്ങൾ**

1. ആഹാസ് രാജാവിനോട് (7:11)
2. യെശയ്യാവ് (1:2)
3. ദുഷ്ടന്മാരുടെ (14:20)
4. യെശയ്യാവിനോട് (8:1)
5. തുരപ്പനെലിയുടെ (2:21)
6. ബാബേൽ (14:23)
7. മദ്മേന (10:31)
8. ദിമോനിലെ (15:9)
9. ശമര്യ (10:9)
10. രെസിനും പേക്കഹും (7:1)

**ആരും മുഴുവൻ ശരിയുത്തരങ്ങൾ അയച്ചിട്ടില്ല**



# Matrimonial



## വരനെ ആവശ്യമുണ്ട്

**M.609**

Knanaya parents invite proposal for their daughter (24/ 154cm , B.Sc Optometry) Seeking suitable alliance from parents of professionally qualified and God fearing boys. Ph: 9961633244, 9744309467

**M.610**

സൗദി മിനിസ്റ്ററിയിൽ (MOH) ൽ B.Sc Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9562131475, 9207028404

**M.611**

M.Pharm കഴിഞ്ഞ് ഒരു പ്രശസ്ത കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/160cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (PG കഴിഞ്ഞവർക്കും, വിദേശത്ത് ജോലിയുള്ളവർക്കും മുൻഗണന) Ph: 9495527210, 9526877366

**M.612**

B.Sc Nursing കഴിഞ്ഞ് കേരളത്തിന് പുറത്ത് പ്രമുഖ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27) ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (Govt. ജോലിയോ, വിദേശത്ത് ഫാമിലി വിസ ഉള്ളവർക്ക് മുൻഗണന) Ph: 9061228159

**M.613**

കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും BFSc (Fisheries - Nantical Science) പാസ്സായി Kerala Agricultural department ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (24/154cm) ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph:9446792246

**M.614**

നാട്ടിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/165cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 7356307432, 7994241135

**M.615**

M.Sc കഴിഞ്ഞ് ഇപ്പോൾ B.Ed പഠിക്കുന്ന ക്നാനായ യുവതിയ്ക്ക് (24) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 7559002592,9526838936

**M.616**

Knanaya parents invite proposal for their daughter brought up in Europe (23/ 5'5", M.Sc, CA) God fearing and working as chartered accountant in a reputed global firm. Seeking suitable alliance from professionally qualified and God fearing boys working Abroad.

Mob: 00353862285139, 00353899814770

Email: paul.dublin72@gmail.com

**M.617**

B.Tech. M.S. കഴിഞ്ഞ് അമേരിക്കയിൽ ജോലിയുള്ള ക്നാനായ യുവതിയ്ക്ക് (28/167cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (അമേരിക്കയിൽ ജോലിയുള്ളവർക്ക് മുൻഗണന)

Ph: 9495235464, 9605383022

**M.618**

Knanaya parents invite proposals for their daughter (25/163cm, Master in Human resourse management) presently working in a well reputed MNC as Recruitment administrator, Seeking alliance from qualified and God fearing boys. Ph: 09445687880

**M.619**

Knanaya parents settled in U.S.A. invite alliance for their daughter (25/5'5") working as registered Nurse in Chicago,US citizen. From the parents of professionally qualified Knanaya boys preferably from U.S.A..

Ph: +918075111159

**M.620**

Knanaya Parents invite proposals for their daughter ( 25 /169 cms, B.Tech from NIT-Calicut), currently working in Chennai, seeking alliance from parents of professionally qualified and God fearing boys.

Mob No: +91-9447721697, +91-9446077697

**M.621**

Knanaya Parents invite proposals for their daughter ( 25 /5'3",M.B.B.S.), Seeking suitable alliance from parents of qualified and God fearing boys preferably doctors.

Mob 9847553656, 9562064034

# വധുവിനെ ആവശ്യമുണ്ട്

**M. 622**

ഫാർമസിസ്റ്റ് ആയി ജോലിചെയ്യുന്ന ക്നാനായ യുവാവ് ( 24/175cm) ജോലിയുള്ളതോ (Pharm D., M.Pharm പരിഗണിക്കും) ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447860784, 0473 - 5226031

**M. 623**

Knanaya parents invite proposals for their son (33/178cm) working in Kuwait with family Visa (Poly Technic) Nurses working in Kuwait preferred. Nurses working in other state also considered.

Ph: 9400449158, 9656273711

**M. 624**

ബഹറിനിൽ ജോലിയുള്ള ക്നാനായ യുവാവ് (36/178cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ഇപ്പോൾ ലീവിന് നാട്ടിലുണ്ട്.

Ph: 9744242965, 9495326330, 9562853077

**M. 625**

ബാംഗ്ലൂരിൽ സ്റ്റാഫ് നേഴ്സായി (GNM) ജോലിചെയ്യുന്ന ക്നാനായ യുവാവ് (32) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9207977486, 8547130845

**M.626**

Knanaya parents invite proposals for their son (28) B.Tech (Electronic and communication) presently working in an MNC Dubai. Seeking alliance from professionally qualified and God fearing girls.

Ph:+919446672114, 9539447454

**M. 627**

B.Sc Nursing പാസ്സായി ബോംബെയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31/5'8", ഇരുനിറം) സ്വദേശത്തോ വിദേശത്തോ ജോലിയുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 98475 83085, 9995760382

**M. 628**

അബുദാബിയിൽ ഒരു പ്രശസ്ത കമ്പനിയിൽ Fire alaram ടെക്നീഷ്യനായി ജോലിചെയ്യുന്ന ക്നാനായ യുവാവ് (32/5'7") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. എല്ലാ പത്തുമാസം കൂടുമ്പോഴും നാട്ടിൽ വരാം.

Ph: 9961140236, +91 7559891045

**M. 629**

B.Sc Hotel Management കഴിഞ്ഞ് ഇപ്പോൾ നാട്ടിൽ സ്വന്തമായി ബിസിനസ്സ് ചെയ്യുന്ന ക്നാനായ യുവാവ് (27/172cm) വിദേശത്തോ നാട്ടിലോ ജോലിയുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9946981516, 8921797098

**630**

Knanaya parents invite proposals for their son (27/5'10") B.Tech Mechanical). Currently working in a MNC as a service Engineer. seeking alliance from the parents of professionally qualified girls.

Ph: 9061640240

**M. 631**

B.Sc Nursing കഴിഞ്ഞ് ഇപ്പോൾ Mangalore ൽ Super speciality hospital ൽ ജോലിചെയ്യുന്നതും നാട്ടിൽ Partnership ൽ ബിസിനസ്സ് ചെയ്യുന്നതുമായ ക്നാനായ യുവാവ് (30/168cm) ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 8078422710,9656220904

**M. 632**

Pre degree കഴിഞ്ഞ് Automobile (Diploma) പാസ്സായി നാട്ടിൽ Automobile, dealership കമ്പനിയിൽ ടെക്നീഷ്യനായി ജോലിചെയ്യുന്ന ക്നാനായ യുവാവ് (28/160cm, ഇടത്തരംകുടുംബം) ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 8086387225,9539176765

**M. 633**

കാനഡായിൽ P.R. ഉള്ള ക്നാനായ യുവാവ് (32/180cm, B.Sc Nurse) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 7560884502, 0481-2464502

**M. 634**

Civil Diploma കഴിഞ്ഞ് സൗദിയിൽ ഒരു കമ്പനിയിൽ സൂപ്പർവൈസറായി ജോലിചെയ്യുന്ന ക്നാനായ യുവാവ് (27/169cm) ഇടത്തരം കുടുംബത്തിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9048179656

**M. 635**

B.Sc, B.Tech വിദ്യാഭ്യാസമുള്ളതും ബാംഗ്ലൂരിൽ പ്രശസ്തമായ IT കമ്പനിയിൽ ജോലിചെയ്യുന്നതുമായ ക്നാനായ യുവാവ് (28/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9400039306, 9495704610

**M. 636**

+2 കഴിഞ്ഞ് ITC Electrition കഴിഞ്ഞ് ഖത്തറിൽ Enoova കമ്പനിയിൽ Electrition ആയി ജോലിചെയ്യുന്ന ഇടത്തരം കുടുംബത്തിൽപ്പെട്ട ക്നാനായ യുവാവ് (30/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9947748015, 9605289862

## രണ്ടാം ശനിയാഴ്ച ധ്യാനം

വെളിയനാട്: സുഖാർ ധ്യാനകേന്ദ്രത്തിൽ സെപ്റ്റംബർ 3-ാം ശനിയാഴ്ച (15-9-2018) രാവിലെ 10 മുതൽ 3 മണിവരെ നടത്തുന്നതാണ്.

## വിവാഹ ഒരുക്ക സെമിനാർ

2018 ഒക്ടോബർ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 11,12,13 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലി ഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Thomas Abraham, Malayasseril**
(Director)
Ph: 0469-2608155, 9447411554
**Fr. Shaji Jacob, Puthenpurackal**
(Secretary) Ph: 9446986780

**NAZARETH ASRAMAM,**
**OTHERA**
**25-7-2018 to 29-8-2018**

**Donations**

Ans Jose Puthoor Ranni 5000/-
Sunitha George Kadakilathe Kallissery 5000/-
P.M.Chacko Paruthiyeth Mazhukeer 5000/-
Jewel Maria Ronald U.S.A 5000/-

**Feast**

Ashik Mohan Karipalil Thiruvanvandoor
Mathew Philip Melekoot Ranni

**Sponsorship**

Philip Kurian Mangalathu Eraviperoor 2250/-

**Fr.Andrews Kadappanagattu,**
**Secretary/Director**



*ക്നാനായ കോൺഗ്രസ് റാന്നി മേഖലയുടെ 2018–2021 വർഷത്തെ പ്രവർത്തന ഉദ്ഘാടനവും, ഭവന നിർമ്മാണഫണ്ട് ഉദ്ഘാടനവും അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. യുവാക്കൾ സമൂഹത്തിന് മാതൃക ആവാൻ ഈ പ്രസ്ഥാനം വഴി സാധിക്കട്ടെ എന്നും തിരുമേനി ഓർമ്മിപ്പിച്ചു. മേഖല പ്രസിഡന്റ് ഫാ. ബിനു മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബിബിൻ കുരുവിള, സെറിൻ പള്ളത്ര, കൊച്ചുമോൻ ഒറ്റതെയ്ക്കൽ, ജയമോൻ മേപ്രത്ത്. സ്മിജു മറ്റയ്ക്കാട്ട് എന്നിവർ സംസാരിച്ചു. ബോധവൽക്കരണ ക്ലാസ്സുകൾക്ക് സിജോ പി.ജേക്കബ് നേതൃത്വം നൽകി.*



ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള മെറിറ്റ് അവാർഡ് വിതരണം വന്ദ്യ ബർശിമോൻ റമ്പാൻ 2018 ആഗസ്റ്റ് 15 ന് പരിശുദ്ധ ദൈവമാതിന്റെ വാങ്ങിപ്പുപ്പെരുന്നാളിനോട് അനുബന്ധിച്ചുള്ള മൂന്നിന്മേൽ കുർബ്ബാനയ്ക്കുശേഷം നിർവ്വഹിച്ചു. വികാരി. ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ട്രസ്റ്റി ഏബ്രഹാം കെ. മാത്യു ക്ടായിത്തറ, സെക്രട്ടറി സിബി മാത്യു തോണ്ടുകുഴിയിൽ എന്നിവർ ചടങ്ങിന് നേതൃത്വം നൽകി. ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും ആശംസകൾ നേർന്നു.

## 1 –ാം ചരമവാർഷികം

12–09–2018



## ഏബ്രഹാം റ്റി. ഐ (ബാബു)

തുണ്ടിയിൽ, ഈരയിൽക്കടവ്, കോട്ടയം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ – സാലി
മക്കൾ – നിതിൻ, നിഖിൽ

Advt - R

## വേർപാടിന്റെ 2 –ാം വാർഷികം

24–09–2018



## കെ. എ. ജോസഫ് (ജോസുകുട്ടി)

മണിമലപ്പാറയിൽ
ചിങ്ങവനം

*ദുഃഖാർത്തരായ കുടുംബാംഗങ്ങൾ*

Advt - R

## 8th Death Anniversary

01–09–2018



## P. M. Kurian

Palakudiyil, Trivandrum

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 –ാം ചരമ വാർഷികം

16–09–2018



## എബി. പി. പോത്തൻ

പുല്ലംപള്ളിൽ, കരിങ്കുറ്റി, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 2 –ാം ചരമവാർഷികം

24–09–2018



Advt - R

# Mariamma Abraham

**Charivuparambil, Ranni (Bhilai)**

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 –ാം ചരമദിനം

15–09–2018



Advt - A

# K. J. Abraham (Thampi)

**Kannamthanathu House, Ranni**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 30 –ാം ചരമ വാർഷികം

15–09–2018



Advt - A

# K. O. Kuruvilla (കുഞ്ഞുമോൻ)

**കടക്കേത്ത്, പഴവങ്ങാടി, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 –ാം ചരമ വാർഷികം

14–09–2018



Advt - O

# പി. റ്റി. ജേക്കബ് (പാപ്പച്ചൻ)

**പാലത്തുംപാട്ട്, കല്ലിശ്ശേരി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7 – ാം ചരമ വാർഷികം

09 – 09 – 2018



# Col. M. K. Abraham

## (Thankachan)

മൂഴിപ്പെരുമേത്ത്, ഐത്തല, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 3 – ാം ചരമ വാർഷികം

17 – 09 – 2018



# മേരിക്കുട്ടി തോമസ്

കണ്ണന്താനത്ത്, പഴവങ്ങാടി, റാന്നി

"നിത്യതയുടെ തീരത്തുകാണാമെന്നുള്ള
പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 8 – ാം ചരമ വാർഷികം

02 – 09 – 2018



Advt - S

# കുര്യൻ ഇട്ടിയവിരാ (ബേബി കുര്യൻ)

കല്ലൻകുന്നിൽ, വള്ളംകുളം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 1 – ാം ചരമ വാർഷികം

14 – 09 – 2018



# C. T. Thomas (തങ്കച്ചൻ)

**Retd KSEB**

**Chembil , Pavukkara, Mannar**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 5 – ാം ചരമ വാർഷികം

18 – 09 – 2018



## മറിയാമ്മ മാത്യൂ

കൈപ്പള്ളിൽ (വാണിയേടത്ത്), റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 4 – ാം ചരമ വാർഷികം

15 – 09 – 2018



## Chacko Thomas (Sunny)

**Kaipuzha, Ranny**

എന്നെ സ്നേഹിച്ച എന്റെ പ്രിയരെ
എന്റെ ശാന്തിയിൽ സന്തോഷിക്കുക
എന്റെ കഷ്ടതയിൽ ദുഃഖിച്ചവരെ
എന്റെ മഹത്വം കണ്ട് ആനന്ദിക്കുക

*പ്രാർത്ഥനയോടെ സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

**3rd Death Anniversary**
13 – 08 – 2018

**9th Death Anniversary**
14 – 09 – 2018



**M. M. George**

**Thankamma George**

**Manimalethu
Angadi, Ranny**

Advt -A

## 1 – ാം ചരമ വാർഷികം

04 – 10 – 2018



## തങ്കമ്മ ജെയിംസ്

വടക്കേമണ്ണിൽ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

# രക്തദാനം പുണ്യദാനം

ടോംസ് ആന്റണി, പരിശീലകൻ, പ്രഭാഷകൻ

മദ്യം വല്ലപ്പോഴും ഉപയോഗിക്കുന്നവരുടേത് സ്വീകരിക്കുന്നതുകൊണ്ട് കുഴപ്പമില്ല. എന്നാൽ രക്തദാനത്തിനുമുമ്പ് 48 മണിക്കൂറിനുള്ളിൽ മദ്യം ഉപയോഗിച്ചിട്ടുള്ളവരാകരുത്. പുകവലിക്കാരാണെങ്കിൽ രക്തദാനത്തിന് 24 മണിക്കൂറിനുള്ളിൽ പുകവലിച്ചവരാകരുത്. ഒഴിഞ്ഞ വയറോടെയും കൂടുതൽ കൊഴുപ്പുനിറഞ്ഞ ഭക്ഷണം കഴിച്ചും രക്തദാനം ചെയ്യരുത്. ഉറക്കമിളച്ച് ഡ്രൈവ് ചെയ്തുവന്ന് രക്തദാനം ചെയ്യരുത്. രക്തദാനത്തിനുമുമ്പും ശേഷവും ധാരാളം വെള്ളം കുടിക്കണം. രക്തദാനത്തിനുമുമ്പ് 3 മണിക്കൂറിനുള്ളിൽ ആഹാരം കഴിച്ചിരിക്കണം.

### രക്തം സ്വീകരിക്കൽ

നമ്മുടെ ശരീരഭാരത്തിന്റെ ഏകദേശം 8% രക്തത്തിന്റെ ഭാരമാണ്. ആരോഗ്യമുള്ള ഒരാളുടെ ശരീരത്തിൽ ശരാശരി അഞ്ചര ലിറ്റർ രക്തമുണ്ടാകും. ഇതിൽ നിന്ന് 450 മി. ലിറ്റർ വരെ മാത്രമാണ് ഒരു തവണ എടുക്കുന്നത്. ശുചിത്വവും, സുരക്ഷിതവുമായ ഉപകരണങ്ങളാണ് രക്തസ്വീകരണത്തിന് ഉപയോഗിക്കുന്നത്. രക്തദാന പ്രകിയ വേദനരഹിതമാണ് എന്നുകൂടി ഓർക്കുക. ശേഖരിക്കുന്ന രക്തം 35 ദിവസം വരെ കേടുകൂടാതെ സൂക്ഷിക്കാം. 4-6 ഡിഗ്രി സെൽഷ്യസിൽ പ്രത്യേക സംവിധാനമുള്ള ഫ്രിഡ്ജിലാണ് സൂക്ഷിക്കുന്നത്.

രക്തദാനത്തിനുശേഷം അരമണിക്കൂറോളം വിശ്രമിക്കുക. ദ്രാവകരൂപത്തിലുള്ള പാനീയങ്ങൾ ധാരാളം കുടിക്കുക. രക്തദാനം ചെയ്ത ഉടൻ ലിഫ്റ്റ് ഉപയോഗിക്കാതിരിക്കുക. ഏതാനും മണിക്കൂറെങ്കിലും പുകവലി ഉപേക്ഷിക്കുക. മദ്യപിക്കണമെന്ന് നിർബന്ധമുണ്ടെങ്കിൽ (രണ്ടും പ്രോത്സാഹിപ്പി ക്കപ്പെടേണ്ട ഒന്നല്ല) രക്തദാനം ചെയ്തതിന് ഒരുദിവസത്തിനു ശേഷമേ മദ്യം ഉപയോഗിക്കാവൂ. രക്തദാനത്തിനുശേഷം സാധാരണ ജോലികൾ 12 മണിക്കൂറിനുശേഷമേ ചെയ്യാവൂ. വളരെ ചുരുക്കം പേർക്ക് തരിപ്പ്, തലചുറ്റൽ, തലകറക്കം എന്നിവ അനുഭവപ്പെടാം. ധാരാളം വെള്ളം കുടിച്ച് അതിനെ തടയാം.

### രക്തദാനം കൊണ്ടുള്ള നേട്ടങ്ങൾ

നമ്മുടെ ശാരീരിക-മാനസിക-ആത്മീയ രംഗങ്ങളിൽ വർദ്ധിതമായ നേട്ടം നൽകുന്ന ഒന്നാണ് രക്തദാനം. രക്തദാനംചെയ്യുമ്പോൾ ദാതാവിന്റെ ശരീരത്തിൽ നിന്ന് നഷ്ടമാകുന്ന രക്തം ശരീരം ഉടനെതന്നെ നിർമ്മിക്കുന്നതിനാൽ ഇവരുടെ രക്തക്കുഴലിലൂടെ ഒഴുകുന്ന രക്തം ഏറ്റവും പുതിയതും ആരോഗ്യമുള്ളതു മായിരിക്കും. കൂടാതെ രക്തദാതാവിന്റെ രക്തം നിർമ്മിക്കുന്ന സിസ്റ്റം മറ്റുള്ളവരേക്കാൾ ഊർജ്ജസ്വലമായിരിക്കും. കാരണം പുതിയ രക്താണുക്കൾ രൂപപ്പെടുന്നു. പുതിയ രക്തകോശങ്ങളും രൂപപ്പെടുന്നു.

രക്തം സ്വീകരിക്കുന്നതിനു മുമ്പ് ഡോക്ടർമാർ ആരോഗ്യസംബന്ധമായ പരിശോധനകൾ നടത്തുന്നതിനാൽ പല രോഗങ്ങളും കണ്ടെത്താൻ സഹായിക്കുന്നു. ഇതുവഴി മെഡിക്കൽ ചെക്കപ്പ് നടത്തിയ ഗുണം ലഭിക്കുന്നു. അതും സൗജന്യമായി. ഏകദേശം 1500 രൂപായോളം ചെലവുവരുന്ന ചെക്കപ്പുകളാണ് സൗജന്യമായി ലഭിക്കുന്നത്.

രക്തദാനം ചെയ്യുന്നവരിൽ ഹൃദ്രോഗം കുറഞ്ഞു കാണുന്നതായും അവരുടെ ആയുസ്സും ആരോഗ്യവും വർദ്ധിക്കുന്നതായും കണക്കുകൾ പറയുന്നു. ശരീരത്തിലെ അയൺ ബാലൻസ് നിലനിർത്താൻ രക്തദാനം സഹായിക്കുന്നു. ഹാർട്ട് അറ്റാക്ക്, അർബുദം, പക്ഷാഘാത സാധ്യതകൾ കുറയ്ക്കാനും രക്തദാനം സഹായിക്കുന്നു. കൂടാതെ രക്തത്തിലെ തോത് നിയന്ത്രിക്കുന്നതുവഴി രക്തസമ്മർദ്ദം നിയന്ത്രിക്കാനും രക്തദാനം സഹായിക്കും. കൊളസ്ട്രോൾ തോത് നിലനിർത്താനും നിയന്ത്രിക്കാനും രക്തദാനം സഹായിക്കും.

### രക്തദാന ദിനം

രക്തദാതാക്കളെ ഔദ്യോഗികമായി ആദരിച്ചില്ലെങ്കിലും അവരെ നന്ദിയോടെ സ്മരിക്കുന്നതിനുള്ള ദിവസമാണ് ജൂൺ 14. അന്നാണ് അന്താരാഷ്ട്ര രക്തദാനദിനമായി ആചരിക്കുന്നത്. 1900-ാമാണ്ടിലെ പ്രശസ്ത കണ്ടുപിടുത്തമായ രക്തഗ്രൂപ്പുകൾ ലോകത്തിനു മുമ്പിൽ അവതരിപ്പിച്ച കാൾ ലാൻഡ് സ്റ്റയ്നർ എന്ന ജർമ്മൻ ശാസ്ത്രജ്ഞന്റെ ജന്മദിനമാണന്ന്. മനുഷ്യന്റെ ആരോഗ്യചരിത്രത്തിലെ സുപ്രധാന കണ്ടുപിടുത്തങ്ങളിലൊന്നാണ് രക്തഗ്രൂപ്പുകൾ. എ, ബി, എബി.ഒ., എന്നിവയാണ് പ്രധാനഗ്രൂപ്പുകൾ, ഉപഗ്രൂപ്പുകൾ വേറെയുമുണ്ട്. മുഖ്യരക്തഗ്രൂപ്പുകളെ പോസിറ്റീവ്, നെഗറ്റീവ് എന്നിങ്ങനെ വീണ്ടും തിരിച്ചിട്ടുണ്ട്.

### പുണ്യമീ ദാനം

ജീവൻ പകരുകയാണ് ഓരോ രക്തദാനത്തിലൂടെയും ദാതാവ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ പുണ്യമാണ് ഈ ദാനം. ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി സഹജീവികളെ സഹായിക്കാനുള്ള വലിയ സാധ്യതയാണ് രക്തദാനം ഒരുക്കുന്നത്. ആരോഗ്യകരമായ ഒരു ജീവിതശൈലി രൂപപ്പെടുത്താൻ ഇത് ഉപകരിക്കും. സഹജീവികൾക്ക് പുനർജന്മം നൽകുക എന്നതിലൂടെ ഈശ്വരസായൂജ്യം തന്നെയാണ് നാം ആർജ്ജിക്കുന്നത്. ഒരു പരീക്ഷണശാലയിലും നിർമ്മിക്കാൻ കഴിയാത്ത രക്തം ദാനമെന്ന വലിയ കർമ്മത്തിലൂടെ മാത്രമേ പകർന്നുകൊടുക്കാൻ കഴിയൂ. അതിനാൽ രക്തദാനം എന്നത് അമൂല്യമായ ദാനം തന്നെയാണ്.

ഇന്നും രക്തം വില്ക്കുന്നവർ ധാരാളമുണ്ട്. മദ്യപാനാസക്തിയുള്ളവർ, മനോരോഗമുള്ളവർ, മയക്കുമരുന്നിന് അടിമയായവർ എന്നിവരൊക്കെ രക്തം വിറ്റ് കാശാക്കി ഈ മഹത്തായ ദാനത്തെ വികൃതമാക്കുന്നവരാണ്. ഇങ്ങനെയുള്ളവരെ നിരുത്സാഹപ്പെടുത്തുക തന്നെ വേണം.

### നമുക്കും രക്തദാതാക്കളാകാം.


സന്നദ്ധ രക്തദാനം ജീവിതവ്രതമായി നമുക്കു ശീലിക്കാം. സ്ഥിരമായി മൂന്നു മാസത്തിലൊരിക്കൽ നമുക്കും രക്തദാനം

ചെയ്യാം. പിറന്നാൾ, വിവാഹവാർഷികം, ജീവിതത്തിലെ അവിസ്മരണീയ നിമിഷങ്ങൾ എന്നിവയെല്ലാം രക്തം ദാനം ചെയ്തുകൊണ്ട് ആഘോഷിക്കാം.

ഒരു സന്നദ്ധരക്തദാനകലണ്ടർ ഉണ്ടാക്കി മുടങ്ങാതെ രക്തദാനം ശീലമാക്കാം. കോളേജുകളിലും, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സംഘടനകളിലും രക്തദാനസേന രൂപീകരിച്ച് സജീവമായി പ്രവർത്തിക്കണം. മറ്റുള്ളവരെയും പ്രത്യേകിച്ച് ബന്ധുക്കളേയും, സുഹൃത്തുക്കളേയും രക്തദാനം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കണം. ഇനി നമ്മുടെ നാട്ടിൽ ആർക്കും രക്തദൗർലഭ്യത്താൽ ജീവഹാനി സംഭവിക്കാതിരിക്കട്ടെ.

ഈ പുണ്യദാനത്തെ ജീവിതാവസാനത്തോളം പുണരുക തന്നെ വേണം.


**+2 എല്ലാ വിഷയത്തിനും എ+ ലഭിച്ചു**



**എൽക്കാ ആൻഡ്രൂസ്**
D/o റവ. ഫാ. ആൻഡ്രൂസ് & അനു
കടപ്പനങ്ങാട്ട് സെന്റ് തോമസ് ക്നാനായ വലിയപള്ളി, റാന്നി

**RESIDENTAL PLOTS FOR SALE CHINGAVANAM**

**1KM FROM M.C. Road, on Chingavanam -Paruthumpara Road 7 to 10 cent plots.**

***For Details Contact:***

**8075486075**

**No Brockers**

**ബാംഗ്ലൂരിൽ താമസ സൗകര്യം**

**Bangalore, Hennur St. Mary's Knanaya Syrian** പള്ളിയോട് ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ **Guest Room** മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതാണ്. **Bangalore** ൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇത് ഏറെ പ്രയോജനം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

**Vicar: + 918762592382**
**Trustee: +919538577355**
**Secretary: +919844082280**
**Vicar Fr. Jinu Mathew**

**Required for an Established Institution in Kerala**

**1. Nurses Trainers (Female)**
Eligibility: MSC & BSC Nursing With relevant experience

**2. Academic Counselor Required (Female)**
Eligibility: Have an excellent interpersonal, Communication and computer skills, Must have minimum Bachelor's degree (fresh graduates can also apply)

Eligible candidates send CV with Photo to :-
**oysternursesacademy@gmail.com**

**Oyster Nurses Academy Pvt. Ltd**
**2 nd Floor, Mohammed Haji Building,**
**Old Cheranallur Road, Opp Lulu Mall,**
Edappally, Kochi, India – 682024.
**Contact No: +91 9846644005**

## ഹൈദ്രബാദ് ക്നാനായ സെന്റ് മേരീസ് ദൈവാലയം

ഹൈദ്രബാദ് സെക്കദ്രാബാദ് ദേശത്ത് മൗലാലി എന്ന സ്ഥലത്ത് എല്ലാ ഞായറാഴ്ചകളിലും നമ്മുടെ വി. കുർബ്ബാന നടത്തിവരുന്നു. ഈ ദേശങ്ങളിൽ താമസിക്കുന്നവർ വി. കുർബ്ബാനയിൽ പങ്കെടുക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വികാരി: 9495944487 ട്രസ്റ്റി: 9491116425 സെക്രട്ടറി: 7981261917


---

**40 – ാം ചരമദിനം**
**10- 09-2018**



**കുഞ്ഞമ്മ മാത്യു**

**7th Death Anniversary**
**01- 09-2018**



**ജോസ് കെ. മാത്യു**

**കിഴക്കേമുറിയിൽ കളത്തിൽ**
**ഐത്തല, റാന്നി**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ*

**സന്തപ്തകുടുംബാംഗങ്ങൾ**

---

**23rd Death Anniversary**
**20-09-2018**




**Chandy Thomas**
(Thomachan)

**2nd Death Anniversary**
**19-10-2018**



**Chinnamma Thomas**
(Baby)

**10th Death Anniversary**
**11-09-2018**



**Dyna Thomas**
(Dyna mol)

**Vadakkethalackal, S. Puram, Kurichy**

**Sorrowing Family**



# യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ

**ഒരു വിശ്വാസി കുറിച്ചി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ

**ഒരു വിശ്വാസി തിരുവനന്തപുരം**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി**

**3 – ാം ചരമവാർഷികം**
**16- 06 - 2018**

**21 – ാം ചരമവാർഷികം**
**23- 09- 2019**





**പി. എസ്. ഏബ്രഹാം**

**ലിസ്സി ഏബ്രഹാം**

**പുത്തൻപുരയിൽ, കുറിച്ചി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*

സന്തപ്ത കുടുംബാംഗങ്ങൾ

**28th Death Anniversary**
**27- 09- 2018**



## LISSY THOMAS

**Kadaketh Happy Villa**

**Vaikom, Ranny**

Inserted by
Sorrowing family

**16th Death Anniversary**
**06-10 -2018**

**15th Death Anniversary**
**11-10 2018**





**Chinnamma Chacko**

**C.C. Idicula (Babu)**


**Chiramel**
**Pavukkara, Mannar**

" Till we meet on that beautiful Shore"

***Sorrowing family***

9 – ാം ചരമവാർഷികം

15- 09-2018



**പി. ഐ. ഏബ്രഹാം**


**പുളിക്കാവിൽ**

**ഇരവിപേരൂർ, തിരുവല്ല**

Inserted By: Baby, Molly, Thampi, Thankamma & their families

15 – ാം ചരമവാർഷികം

11- 09-2018



**Er. P.C. Jacob (ജേക്കബ്കുട്ടി)**

**പുറത്തയിൽ, കോഴിമല**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

സന്തപ്ത കുടുംബാംഗങ്ങൾ

2 – ാം ചരമവാർഷികം

14 - 09 - 2018



**ഏലിക്കുട്ടി മാത്യു**

**പുത്തൻപറമ്പിൽ**

**ചിങ്ങവനം**

*സന്തപ്തകുടുംബാംഗങ്ങൾ*

8 – ാം ചരമവാർഷികം

28- 09-2018



**അമ്മിണി മാത്യു**

**കൂടത്തിൽ, തെങ്ങേലി**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

**സന്തപ്തകുടുംബാംഗങ്ങൾ**

56 –ാം ചരമവാർഷികം
07- 09 - 2018

10 –ാം ചരമവാർഷികം
12- 06- 2018



**പി. എം. സ്കറിയാ** **ഏലിക്കുട്ടി സ്കറിയാ**

**കൊച്ചുമംഗര, പുറ്റടി**

*നിത്യതയുടെ തീരത്ത് വീണ്ടും*
*കാണാമെന്നുള്ള പ്രത്യാശയോടെ*

സന്തപ്ത കുടുംബാംഗങ്ങൾ

16 –ാം ചരമവാർഷികം
16- 09-2018



**ശോശാമ്മ കുറിയാക്കോസ്**

**മാവേലിൽ, ചിങ്ങവനം**

**ലീലാമ്മയും, മക്കളും, കൊച്ചുമക്കളും**

21 –ാം ചരമവാർഷികം
01- 09-2018




**ചാക്കോ ഏബ്രഹാം**
**ആനിക്കൽ**
**വാകത്താനം, ഞാലിയാകുഴി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

സന്തപ്ത കുടുംബാംഗങ്ങൾ

14 –ാം ചരമവാർഷികം
13- 09-2018



**സി.എ. ചാക്കോ (ബേബി)**
**തൈപ്പറമ്പിൽ**
**നിലമ്പൂർ**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

സന്തപ്ത കുടുംബാംഗങ്ങൾ

**7 – ാം ചരമവാർഷികം**

**15- 09-2018**



## Ginu A. Jacob (Jeena)

**Elappunkal, Houston, U.S.A.**

കണ്ടു കൊതിതീരും മുമ്പേ, സ്നേഹിച്ച് മതിവരും മുമ്പേ, ഞങ്ങളിൽ നിന്നു വേർപെട്ടുപോയ, ഞങ്ങളുടെ പ്രിയപ്പെട്ട മമ്മിയെ ഇനി നിത്യതയുടെ തീരത്ത് കാണാമെന്ന പ്രത്യാശയോടെ

Inserted by: Gigy & Anju
Joshua Jacob (Son)
Crystal Jacob (Daughter)

**1st Birthday in Heaven**

**24- 09- 2018**



## കെ. എം. കുരുവിള (കുഞ്ഞച്ചൻ)

**കിഴക്കേമുട്ടത്തിൽ**

**വേഴപ്രാ**

*സന്തപ്തകുടുംബാംഗങ്ങൾ*

**6th Death Anniversary**

**11- 09-2018**



## K.A. Abraham

(Retd. Dy. Collector)


**Kalluvettamkuzhy**

**Kottayam**

**Sorrowing family**

**13 – ാം ചരമവാർഷികം**

**14- 09-2018**



## പി.കെ. ഇടിക്കുള

**പുന്നാറ്റുശ്ശേരിൽ**

**നന്നാട്, തിരുവൻവണ്ടൂർ**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

**സന്തപ്തകുടുംബാംഗങ്ങൾ**

**40–ാം ചരമദിനം**
**11 - 09 - 2018**



**ചാച്ചിക്കുട്ടി സ്കറിയാ**
**തെക്കേകരോട്ട്**
**ചിങ്ങവനം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**2–ാം ചരമവാർഷികം**
**22 - 08 - 2018**



**ചിന്നമ്മ ചാക്കോ**
**കരിയിൽ**
**ചോഴിയക്കാട്**
*സന്തപ്ത കുടുംബാംഗങ്ങൾ*

**13–ാം ചരമവാർഷികം**
**01 - 10 - 2018**



**തങ്കമ്മ ചാക്കോ**
**തോമ്പുമണ്ണിൽ**
**അഞ്ചാനി, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**17–ാം ചരമവാർഷികം**
**08- 09 - 2018**



**അമ്മിണി ഉതുപ്പാൻ**
**വാളംപറമ്പിൽ**
**നീലംപേരൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**16–ാം ചരമവാർഷികം**
**23 - 09 - 2018**




**പി. സി. ജേക്കബ്** (പാപ്പച്ചൻ)
**വളഞ്ഞംതുരുത്തിൽ**
**പ്ലാച്ചേരി, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**8th Death Anniversary**
**30- 09- 2018**




**M. K. KURUVILLA**
**(Kunjachan)**
**Memanakaleekal**
**Thiruvanvandoor**
Sorrowing family

**34–ാം ചരമവാർഷികം**
**01 - 09 - 2018**




**കെ. റ്റി. ഉണ്ണിട്ടൻ** (ഉണ്ണിക്കുഞ്ഞ്)
**കുന്നിരിയ്ക്കൽ,**
**ചേത്തയ്ക്കൽ, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**25–ാം ചരമവാർഷികം**
**27-08-2018**



**കെ. പി. തോമസ് (ബേബി)**
**കുന്നുകണ്ടത്തിൽ**
**കുറ്റൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**20–ാം ചരമവാർഷികം**
**10 - 09 - 2018**



**കെ. ഫിലിപ്പ്**
**കുറ്റിശ്ശേരിൽ**
**ചിങ്ങവനം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**14–ാം ചരമവാർഷികം**
**08 - 09 - 2018**



**പി. സി. ചാക്കോ**
**പടിയറ,**
**കോഴിമല**
*സന്തപ്ത കുടുംബാംഗങ്ങൾ*

**7–ാം ചരമവാർഷികം**
**21 - 09 - 2018**



**അമിതാ സാബു**
**വടക്കേമുറിയിൽ**
**ഐത്തല, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**30–ാം ചരമവാർഷികം**
**14- 09- 2018**



**മറിയാമ്മ ഇട്ടിയവിര**
**ഈശ്വരൻപറമ്പിൽ**
**കുറിച്ചി**
*സന്തപ്ത കുടുംബാംഗങ്ങൾ*



# 21 –ാം ചരമ വാർഷികം

14 – 09 – 2018

## സിൽജിമോൾ

**D/o സാബു & കുഞ്ഞുമോൾ**

പുറയാറ്റ്, കുഴിമറ്റം

"ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി"

*സാബു & കുഞ്ഞുമോൾ*

Advt - R



# 13 –ാം ചരമ വാർഷികം

30 – 09 – 2018

## പി. പുന്നൂസ്

(കുഞ്ഞവറാച്ചൻ)

ആശാൻ പറമ്പിൽ

തൈമറവുങ്കര, വെസ്റ്റ് ഓതറ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

ഭാര്യ – ബേബിക്കുട്ടി
മക്കൾ – ഷൈൻ, ഷിജ, ഷിനു
മരുമക്കൾ – റാണി, റോമി, നീതു
കൊച്ചുമക്കൾ – അനിക്കാ, നോഹയിൻ, ഗബ്രിയേൽ, റേച്ചൽ, ഹെസ്സൽ

Advt - R


Registered No. KL/CHC/29/2018-20
Published on 15 September 2018

KNANAYA DEEPAM
Chingavanam

RNI No. KERBIL/2006/19210
Vol. 28, Issue: 11 ` 10

# 40 – ാം ചരമദിനം

28 – 09 – 2018



# രാജൻ (മാത്യു പുളിമൂട്ടിൽ)

## PULIMOOTTIL, CHELLAKKAD, RANNY

Here is my servant, whom I uphold, my chosen one in whom I delight; I will put my spirit on him, and he will bring justice to the nations (Isaiah 42:1)

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

Printed And Published By **FR. JOHN MATHEW MOOLAMKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam.
Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**